20
ജൂലൈ 2024
ശനി
1446 മുഹറം 14
1199 കർക്കിടകം 05
പേജ് 10
അബുദാബി

ഗൾഫ് ചന്ദ്രിക
https://gulf-chandrika.com/

# ഗൾഫ് ചന്ദ്രിക

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം
Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal

facebook.com/ @gulfchandrika
instagram.com/ @gulfchandrika
youtube/ @gulfchandrika



## ന്യൂനമർദ്ദപ്പാത്തി: നാല് ജില്ലകളിൽ യെല്ലോ അലർട്ട്

തിരുവനന്തപുരം:ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ ഇന്ന് സംസ്ഥാനത്തെ നാല് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് യെല്ലോ അലർട്ട് നൽകി.

കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിലാണ് യെല്ലോ അലർട്ടുള്ളത്. നാളെ കണ്ണൂർ, കാസർകോട് ജില്ലകളിൽ യെല്ലോ അലർട്ടുണ്ട്. വടക്കൻ കേരള തീരം മുതൽ തെക്കൻ ഗുജറാത്ത് തീരം വരെ ന്യൂനമർദ്ദപ്പാത്തി സ്ഥിതി ചെയ്യുന്നുണ്ട്.

വടക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ കഴിഞ്ഞ ദിവസം രൂപപ്പെട്ട ന്യൂനമർദം ശക്തിയാർജിച്ച് തീവ്ര ന്യൂനമർമായി. ഇന്ന് ഒഡിഷ തീരത്ത് കരയിൽ പ്രവേശിക്കാനാണ് സാധ്യത. വടക്കൻകേരളത്തിൽ തുടരുന്ന അതിശക്ത മഴയ്ക്ക് നാളെയോടെ ശമനമുണ്ടാകും. എങ്കിലും അടുത്ത അഞ്ചു ദിവസം കേരളത്തിൽ സാധാരണ നിലയിലുള്ള മഴ ലഭിക്കാനാണ് സാധ്യത.

കനത്ത മഴയെത്തുടർന്ന് വയനാട് ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് ജില്ലാ കലക്ടർ അവധി പ്രഖ്യാപിച്ചു. പ്രൊഫഷണൽ കോളജുകൾ, അംഗൻവാടികൾ, ട്യൂഷൻ സെന്ററുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവധിയായിരിക്കും. മുൻകൂട്ടി നിശ്ചയിച്ച പരീക്ഷകൾക്കും പി.എസ്.സി. പരീക്ഷകൾക്കും അവധി ബാധകമല്ല.

## മ്യാൻമർ: തട്ടിപ്പിനിരയായ 11 പേർ ഇന്ത്യയിലേക്ക് മടങ്ങും


യാങ്കോൺ: മ്യാൻമറിൽ തൊഴിൽ തട്ടിപ്പിനിരയായവർ ഉടൻ രാജ്യത്തേക്കു മടങ്ങുമെന്ന് യാങ്കോണിലെ ഇന്ത്യൻ എംബസി അറിയിച്ചു. 11 പേരാണ് ഇന്ത്യയിലേക്കു മടങ്ങുക. മ്യാൻമറിലെ മ്യാവഡിയിലുള്ള ഷ്വേ കോക്കോയിലാണ് ഇവർ തൊഴിൽ തട്ടിപ്പിനിരയായതെന്ന് ഇന്ത്യൻ എംബസി അറിയിച്ചു. മ്യാൻമാർ അധികൃതരുടെ സഹായത്തോടെയാണ് ഇവരെ രക്ഷിച്ചതെന്ന് ഇന്ത്യൻ എംബസി എക്സിൽ പോസ്റ്റ് ചെയ്ത കുറിപ്പിൽ പറയുന്നു.

# വിൻഡോസിന് പാളി

## ലോകത്തിന് ആധി

### വിൻഡോസിന് എന്തു പറ്റി

വിൻഡോസ് കമ്പ്യൂട്ടറുകളിൽ സുരക്ഷയുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുന്നതിനായി ഉപയോഗിക്കുന്ന ഫാൽക്കൺ സെൻസർ അപ്ഡേറ്റ് ഇൻസ്റ്റാൾ ചെയ്തതോടെയാണ് പ്രശ്നം ആരംഭിച്ചതെന്നാണ് കണ്ടെത്തൽ. ഈ സൈബർ സുരക്ഷാ സേവനം ഉപയോഗിക്കുന്നവരെയാണ് ഈ പ്രശ്നം ബാധിക്കുക. സൈബർ സുരക്ഷാ സ്ഥാപനമായ ക്ലൗഡ് സ്ട്രൈക്കിന്റേതാണ് ഫാൽക്കൺ സെൻസർ. വാണിജ്യ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടറുകളിൽ സുരക്ഷാ വിവരങ്ങൾ ശേഖരിക്കുന്നതിന് വേണ്ടിയുള്ള ക്രൗഡ് സ്ട്രൈക്കിന്റെ ഫാൽക്കൺ സെൻസർ ഇൻസ്റ്റാൾ ചെയ്ത കംപ്യൂട്ടറുകളാണ് തകരാറിലായത്. തകരാറിലായ കമ്പ്യൂട്ടറുകളിൽ ബ്ലൂ സ്ക്രീൻ ഓഫ് ഡെത്ത് (ബി.എസ്ഒ.ഡി.) എറർ മുന്നറിയിപ്പാണ് കാണുന്നത്. കമ്പ്യൂട്ടറുകൾ അപ്രതീക്ഷിതമായി ഷട്ട് ഡൗൺ ആവുകയും റീസ്റ്റാർട്ട് ആവുകയും ശേഷം ബ്ലൂ സ്ക്രീൻ മുന്നറിയിപ്പ് കാണിക്കുകയുമാണ് ചെയ്യുന്നത്. ഫാൽക്കൺ സെൻസറിന്റേതാണ് പ്രശ്നമെന്ന് ക്രൗഡ് സ്ട്രൈക്ക് കണ്ടെത്തിയിട്ടുണ്ട്. പ്രശ്നം പരിഹരിക്കാനുള്ള ശ്രമത്തിലാണ് കമ്പനി.




- 'വിൻഡോസ് പ്രശ്നം' ആഗോളതലത്തിൽ ആശങ്ക
- ബാങ്കിങ്, വിമാന, ഓഹരി സർവീസുകൾ തടസപ്പെട്ടു

ന്യൂഡൽഹി: മൈക്രോസോഫ്റ്റിന്റെ ക്ലൗഡ് സേവനങ്ങളിലെ തകരാറിനെ തുടർന്ന് ആഗോളതലത്തിൽ വിവിധ സേവനങ്ങൾ തടസപ്പെട്ടു. ഇന്ത്യയിലടക്കം വിമാന സർവീസുകളേയും ബാങ്കുകളേയും ഓഹരി വിപണിയേയും പ്രശ്നം ബാധിച്ചു. ഇന്ത്യയിൽ എ.ടി. എമ്മുകളേയും പ്രശ്നം ബാധിച്ചിട്ടുണ്ട്. ഡൽഹി, മുംബൈ, ബെംഗളൂരു, കൊച്ചി, തിരുവനന്തപുരം വിമാനത്താവളങ്ങളിൽ വിവിധ വ്യോമയാന കമ്പനികളുടെ പ്രവർത്തനങ്ങൾ തടസപ്പെട്ടു. തിരുവനന്തപുരം വിമാനത്താവളത്തിൽ ഇൻഡിഗോ എയർലൈൻസിന്റെ ചെക്ക് ഇൻ നടപടികളെ മാത്രമേ ബാധിച്ചിട്ടുള്ളൂവെന്നാണ് അധികൃതർ അറിയിച്ചത്.

ഇൻഡിഗോ ഉൾപ്പെടെ സർവീസുകൾ എല്ലാം കൃത്യ സമയത്ത് നടക്കുന്നുണ്ടെന്നും വാർത്താക്കുറിപ്പിൽ വ്യക്തമാക്കി. നെടുമ്പാശ്ശേരിയിൽ നിന്നുള്ള ആറ് വിമാനങ്ങൾ വൈകി. ഇവിടെനിന്ന് പുറപ്പെടേണ്ട വിമാനങ്ങളാണ് വൈകിയത്. ബെംഗളൂരുവിലേക്ക് ഉൾപ്പെടെയുള്ള ആഭ്യന്തര സർവീസുകളാണ് വൈകിയത്. ഇൻഡിഗോയുടെ 192 സർവീസുകൾ റദ്ദാക്കി. ഫ്ളൈറ്റ് റീബുക്കിങ്ങിനോ റീഫണ്ടിനോയുള്ള ഓപ്ഷൻ താത്ക്കാലികമായി ലഭ്യമല്ല. വിഷയം തങ്ങളുടെ നിയന്ത്രണത്തിന് അതീതമാണെന്നും ഇൻഡിഗോ എയർലൈൻസ് വ്യക്തമാക്കി. റദ്ദാക്കിയ 192 വിമാനങ്ങളിൽ കൊച്ചി, കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളങ്ങളിൽ നിന്നുള്ള സർവീസുകളും ഇതിൽ ഉൾപ്പെടും.കൈയ്യക്ഷരത്തിൽ തയ്യാറാക്കിയ ബോർഡിങ് പാസാണ് ഇൻഡിഗോ അടക്കമുള്ള വിമാന ക്കമ്പനികൾ യാത്രക്കാർക്ക് നൽകി വരുന്നത്. പേരും യാത്ര ആരംഭിക്കുന്ന സ്ഥലവും പോകേണ്ട സ്ഥലവുമുൾപ്പെടെയുള്ള വിവരങ്ങൾ ബോർഡിങ് പാസിൽ എഴുതി നൽകുകയാണ്.


വിമാനനമ്പർ, സീറ്റ് നമ്പർ, ബോർഡിങ് സമയം ഉൾപ്പെടെ എഴുതിയാണ് നൽകുന്നത്. തങ്ങളുടെ ഓൺലൈൻ സേവനങ്ങൾ തടസ്സപ്പെട്ടുവെന്നും പ്രശ്നം പരിഹരിക്കാൻ ശ്രമം തുടരുകയാണെന്നും വിവിധ വിമാനക്കമ്പനികൾ മുന്നറിയിപ്പ് നൽകി ലോകമെമ്പാടും വിമാനത്താവളങ്ങളിൽ വലിയ ക്യൂവാണ് രൂപപ്പെടുന്നത്. ആഗോളതലത്തിൽ വിവിധ വാണിജ്യ സ്ഥാപനങ്ങളുടെയും സേവനങ്ങളുടെയും പ്രവർത്തനങ്ങൾ തടസപ്പെട്ടിട്ടുണ്ട്. യു.എസിൽ വിവിധ വിമാനക്കമ്പനികളുടെ പ്രവർത്തനങ്ങൾ തടസപ്പെട്ടു. വിമാന സർവീസുകൾ നിർത്തിവെച്ചു. ഓസ്ട്രേലിയയിലാണ് പ്രശ്നം കൂടുതൽ രൂക്ഷം. ഓസ്ട്രേലിയയിൽ ആഭ്യന്തര, അന്തർദേശീയ വിമാനങ്ങളുടേ സേവനങ്ങൾ തടസപ്പെട്ടു. ബാങ്കുകളുടേയും സൂപ്പർ മാർക്കറ്റുകളുടേയും ടെലി കമ്യൂണിക്കേഷൻ സ്ഥാപനങ്ങളുടേയും പ്രവർത്തനത്തെ കമ്പ്യൂട്ടർ പ്രശ്നം ബാധിച്ചു. ന്യൂസിലൻഡിലും സമാന സ്ഥിതിയാണ്.

ന്യൂസിലൻഡ് പാർലമെന്റ് പ്രവർത്തനവും തടസ്സപ്പെട്ടു. ലണ്ടൻ സ്റ്റോക്ക് എക്സേഞ്ചിനേയും പ്രശ്നം ബാധിച്ചിട്ടുണ്ടെന്നാണ് റിപ്പോർട്ട്. ബ്രിട്ടീഷ് ന്യൂസ് ചാനലായ സ്കൈ ന്യൂസ് സംപ്രേഷണം നിർത്തിവെച്ചു. ബ്രിട്ടനിൽ റെയിൽ ഗതാഗതത്തിനും തടസ്സങ്ങൾ നേരിടുന്നുണ്ട്. ബ്രിട്ടനിലെ സൂപ്പർ മാർക്കറ്റ് ശൃംഖലകളും പ്രശ്നം റിപ്പോർട്ട് ചെയ്യുന്നുണ്ട്. യൂറോപ്പിൽ ബർലിൻ, ആസ്റ്റർഡാം വിമാനത്താവളങ്ങളിൽ വിമാന സർവീസ് നിർത്തിവെച്ചു.

ഇന്ത്യയിൽ ഇൻഡിഗോ, ആകാശ, സ്പൈസ്ജെറ്റ്, എയർ ഇന്ത്യ എക്സ്പ്രസ് തുടങ്ങിയ കമ്പനികളുടെ ചെക്ക് ഇൻ ജോലികൾ താറുമാറായി. ബുക്കിങ്, ചെക്ക് ഇൻ, ബുക്കിങ് സേവനങ്ങൾ കൈകാര്യം ചെയ്യൽ എന്നിവയാണ് താൽകാലികമായി തടസപ്പെട്ടതെന്ന് ആകാശ എയർലൈൻസ് അധികൃതർ പറയുന്നു. യാത്രക്കാരുടെ സമ്മർദ്ദത്തെ തുടർന്ന് മാന്വൽ ചെക് ഇൻ നടപടികളിലേക്ക് മാറിയിരിക്കുകയാണ് കമ്പനികൾ. പല വിമാനക്കമ്പനികളും ബോർഡിങ് പാസ് എഴുതിയാണ് നൽകുന്നത്. മറ്റ് കമ്പനികളും ഉപഭോക്താക്കളോട് ഖേദം പ്രകടിപ്പിച്ചിട്ടുണ്ട്.



മൈക്രോസോഫ്റ്റിന്റെ ക്ലൗഡ് സേവനങ്ങളിലെ തകരാറിനെ തുടർന്ന് വിമാനം റദ്ദാക്കിയതോടെ ഹോങ്കോങ് വിമാനത്താവളത്തിൽ അനുഭവപ്പെട്ട തിരക്ക്



യുഎഇ പ്രസിഡന്റ് ശൈഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനുമായി ദുബൈ കിരീടാവകാശിയും ഉപപ്രധാനമന്ത്രിയും പ്രതിരോധ മന്ത്രിയുമായ ശൈഖ് ഹംദാൻ ബിൻ മുഹമ്മദ് കൂടിക്കാഴ്ച നടത്തുന്നു

# യുഎഇ പ്രസിഡന്റുമായി ശൈഖ് ഹംദാൻ കൂടിക്കാഴ്ച നടത്തി

### ദേശീയ വിഷയങ്ങളും പൗരന്മാരുടെ ക്ഷേമ കാര്യങ്ങളും ചർച്ച ചെയ്തു

അബുദാബി: പ്രസിഡന്റ് ശൈഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനുമായി ദുബൈ കിരീടാവകാശിയും ഉപപ്രധാനമന്ത്രിയും പ്രതിരോധ മന്ത്രിയുമായ ശൈഖ് ഹംദാൻ ബിൻ മുഹമ്മദ് കൂടിക്കാഴ്ച നടത്തി. വൈസ് പ്രസിഡന്റും ഉപപ്രധാനമന്ത്രിയും പ്രസിഡൻഷ്യൽ കോടതി ചെയർമാനുമായ ശൈഖ് മൻസൂർ ബിൻ സായിദ് അൽ നഹ്യാൻ യോഗത്തിൽ പങ്കെടുത്തു. കൂടിക്കാഴ്ചയിൽ സൗഹാർദപരമായ സംഭാഷണത്തിൽ ഏർപ്പെട്ടു. ഉപപ്രധാനമന്ത്രിയായും പ്രതിരോധ മന്ത്രിയായും അടുത്തിടെ നിയമിതനായ ശൈഖ് ഹംദാൻ ബിൻ മുഹമ്മദിനെ രാഷ്ട്രപതി അഭിനന്ദിച്ചു.

ജനങ്ങളെയും രാജ്യത്തെയും സേവിക്കുന്നതിലും അതിന്റെ പുരോഗതി വളർത്തുന്നതിലും വിജയിക്കട്ടെയെന്ന് ആശംസിച്ചു. അബുദാബി ഡെപ്യൂട്ടി ഭരണാധികാരിയും ദേശീയ സുരക്ഷാ ഉപദേഷ്ടാവുമായ ശൈഖ് തഹ്നൂൻ ബിൻ സായിദ് അൽ നഹ്യാൻ പങ്കെടുത്ത യോഗത്തിൽ ദേശീയ കാര്യങ്ങളും യുഎഇ പൗരന്മാരുടെ ക്ഷേമവും സംബന്ധിച്ച നിരവധി വിഷയങ്ങൾ ചർച്ച ചെയ്തു. കഠിനമായ പരിശ്രമങ്ങളിലൂടെയും സംഭാവനകളിലൂടെയും രാജ്യത്തിന്റെ സ്ഥാപക നേതാക്കളുടെ പാരമ്പര്യം ഉയർത്തിപ്പിടിക്കാൻ അദ്ദേഹം പ്രതിജ്ഞയെടുത്തു. ദേശീയ നേട്ടങ്ങൾ സംരക്ഷിക്കുന്നതിനും രാജ്യത്തിന്റെ അന്തസ്സ് ഉയർത്തുന്നതിനും ജനങ്ങളുടെ അഭിലാഷങ്ങൾ നിറവേറ്റുന്നതിനും വരും തലമുറകൾക്ക് കൂടുതൽ സമ്പന്നമായ ഭാവി സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ട് രാജ്യത്തിന്റെ വികസന യാത്ര തുടരുന്നതിനും അദ്ദേഹം പ്രതിജ്ഞാബദ്ധനായിരുന്നു.

# അർജുനായി പ്രാർത്ഥനയോടെ

## നദിയുടെ അടിത്തട്ടിൽ ലോറിയില്ലെന്ന് നേവി



അങ്കോലയിൽ മണ്ണിനടിയിൽ അകപ്പെട്ട അർജുന്റെ അമ്മ ഷീല കോഴിക്കോട് ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിങ്നോട് സംസാരിക്കുന്നു. ഭാര്യ കൃഷ്ണ പ്രിയ, സഹോദരി അഞ്ജു എന്നിവർ സമീപം

ഷിരൂർ/ കോഴിക്കോട്: കർണാടകയിലെ ഷിരൂരിൽ ദേശീയപാതയിലുണ്ടായ വൻ മണ്ണിടിച്ചിലിൽ അപകടത്തിൽപ്പെട്ട കോഴിക്കോട് സ്വദേശി ലോറി ഡ്രൈവർ അർജുനെ കണ്ടെത്താനുള്ള രക്ഷാപ്രവർത്തനം ഊർജിതമായി തുടരുന്നു. ഇന്ന ലെ രാത്രി കനത്ത മഴയെ തുടർന്ന് നിർത്തിവെച്ച തിരച്ചിൽ ഇന്ന് രാ വിലെ അഞ്ചു മണിയോടെ പുനരാരംഭിക്കും. നേവിയുടെ ഡൈവർമാർ ഗംഗാവാലി പുഴയിലിറങ്ങി നടത്തിയ പരിശോധനയിൽ അർജുൻ ഓടിച്ചിരുന്ന ലോറി നദിയുടെ അടിത്തട്ടിൽ ഇല്ലെന്ന് സ്ഥിരീകരിച്ചു. നേവിയുടെ ഡൈവർമാർ പുഴയിലിറങ്ങി പരിശോധിച്ചുവെന്നും ലോറി കണ്ടെത്താനായിട്ടില്ലെന്നും ഉത്തര കന്നട ജില്ലാ കലക്ടർ ലക്ഷ്മി പ്രിയ പറഞ്ഞു. മണ്ണിനടിയിൽ ലോറി ഉണ്ടോയെന്ന് ഉറപ്പുവരുത്താൻ മെറ്റൽ ഡിറ്റക്ടറുകൾ എത്തിച്ച് പരിശോധന നടത്തുന്നുണ്ട്.

റോഡിലേക്ക് ഇടിഞ്ഞ മണ്ണിനടിയിൽ ലോറി ഉണ്ടാകുമെന്നാണ് അർജുന്റെ കുടുംബത്തിന്റെ പ്രതീക്ഷ. ലോറിയുടെ ജിപിഎസ് ലോക്കേഷൻ മണ്ണിനടിയിലാണ് ഏറ്റവും ഒടുവിലായി കാണിച്ചിരുന്നത്. നേവി ഡൈവർമാർക്ക് പുറമെ 100 അംഗം എൻഡിആർഎഫ് സംഘമാണ് മണ്ണ് നീക്കിയുള്ള രക്ഷാപ്രവർത്തനത്തിൽ പങ്കാളികളായിരിക്കുന്നത്.

16 ന് രാവിലെയാണ് കൂറ്റൻ മണ്ണിടിച്ചിലിൽ പ്രദേശമാകെ തകർന്നത്. ജിപിഎസ് ലൊക്കേഷൻ പരിശോധിക്കുമ്പോൾ കഴിഞ്ഞ നാലു ദിവസമായി മണ്ണിനടിയിലാണ് മരം കയറ്റിവന്ന അർജുന്റെ ലോറി കിടക്കുന്നത്. എന്നാൽ ഓഫ് ആയിരുന്ന അർജുന്റെ ഫോൺ ഇന്നലെയും ബെല്ലടിച്ചതിൽ പ്രതീക്ഷയിലാണ് കുടുംബം. രണ്ടു ദിവസം ഫോൺ സ്വിച്ച് ഓഫ് ആയിരുന്നെങ്കിലും ഇന്നലെ രാവിലെ ഭാര്യ കൃഷ്ണപ്രിയ വിളിച്ചപ്പോൾ ഫോൺ ബെല്ലടിച്ചു. ഇതോടെ പ്രതീക്ഷകൾക്ക് വീണ്ടും ജീവൻവെച്ചു. എന്നാൽ പിന്നീട് ഫോൺ സ്വിച്ചോഫ് ആയെങ്കിലും അർജുൻ ഉറപ്പായും ജീവിതത്തിലേക്ക് തിരിച്ചുവരുമെന്ന് തന്നെയാണ് കുടുംബം കരുതുന്നത്. ഈ മാസം എട്ടിനാണ് മര ലോഡ് കൊണ്ടു വരാനായി അർജുൻ കർണാടകയിലേക്ക് പോയത്. കുടുംബത്തിന്റെ അത്താണിയായ അർജുന് പൻവേൽ -കന്യാകുമാരി ദേശീയപാത സുപരിചിതമാണ്. മണ്ണ് കല്ലും കടക്കാൻ ഇടയില്ലാത്തതരത്തിൽ സുരക്ഷാ സംവിധാനങ്ങളേറെയുള്ള കാബിനാണ് വാഹനത്തിനുള്ളത്. രക്ഷാപ്രവർത്തനം ആദ്യ ഘട്ടത്തിൽ തടസപ്പെട്ടെങ്കിലും പ്രതിസന്ധികളെല്ലാം മറികടന്ന് അസാധാരണ മനക്കരുത്തോടെ അർജുൻ ജീവിതത്തിലേക്ക് തിരിച്ചെത്തുമെന്നാണ് കുടുംബത്തിന്റെ പ്രതീക്ഷ. തിരച്ചിൽ നടക്കുന്ന ഉത്തരകന്നഡയിലെ ഷിരൂരിൽ എത്തിയ അർജുന്റെ ഭാര്യാ സഹോദരനാണ് അവിടെ രക്ഷാപ്രവർത്തനം നടക്കുന്നില്ലെന്ന് ആരോപിച്ചിരുന്നു.

ഇതേ തുടർന്ന് എഐസിസി ജനറൽ സെക്രട്ടറി കെസി വേണുഗോപാലും കോഴിക്കോട് എം.പി എം.കെ രാഘവനും വിഷയത്തിൽ കർണാടക സർക്കാറുമായി ബന്ധപ്പെടുകയും മുഖ്യമന്ത്രി സിദ്ധരാമയ്യ എഡിജിപി ഹിതേന്ദ്രയോടും ഐജിയോടും അപകടം നടന്ന സ്ഥലത്തേക്ക് ഉടനടി പോകാൻ നിർദ്ദേശം നൽകുകയും ചെയ്തു. കർണാടകയിലെ മലയാളിയായ മന്ത്രി ജോർജും ഏകോപന ചുമതല ഏറ്റെടുത്തു.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 20 ശനി
ഗൾഫ് ചന്ദ്രിക

## യുഎഇയിൽ മഴയ്ക്ക് സാധ്യത

അബുദാബി: യുഎഇയിൽ മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം. അന്തരീക്ഷം മേഘാവൃതമാകാൻ സാധ്യതയുണ്ട്. അതേസമയം രാജ്യത്ത് പലയിടത്തും ഉഷ്ണതരംഗം ഉയരാൻ സാധ്യതയുണ്ട്. അബുദാബിയിൽ താപനില 48 ഡിഗ്രിയും ദുബൈയിൽ 41 ഡിഗ്രി സെൽഷ്യസുമാണ് താപനില.

### കറൻസി മൂല്യം

1 യു.എ.ഇ ദിർഹം 22.78 ₹
1 ഒമാനി റിയാൽ 217.34 ₹
1 സൗദി റിയാൽ 22.31 ₹
1 ഖത്തർ റിയാൽ 22.93 ₹
1 കുവൈത്ത് ദിനാർ 273.65 ₹
1 ബഹ്റൈൻ ദിനാർ 221.99 ₹

### സ്വർണവില
(ഗ്രാമിന്-ദിർഹം)

24 കാരറ്റ് 293.50
22 കാരറ്റ് 271.75
21 കാരറ്റ് 263.25
18 കാരറ്റ് 225.50

## ഗൾഫ് വാർത്തകൾ

# കുവൈത്തിൽ ഗതാഗത കുരുക്കഴിക്കാൻ രണ്ടു പാലങ്ങൾ റെഡി

**റഷീദ് പയന്തോങ്ങ്**
കുവൈത്ത് സിറ്റി

കുവൈത്തിലെ ഗതാഗത കുരുക്കഴിക്കാൻ രണ്ടു പാലങ്ങൾകൂടി സജ്ജമായി. അഞ്ചാം റിംഗ് റോഡ് അവന്യൂസ് മാളിന് എതിർവശത്ത് കൂടെ കടന്ന് പോകുന്ന രണ്ട് പ്രധാന പാലങ്ങൾ ഗതാഗതത്തിന് തുറന്ന് കൊടുക്കാനൊരുങ്ങുന്നു. ദീർഘ നാളത്തെ നിർമ്മാണ കാലയളവിന് ശേഷമാണ് ജലവൈദ്യുത മന്ത്രാലയങ്ങളെ ഏകോപിപ്പിച്ചു കൊണ്ടുള്ള അടിസ്ഥാന സൗകര്യമൊരുക്കി ഇരു പാലങ്ങളും ഉത്ഘടനത്തിന് തയ്യാറെടുക്കുന്നത്.പൊതുമരാമത്ത് മന്ത്രിയും,മുനിസിപ്പൽ കാര്യ സഹ മന്ത്രിയുമായ ഡോ.നൂറ അൽ മഷാനിന്റെ മേൽനോട്ടത്തിൽ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനും സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കാനുമുള്ള വിപുലമായ ശ്രമത്തിന്റെ ഭാഗമായാണ് ഇരു പാലങ്ങളും സജ്ജമാവുന്നത്.



കുവൈത്തിൽ നിർമാണം പൂർത്തിയാക്കിയ രണ്ടു പാലങ്ങൾ




പ്രോട്ടീൻ സമ്മർ ഫിയസ്റ്റ ക്യാമ്പിനെ കുറിച്ച് ബഹറൈൻ മലപ്പുറം ജില്ലാ കെഎംസിസി ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ വിശദീകരിക്കുന്നു

## ബഹറൈൻ മലപ്പുറം ജില്ലാ കെഎംസിസി
## പ്രോട്ടീൻ സമ്മർ ഫിയസ്റ്റ നാളെ തുടങ്ങും

മനാമ: കെ.എം.സി.സി ബഹറൈൻ മലപ്പുറം ജില്ലാ കമ്മിറ്റി അവധിക്കാലത്ത് വിദ്യാർത്ഥികൾക്ക് വേണ്ടി സംഘടിപ്പിക്കുന്ന സമ്മർ ക്യാമ്പ് നാളെ മുതൽ ആഗസ്ത് 16 വരെ മനാമ കെഎംസിസി ഹാളിൽ നടക്കും. രാവിലെ എട്ടു മണി മുതൽ ഉച്ചക്ക് ഒരു മണി വരെയാണ് ക്യാമ്പ്. ഏഴു മുതൽ 15 വയസ് വരെയുള്ള കുട്ടികൾക്ക് പങ്കെടുക്കാവുന്നതാണ്. വ്യക്തിത്വ വികസനം,നേതൃപാടവം, ലൈഫ് സ്കിൽസ്,ആർട്സ്, സ്പോർട്സ്,ഫസ്റ്റ് എയ്ഡ്, ട്രോമാ കെയർ,ആർട്ടിഫിഷ്യൽ ഇന്റലിജൻസ്,ഫ്യൂച്ചർ വേൾഡ്, എന്റർപ്രണർഷിപ്പ് തുടങ്ങി വിവിധ വിഷയങ്ങളിൽ ട്രെയിനിങ് സെഷനുകൾ നടക്കും. ക്യാമ്പിന്റെ ഭാഗമായി ശിൽപശാലകൾ, ആർട്സ് ഫെസ്റ്റ്, സ്പോർട്സ് മീറ്റ്, ഗെയിംസ്, പ്രായോഗിക പരിശീലനം, മത്സരങ്ങൾ, മിനി എക്സ്പോ ടാലന്റ് ടെസ്റ്റ്, ഫാമിലി മീറ്റ് എന്നിവ സംഘടിപ്പിക്കും. രക്ഷിതാക്കൾക്ക് പ്രത്യേക സെഷനുകൾ സംഘടിപ്പിക്കുന്നുണ്ട്.

ഇന്ത്യയിൽ നിന്നുള്ള വിദഗ്ധ പരിശീലകരായ നബീൽ മുഹമ്മദ്, യഹ്‌യ മുബാറക് എന്നിവരാണ് ക്യാമ്പിന് നേതൃത്വം നൽകുന്നത്. ഇന്ന് രാത്രി 7 മണിക്ക് നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ കെഎംസിസി സംസ്ഥാന നേതാക്കൾ പങ്കെടുക്കും. ഉദ്ഘാടന ചടങ്ങിന് ശേഷം വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുമുള്ള ഓറിയന്റേഷൻ ക്ലാസ് നടക്കുമെന്നും മലപ്പുറം ജില്ലാ കെഎംസിസി ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. സമ്മർ ക്യാമ്പിന് കുട്ടികളെ രജിസ്റ്റർ ചെയ്യാൻ താൽപര്യമുള്ള രക്ഷിതാക്കൾ 33674020,33165242,36061310 എന്നീ നമ്പറുകളിൽ ബന്ധപ്പെടണമെന്ന് സംസ്ഥാന ആക്ടിങ് ജനറൽ സെക്രട്ടറി ഗഫൂർ കൈപ്പമംഗലം,ജില്ലാ പ്രസിഡന്റ് ഇക്ബാൽ താനൂർ, ആക്ടിങ് ജനറൽ സെക്രട്ടറി വി.കെ റിയാസ്, ഭാരവാഹികളായ ഉമ്മർ കൂട്ടിലങ്ങാടി , മുജീബ് ആഡ്വവെൽ, നൗഷാദ് മുനീർ, കെ.ആർ ശിഹാബ് എന്നിവർ അറിയിച്ചു.



ഖത്തർ ഇൻകാസ് കോഴിക്കോട് ജില്ലാ കമ്മിറ്റി അൽ അബീർ മെഡിക്കൽ സെന്ററുമായി സഹകരിച്ചു നടത്തിയ സൗജന്യ ഫാമിലി മെഡിക്കൽ ക്യാമ്പിൽ നിന്നും

## ഉമ്മൻചാണ്ടിയുടെ ഓർമദിനത്തിൽ
## ഇൻകാസ് മെഡിക്കൽ ക്യാമ്പ് നടത്തി

ദോഹ: ജനപ്രിയ നേതാവും മുൻ കേരള മുഖ്യമന്ത്രിയുമായിരുന്ന ഉമ്മൻചാണ്ടിയുടെ ഒന്നാം ഓർമ ദിനത്തിൽ ഖത്തർ ഇൻകാസ് കോഴിക്കോട് ജില്ലാ കമ്മിറ്റി അൽ അബീർ മെഡിക്കൽ സെന്ററുമായി സഹകരിച്ചു പ്രവാസി കുടുംബങ്ങൾക്ക് വേണ്ടി സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. 300 ഓളം ആളുകൾ പങ്കെടുത്ത മെഡിക്കൽ ക്യാമ്പിൽ സൗജന്യ രക്തപരിശോധന, ഡോക്ടർ കൺസൾട്ടേഷൻ, ദന്ത പരിശോധന എന്നിവ നടന്നു. സ്വന്തം ജീവിതം പൊതുജന സേവനത്തിനായി ഉഴിഞ്ഞുവെച്ച, പാവപ്പെട്ട ജനതയെ ഹൃദയത്തോട് ചേർത്ത് നിർത്തിയ നേതാവായിരുന്നു ഉമ്മൻ ചാണ്ടിയെന്നും അദ്ദേഹത്തെ ഓർക്കുന്ന ദിനത്തിൽ പ്രവാസി കുടുംബങ്ങൾക്കായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ച ഇൻകാസ് കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ പ്രവർത്തനം മാതൃകാപരമാണെന്നും ക്യാമ്പ് ഉദ്ഘാടനം ചെയ്ത ഇന്ത്യൻ എംബസി അപെക്സിബോഡി അംഗം ഐസിസി പ്രസിഡന്റ് എ.പി മണികണ്ഠൻ പറഞ്ഞു.

ഇൻകാസ് കോഴിക്കോട് ജില്ലാ പ്രസിഡന്റ് വിപിൻ മേപ്പയ്യൂർ അധ്യക്ഷനായി. പ്രവാസികളിൽ ഉണ്ടാകുന്ന രോഗങ്ങളെ കുറിച്ചും അതിൽ സ്വീകരിക്കേണ്ട മുൻകരുതലുകളെ കുറിച്ചും കാർഡിയോളജി വിഭാഗം മേധാവി ഡോ. പ്രീതംകുമാർ ഫ്രാൻസിസ് ആരോഗ്യ ബോധവത്ക്കരണം നടത്തി. ഖത്തർ ഇൻകാസ് നേതാക്കളായ കെ.കെ ഉസ്മാൻ, ജോപ്പച്ചൻ , സിദ്ദിഖ് പുറായിൽ,ഹൈദർ ചുങ്കത്തറ, ഷാനവാസ് ഷെറാട്ടൺ , അബ്ബാസ് സി.വി,ആരിഫ് പയന്തോങ്,ഐസിഎഫ് മാനേജ്മെന്റ് കമ്മിറ്റി അംഗം റഊഫ് കൊണ്ടോട്ടി,ഇൻകാസ് കണ്ണൂർ പ്രസിഡന്റ് ഷമീർ മട്ടന്നൂർ,ജനറൽ സെക്രട്ടറി പിയാസ് മേച്ചേരി,സഞ്ജയ് രവീന്ദ്രൻ,സന്തോഷ്,സുനിൽകുമാർ,കെഎംസിസി കോഴിക്കോട് ജില്ലാ ജനറൽ സെക്രട്ടറി ആതിഖ്, ട്രഷറർ അജ്മൽ തേങ്ങലക്കണ്ടി, വനിതാവിങ് ജില്ലാ പ്രസിഡന്റ് സ്നേഹ സരിൻ എന്നിവർ പ്രസംഗിച്ചു. ജില്ലാ കമ്മിറ്റി ഭാരവാഹികൾ,എക്സികുട്ടീവ് അംഗങ്ങൾ, നിയോജക മണ്ഡലം ഭാരവാഹികൾ,വനിതാ വിങ് നേതാക്കൾ എന്നിവർ നേതൃത്വം നൽകി. കോഴിക്കോട് ജില്ലാ ജനറൽ സെക്രട്ടറി മുഹമ്മദലി വാണിമേൽ സ്വാഗതവും ട്രഷറർ ഹരീഷ് കുമാർ നന്ദിയും പറഞ്ഞു.

## രാജ പക്ഷികളുടെ വിരുന്നൊരുക്കി ഫുജൈറ രാജകുമാരൻ

### ഫാൽക്കൺ പക്ഷികളുടെ വിസ്മയ കാഴ്ചകളൊരുക്കി ഫാൽകോണറി ചാമ്പ്യൻഷിപ്പ്

**പി. നിഷാദ്**
ഫുജൈറ



യുഎഇയുടെ ദേശീയ ചിഹ്നമായ ഫാൽക്കൺ പക്ഷികളുടെ വിസ്മയ കാഴ്ചകളൊരുക്കി ഫുജൈറയിൽ ശൈഖ് മക്തൂം ബിൻ ഹമദ് അൽ ശർഖിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട ആറാമത് മക്തൂം ഫാൽകോണറി ചാമ്പ്യൻഷിപ് സമാപിച്ചു. 2017 ലായിരുന്നു ശൈഖ് മക്തൂം ബിൻ ഹമദ് ശർഖിയുടെ നേതൃത്വത്തിൽ ഫുജൈറയിൽ ഫാൽകോണറി ചാമ്പ്യൻഷിപ് ആരംഭിച്ചത്. ധീരതയുടെയും ശക്തിയുടെയും പ്രതീകമായ ഫാൽക്കൺ പക്ഷിയെയാണ് യുഎഇ തങ്ങളുടെ ദേശീയ പക്ഷിയായി നിശ്ചയിച്ചിരിക്കുന്നത്.

വിവിധ ഇനം ഫാൽക്കൺ പക്ഷികളെ കുറിച്ച് പുതുതലമുറക്ക് അവബോധം നൽകുന്നതിനാണ് ഫാൽക്കൺ ചാമ്പ്യൻഷിപ് ഒരുക്കിയിരിക്കുന്നത്. ശൈഖ് മക്തൂം ബിൻ ഹമദ് ശർഖിയുടെ മേൽനോട്ടത്തിൽ ഫാൽക്കൺ പഠനത്തിൽ അവഗാഹമുള്ളവരും പക്ഷിവളർത്തുകാരുമായ വിവിധ എമിറേറ്റുകളിലെയും രാജ്യങ്ങളിലെയും ഫാൽക്കൺ നിരീക്ഷകരാണ് സന്ദർശകർക്ക് അപൂർവ ജ്ഞാനം പകർന്നു നൽകി ഫാൽക്കൺ മത്സര വിരുന്നൊരുക്കിയത്. ജൂലൈ 14,15 ദിനങ്ങളിലായി നടന്ന പ്രദർശനം ഹൃദ്യമായ അനുഭൂതിയാണ് കാഴ്ചക്കാർക്ക് നൽകിയത്. ഫാൽക്കണുമായി ബന്ധപ്പെട്ട വിവരങ്ങളും പഠനങ്ങളും നേർക്കാഴ്ചകളായി പകുത്തു നൽകാൻ ഈ സ്റ്റാളിലെ ഫാൽക്കൺ പഠന വിദഗ്ധരുടെ സജീവ സാന്നിധ്യമുണ്ടായിരുന്നു. വിവിധയിനങ്ങളിൽ പെട്ട ഫാൽക്കണുകൾ പ്രദർശിപ്പിച്ചും സന്ദർശകർക്ക് അവയെ ആവോളം ആസ്വദിക്കാൻ അവസരം നൽകിയുമുള്ള ഫാൽക്കൺ പ്രദർശനം യുഎഇയുടെ വിവിധ പ്രദേശങ്ങളിൽ വ്യാപകമായി തന്നെ നടക്കാറുണ്ട്. വിദേശികളായ സന്ദർശകർക്ക് ഇംഗ്ലീഷിലും ഫാൽക്കണുകളെ കുറിച്ചുള്ള വിവരങ്ങൾ നൽകാൻ ഇത്തരം സ്റ്റാളുകളിൽ സൗകര്യങ്ങൾ ഒരുക്കുന്നതും സാധാരണ കാണാറുണ്ട്. ഗൾഫ് രാജ്യങ്ങളുടെ ദേശീയ പക്ഷിയായ ഫാൽക്കൺ അറബികളുടെ ജീവിതത്തിൽ ഉയർന്ന സ്ഥാനമുള്ളതും പക്ഷികളിലെ രാജാവായി അറിയപ്പെടുകയും ചെയ്യുന്നു. പൗരാണിക കാലം മുതലേ അറബികൾ ഇവയെ ഇണക്കി വളർത്താനും സംരക്ഷിക്കാനും ശ്രദ്ധാലുക്കളായിരുന്നുവെന്ന് ചരിത്രരേഖകൾ സാക്ഷ്യപ്പെടുത്തുന്നു.

ഇവയെ ഉപയോഗിച്ച് വേട്ടയാടാനും അറബികളിൽ ചിലർ ഇന്നും പതിനായിരക്കണക്കിന് ദിർഹമുകൾ ചെലവിടുന്നു. ഈ വേട്ടപ്പക്ഷിക്ക് വേണ്ടി എന്ത് സൗകര്യങ്ങളും ചെയ്തുകൊടുക്കാൻ തയാറാകുന്നു. പണ്ട് മുതലേ ഇരപിടിക്കാൻ ഫാൽക്കണുകൾക്ക് പ്രത്യേക പരിശീലനവും അറബികൾ നൽകിയിരുന്നു. ഈ സംസ്കാരത്തിന്റെയും പൈതൃകത്തിന്റെയും ഭാഗമായാണ് ഇന്നും ഫാൽക്കണുകൾക്ക് ഏറെ സ്ഥാനം അറബി സമൂഹം നൽകിവരുന്നത്. ദേശീയ തലത്തിൽ തന്നെ നിരവധി പദ്ധതികൾ ഫാൽക്കൺ പക്ഷികൾക്കായി അറബ് രാജ കുടുംബാംഗങ്ങളും ഭരണകൂടവും നടപ്പാക്കുന്നുണ്ട്. യുഎഇ, സൗദി, ഖത്തർ, കുവൈത്ത്, ബഹ്റൈൻ തുടങ്ങിയ രാജ്യങ്ങളിലെല്ലാം സജീവമായ ഫാൽക്കൺ സൊസൈറ്റികൾ തന്നെ ഇന്ന് പ്രവർത്തിച്ച് വരുന്നുണ്ട്. പ്രാപ്പിടിയൻ, വ്യോമ ചക്രവർത്തി, രാജാളി പക്ഷി, ആകാശത്തിലെ വേട്ടനായ എന്നീ പേരുകളിലും ഫാൽക്കൺ പക്ഷി അറിയപ്പെടുന്നു. ഏറ്റവും വേഗമാർജിക്കാൻ കഴിവുള്ള ഏക പക്ഷി ഫാൽക്കണാണ്. മാംസഭുക്കായ ഇവയുടെ ഇരകൾ പക്ഷികളും ഉരഗങ്ങളും മറ്റു സസ്തനികളുമാണ്. തന്നേക്കാൾ പത്തിരട്ടി ഭാരമുള്ള ഇരകളെ വരെ തൂക്കിയെടുത്ത് പറക്കാൻ ഇവക്ക് കഴിവുണ്ട്. കുട്ടികളും മുതിർന്നവരും ഫാൽക്കണോടൊത്തു ഒരു 'സെൽഫി' യെടുക്കാൻ ആവേശംകൂട്ടുന്ന കാഴ്ചയും ഫാൽക്കൺ വിശേഷങ്ങളുടെ പവിലിയനുകളിൽ നമുക്ക് കാണാം



## ദുബൈ സമ്മർ ഫെസ്റ്റിവൽ
## വിമാനത്താവളത്തിൽ കുട്ടികൾക്ക് വരവേൽപ്പ്

ദുബൈ: ദുബൈ സമ്മർ ഫെസ്റ്റിവൽ 2024 ന്റെ ഭാഗമായി ദുബൈ വിമാനത്താവളത്തിൽ കുട്ടികൾക്ക് വർണ്ണാഭമായ വരവേൽപ്പ് നൽകി. ദുബൈ എയർപോർട്ട് ടെർമിനൽ 3ൽ എത്തിയ കുട്ടികളെ സമ്മാനങ്ങളും പൂക്കളും നൽകിയാണ് രാജ്യത്തേക്ക് സ്വാഗതം ചെയ്തത്. ദുബൈയിലെ ജനറൽ ഡയറക്ടറേറ്റ് ഓഫ് റെസിഡൻസി ആൻഡ് ഫോറിനേഴ്സ് അഫയേഴ്സും ദുബൈ ഡിപ്പാർട്ട്മെന്റ് ഓഫ് എക്കണോമി ആൻഡ് ടൂറിസവും ചേർന്നാണ് ഈ വരവേൽപ്പ് ഒരുക്കിയത്. എയർപോർട്ടിലെ കുട്ടികളുടെ പ്രത്യേക എമിഗ്രേഷൻ കൗണ്ടറിൽ എത്തിയ കുരുന്നുകളെ ജിഡിആർഎഫ്എ ദുബൈയുടെ മാസ്കോട്ട് കഥാപാത്രങ്ങളായ സാലം സലാമയും ദുബൈ സമ്മർ സർപ്രൈസസ് മാസ്കോട്ട് മോദേഷും ഫീമെയിൽ കൗണ്ടർ പാർട്ടായ ഡാനയും ചേർന്ന് സ്വീകരിച്ചു. പിന്നീട് അവരെ കുട്ടികളുടെ എമിഗ്രേഷൻ കൗണ്ടറിലേക്ക് ക്ഷണിക്കുകയും അവിടെ കുട്ടികൾക്ക് സ്വന്തമായി പാസ്പോർട്ട് സ്റ്റാമ്പ് ചെയ്യാനും അവസരം നൽകുകയും ചെയ്തു. ഈ വേനൽക്കാലത്ത് ദുബൈ സന്ദർശിക്കുന്ന കുടുംബങ്ങൾക്ക് മികച്ച അനുഭവങ്ങൾ നൽകുന്നതിന്റെ ഭാഗമായാണ് വരവേൽപ്പ് നൽകിയത്. വേനൽക്കാല ഉത്സവത്തിന്റ ഭാഗമായി വിവിധ ഷോപ്പിംഗ് ഫെസ്റ്റിവലുകളും വൈവിധ്യമായ വിനോദ പരിപാടികളുമാണ് ദുബൈ നഗരിയിൽ ഉടനീളം നടന്നുവരുന്നത്

## ബഹ്റൈൻ കോഴിക്കോട് ജില്ലാ കെഎംസിസി
## സംസ്ഥാന ഭാരവാഹികൾക്ക് സ്വീകരണം നൽകി

മനാമ: കെഎംസിസി ബഹ്റൈൻ കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ സംസ്ഥാന ഭാരവാഹികൾക്ക് സ്വീകരണം നൽകി. മനാമ കെഎംസിസി ഹാളിൽ നടന്ന സ്വീകരണ സംഗമം കെഎംസിസി മുൻ സംസ്ഥാന പ്രസിഡന്റ് എസ്.വി ജലീൽ ഉദ്ഘാടനം ചെയ്തു. ബഹ്റൈൻ കെഎംസിസി കോഴിക്കോട് ജില്ലാ പ്രസിഡന്റ് ഷാജഹാൻ പരപ്പൻ പൊയിൽ അധ്യക്ഷനായി.




പുതുതായി തെരഞ്ഞെടുത്ത കെഎംസിസി ബഹ്റൈൻ സംസ്ഥാന ഭാരവാഹികൾക്ക് കോഴിക്കോട് ജില്ലാ കമ്മിറ്റി നൽകിയ സ്വീകരണ സംഗമം എസ് വി ജലീൽ ഉദ്ഘാടനം ചെയ്യുന്നു

സംസ്ഥാന പ്രസിഡന്റ് ഹബീബ് റഹ്മാൻ, ആക്റ്റിങ് ജനറൽ സെക്രട്ടറി ഗഫൂർ കൈപ്പമംഗലം, ട്രഷറർ കെ.പി മുസ്തഫ , വൈസ് പ്രസിഡന്റുമാരായ അസ്‌ലം വടകര, എ.പി ഫൈസൽ, റഫീഖ് തോട്ടക്കര, ഷാഫി പാറക്കട്ട,സലീം തളങ്കര , സഹീർ കാട്ടാംബള്ളി, സെക്രട്ടറിമാരായ റിയ അഷ്റഫ് ഫൈസൽ കോട്ടപ്പള്ളി, ഫൈസൽ കണ്ടീതാഴ,അഷ്റഫ് കാട്ടിൽ പീടിക എന്നിവർ പ്രസംഗിച്ചു. പുതുതായി തെരഞ്ഞെടുത്ത കമ്മിറ്റിക്കുള്ള ഉപഹാരം ജില്ലാ വൈസ് പ്രസിഡന്റ് ഷാഹിർ ഉള്ള്യേരി സംസ്ഥാന പ്രസിഡന്റ് ഹബീബ് റഹ്മാന് കൈമാറി. പ്രതിഭ വോളി ഫെസ്റ്റിൽ റണ്ണേഴ്സ് ആയ ജില്ലാ ടീമിനെ സംസ്ഥാന ഭാരവാഹികൾ അഭിനന്ദിച്ചു. ജില്ലയിൽ നിന്നുള്ള സംസ്ഥാന കൗൺസിൽ അംഗങ്ങളും വിവിധ ജില്ലാ ഏരിയ പ്രസിഡന്റ് ജനറൽ സെക്രട്ടറിമാരും പങ്കെടുത്ത സ്വീകരണ സംഗമത്തിന് ജില്ലാ ഭാരവാഹികളായ നസീം പേരാമ്പ്ര,അഷ്റഫ് തോടന്നൂർ, മൊയ്തീൻ പേരാമ്പ്ര, മുനീർ ഒഞ്ചിയം,തുമ്പോളി അബ്ദുറഹ്മാൻ,റഷീദ് വാല്യക്കോട് എന്നിവർ നേതൃത്വം നൽകി.

ജില്ലാ ജനറൽ സെക്രട്ടറി പി.കെ ഇസ്ഹാഖ് സ്വാഗതവും സെക്രട്ടറി മുഹമ്മദ് സിനാൻ കൊടുവള്ളി നന്ദിയും പറഞ്ഞു.

## ഡൽഹി ഡയസ്പോറ സമ്മിറ്റ്
## അബുദാബിയിൽ ഇന്ന് പ്രചാരണ കൺവൻഷൻ

അബുദാബി: അബുദാബി കെഎംസിസിയുടെ നേതൃത്വത്തിൽ ഓഗസ്റ്റ് എട്ടിനു ഡൽഹിയിൽ സംഘടിപ്പിക്കുന്ന ഡയസ്പോറ സമ്മിറ്റിന്റെ പ്രചാരണ കൺവൻഷൻ ഇന്ന് രാത്രി 7.30ന് അബുദാബി ഇന്ത്യൻ ഇസ്‌ലാമിക് സെന്ററിൽ നടക്കും.

സീസൺ സമയത്തെ വിമാനയാത്ര നിരക്ക്, പ്രവാസി വോട്ടവകാശം തുടങ്ങി പ്രവാസികൾ നേരിടുന്ന വിവിധ വിഷയങ്ങളിൽ അബുദാബിയിലെ പ്രവാസി സംഘടനകളുടെ സഹകരണത്തോടെയാണ് ഡയസ്പോറ സമ്മിറ്റിന്റെ ആദ്യ രണ്ടു സെഷനുകൾ കഴിഞ്ഞ ഫെബ്രുവരി 11,മെയ് അഞ്ച് എന്നീ ദിവസങ്ങളിൽ നടന്നത്.

ഇതിന്റെ അടുത്ത ഘട്ടം എന്ന നിലയിലാണ് കേരളത്തിൽ നിന്നുള്ള ജനപ്രതിനിധികളെ കൂടി ഉൾപ്പെടുത്തിയുള്ള വിപുലമായ യോഗം ഡൽഹിയിൽ ചേരുവാൻ തീരുമാനിച്ചിരിക്കുന്നത്.

അബുദാബിയിലെ വിവിധ സംഘടനാ പ്രതിനിധികൾ, മാധ്യമ പ്രവർത്തകർ തുടങ്ങിയവർ ഇന്ന് നടക്കുന്ന കൺവൻഷനിൽ പങ്കെടുക്കും



ദുബൈ കെഎംസിസി പൂക്കോട്ടൂർ പഞ്ചായത്ത് കമ്മിറ്റി സംഘടിപ്പിച്ച എ.പി ഉണ്ണികൃഷ്ണൻ അനുസ്മരണ സംഗമത്തിൽ ഷഫീഖ് കളത്തിങ്ങൽ സംസാരിക്കുന്നു

## എ.പി ഉണ്ണികൃഷ്ണനെ കെഎംസിസി അനുസ്മരിച്ചു

ദുബൈ: മുസ്‌ലിംലീഗിന്റെ മതേതര മുഖമയിരുന്ന എ.പി ഉണ്ണികൃഷ്ണനെ ദുബൈ കെഎംസിസി പൂക്കോട്ടൂർ പഞ്ചായത്ത് കമ്മിറ്റി അനുസ്മരിച്ചു. ഷഫീഖ് കളത്തിങ്ങൽ അനുസ്മരണ പ്രഭാഷണം നടത്തി. പ്രസിഡന്റ് ഫയാസ് ഖാൻ കളത്തിങ്ങൽ അധ്യക്ഷനായി. ജനറൽ സെക്രട്ടറി ജലീൽ മോങ്ങം സ്വഗതം പറഞ്ഞു. ദുബൈ കെഎംസിസി മലപ്പുറം മണ്ഡലം വൈസ് പ്രസിഡന്റ് കുരികൾ മുഹമ്മദ്, ഇബ്രാഹിം സി.ടി, അദ്നാൻ, മുഹമ്മദ് ചിനിക്കൽ പ്രംസഗിച്ചു. ട്രഷറർ ആസിഫ് നന്ദി പറഞ്ഞു.



## തൊഴിലവസരം തുറന്ന് കുവൈത്ത് സിവിൽ സർവീസ് കമ്മീഷൻ




കുവൈത്ത് സിറ്റി: പൗരർക്ക് പുതുതായി 1600 തൊഴിലവസരം നൽകി സിവിൽ സർവീസ് കമ്മീഷൻ. ഇതോടെ ഈമാസം നാമനിർദേശം ചെയ്യപ്പെട്ട ഉദ്യോഗാർഥികളുടെ എണ്ണം 8500 പേരായി. ഒരുമാസത്തിനുള്ളിൽ കേന്ദ്ര തൊഴിൽ സംവിധാനത്തിലെ റെക്കോർഡ് സംഖ്യയാണിത്. നോമിനികളുടെ പുതിയ ബാച്ചിൽ പൊളിറ്റിക്കൽ സയൻസ് തുടങ്ങി മറ്റ് മേഖലകളിലെ വിവിധ സ്പെഷലൈസേഷനുകൾ ഉൾപ്പെടുന്നുവെന്ന് സിവിൽ സർവീസ് കമ്മീഷൻ മേധാവി ഡോ.ഇസാം അൽ റുബയാൻ വെളിപ്പെടുത്തി. ഇന്റസ്ട്രിയൽ,കെമിക്കൽ,പെട്രോളിയം,എഞ്ചിനീയറിങ്,ബാച്ചിലേഴ്സ് ഡിപ്ലോമ ഹോൾഡർമാരും പുതിയ നോമിനേഷനിലുണ്ട്.

## ചാരവൃത്തി ആരോപണം: യു.എസ് മാധ്യമ പ്രവർത്തകന് റഷ്യയിൽ 16 വർഷം തടവ്

മോസ്കോ: അമേരിക്കയിലെ വാൾസ്ട്രീറ്റ് ജേണലിന്റെ മാധ്യമ പ്രവർത്തകൻ ഇവാൻ ഗ്രെഷ്കോവിച്ചിനെ ചാരവൃത്തി ആരോപിച്ച് റഷ്യൻ കോടതി 16 വർഷത്തെ തടവിന് ശിക്ഷിച്ചു. തനിക്കെതിരെയുള്ള ആരോപണം കെട്ടിച്ചമച്ചതാണെന്നും കുറ്റവിമുക്തനാക്കണമെന്നും 32കാരനായ ഗ്രെഷ്കോവിച്ച് കോടതിയിൽ അപേക്ഷിച്ചെങ്കിലും കോടതി സ്വീകരിച്ചില്ല. റഷ്യൻ കോടതിയുടെ വിധി പ്രസ്താവത്തിൽ വാൾസ്ട്രീറ്റ് ജേണൽ പ്രതിഷേധിച്ചു. കഴിഞ്ഞ 478 ദിവസമായി ഗ്രെഷ്കോവിച്ച് ജയിലിലാണ്.



# മൈക്രോസോഫ്റ്റ് വിൻഡോസ് തകരാറ്: യുഎഇയുടെ വിവിധ മേഖലകൾ സ്തംഭിച്ചു




ദുബൈ: മൈക്രോസോഫ്റ്റ് വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിലുണ്ടായ തകരാറ് യുഎഇയിലും വിവിധ മേഖലകളിലെ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചു. ബാങ്കിംഗ് മേഖലയെയാണ് സാരമായി ബാധിച്ചത്. വിമാനസർവീസുകളെയും ബാധിച്ചു. അതേസമയം ഐടി മേഖലയിലുണ്ടായ തകരാറുകൾ സർവീസുകളെ ബാധിച്ചില്ലെന്ന് വിവിധ വിമാനക്കമ്പനികൾ അറിയിച്ചു.

ക്ലൗഡിലുണ്ടായ തകരാറാണ് വിൻഡോസിനെ ബാധിച്ചതെന്നാണ് മൈക്രോസോഫ്റ്റ് നൽകിയ വിശദീകരണം. മൈക്രോസോഫ്റ്റിന്റെ സേവനങ്ങളിലെ തടസ്സം എയർലൈനുകളും ബാങ്കുകളും മറ്റും ഉൾപ്പെടെ ലോകമെമ്പാടുമുള്ള വ്യവസായങ്ങളെ ബാധിച്ചു. സ്പൈസ്ജെറ്റ്, ആകാശ എയർലൈൻസ്, എയർ ഇന്ത്യ എക്സ്പ്രസ് എന്നിവയുൾപ്പെടെയുള്ള ഇന്ത്യൻ എയർലൈനുകൾ. മൈക്രോസോഫ്റ്റ് ക്ലൗഡ് പ്രവർത്തനരഹിതമായത് ഫ്ലൈറ്റ് റദ്ദാക്കലിനും കാലതാമസത്തിനും കാരണമായി. അപ്ഡേറ്റുകൾ നൽകുന്നതിൽ സാങ്കേതിക പ്രശ്നം നേരിട്ടു. എമിറേറ്റ്സിന്റെ വിമാന പ്രവർത്തനങ്ങളെ ബാധിച്ചിട്ടില്ലെന്ന് എമിറേറ്റ്സ് വക്താവ് വ്യക്തമാക്കി. ഏറ്റവും പുതിയ ഫ്ലൈറ്റ് വിവരങ്ങൾക്കായി വെബ്സൈറ്റും ആപ്പും പരിശോധിക്കാനും അവരുടെ ബുക്കിംഗിലെ കോൺടാക്റ്റ് വിശദാംശങ്ങൾ അപ്ഡേറ്റ് ചെയ്യാനും എമിറേറ്റ്സ് അറിയിച്ചു. ദുബൈ ഇന്റർനാഷണൽ എയർപോർട്ട് സാധാരണ രീതിയിൽ പ്രവർത്തിച്ചതായി ദുബൈ എയർപോർട്ട് വക്താവ് അറിയിച്ചു. തകരാറിലായ എയർലൈനുകൾ ഉടൻ തന്നെ ഒരു ഇതര സംവിധാനത്തിലേക്ക് മാറുകയും സാധാരണ ചെക്ക്ഇൻ പ്രവർത്തനങ്ങൾ വേഗത്തിൽ പുനരാരംഭിക്കാൻ കഴിഞ്ഞതായും അദ്ദേഹം വിശദീകരിച്ചു. കൂടാതെ, സാങ്കേതിക തകരാർ എയർലൈനിന്റെ സേവനങ്ങളെ ബാധിച്ചിട്ടില്ലെന്നും സ്ഥിതിഗതികൾ സൂക്ഷ്മമായി നിരീക്ഷിക്കുന്നത് തുടരുകയാണെന്നും ഫ്ളൈ ദുബൈ വക്താവ് അറിയിച്ചു.




എയർ ഇന്ത്യ എക്സ്പ്രസ് ഇന്നലെ യാത്രക്കാർക്ക് എഴുതി നൽകിയ ബോഡിങ് പാസ്

## ബംഗ്ലാദേശിൽ പ്രതിഷേധക്കാർ ജയിലിന് തീയിട്ടു; 100ൽ അധികം തടവുകാരെ മോചിപ്പിച്ചു, മരണം 50

ധാക്ക: ബംഗ്ലാദേശിൽ സംവരണ വിരുദ്ധ പ്രക്ഷോഭം അക്രമാസക്തമായി തുടരുന്നു. വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ അക്രമാസക്തരായ പ്രതിഷേധക്കാർ നാർസിംഗിഡി ജില്ലയിലെ ജയിലിന് തീയിടുകയും നൂറുകണക്കിന് തടവുകാരെ മോചിപ്പിക്കുകയും ചെയ്തു. പ്രതിഷേധക്കാർ ജയിലിലേക്ക് ഇരച്ചു കയറുകയും ശേഷം തീവെക്കുകയുമായിരുന്നെന്ന് പൊലീസ് അറിയിച്ചു. ബാഗുകളുമായി ജയിലിലെ അന്തേവാസികൾ രക്ഷപ്പെടുന്നത് കണ്ടതായി ദൃക്സാക്ഷികൾ വെളിപ്പെടുത്തി. ഒരാഴ്ചയായി തുടരുന്ന സംവരണ വിരുദ്ധ പ്രക്ഷോഭത്തിൽ ഇതുവരെ 50 പേർ കൊല്ലപ്പെടുകയും നൂറിലധികം പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. 1971ലെ ബംഗ്ലാദേശ് വിമോചന സമരത്തിൽ പങ്കെടുത്തവരുടെ കുടുംബാംഗങ്ങൾക്ക് സർക്കാർ സർവീസിൽ 30 ശതമാനം സംവരണം ഏർപ്പെടുത്തിയത് നിർത്തലാക്കണമെന്നാണ് സംവരണ വിരുദ്ധ പ്രക്ഷോഭക്കാരുടെ ആവശ്യം. ബംഗ്ലാദേശിലെ ഉയർന്ന തൊഴിലില്ലായ്മയും വിദേശനാണ്യക്കുറവുമാണ് ഇതിന് കാരണമായി പ്രതിഷേധക്കാർ ചൂണ്ടിക്കാട്ടുന്നത്. പ്രതിഷേധം അക്രമാസക്തമായതിനെ തുടർന്ന് പലയിടത്തും ടെലികോം, ഇന്റർനെറ്റ് സംവിധാനങ്ങൾ വിച്ഛേദിച്ചിരിക്കുകയാണ്.

# പുനരുപയോഗ പദ്ധതികൾക്ക് ഗ്രീൻ ബോണ്ടിലൂടെ മസ്ദാർ ഒരു ബില്യൺ ഡോളർ സമാഹരിച്ചു

അബുദാബി: അബുദാബി ഫ്യൂച്ചർ എനർജി കമ്പനി യുഎഇയുടെ ക്ലീൻ എനർജി പവർഹൗസായ മസ്ദർ, ഗ്രീൻ ഫിനാൻസ് ചട്ടക്കൂടിന് കീഴിൽ രണ്ടാം ഗ്രീൻ ബോണ്ട് ഇഷ്യൂവിലൂടെ 1 ബില്യൺ യുഎസ് ഡോളർ വിജയകരമായി സമാഹരിച്ചതായി പ്രഖ്യാപിച്ചു. ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിന്റെ ഇന്റർനാഷണൽ സെക്യൂരിറ്റീസ് മാർക്കറ്റിൽ കമ്പനി 750 മില്യൺ യുഎസ് ഡോളർ വിജയകരമായി ഇഷ്യു ചെയ്ത് ഒരു വർഷത്തിന് ശേഷമാണ് ഈ പ്രഖ്യാപനം. യഥാക്രമം 4.875, 5.25 ശതമാനം കൂപ്പണുകളും 5, 10 വർഷത്തെ കാലാവധിയും ഉള്ള 500 ദശലക്ഷം യുഎസ് ഡോളർ വീതമുള്ള ഇരട്ട ട്രഞ്ചുകൾ ഇഷ്യൂവിൽ ഉൾപ്പെടുന്നു. 2030ഓടെ കമ്പനി 100ഏണ എന്ന ടാർഗെറ്റ് പോർട്ട്ഫോളിയോ കപ്പാസിറ്റി പിന്തുടരുന്നതിനാൽ, ഇഷ്യൂവിൽ നിന്ന് ലഭിക്കുന്ന 1 ബില്യൺ യുഎസ് ഡോളർ പുതിയ ഗ്രീൻഫീൽഡ് പ്രോജക്ടുകളിൽ മസ്ദറിന്റെ ഇക്വിറ്റിയായി വിനിയോഗിക്കും. 2023ൽ ആദ്യത്തെ ഗ്രീൻ ബോണ്ട് വിജയകരമായി സമാരംഭിച്ചതിന് ശേഷം, 1 ബില്യൺ യുഎസ് ഡോളറിന് ഞങ്ങളുടെ രണ്ടാമത്തെ ഗ്രീൻ ബോണ്ട് ഇഷ്യു മസ്ദറിന്റെ സാമ്പത്തിക കരുത്തിലും സുസ്ഥിരയിലും നിക്ഷേപകരുടെ വിശ്വാസത്തിന് അടിവരയിടുന്നതായി മസ്ദാറിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുഹമ്മദ് ജമീൽ അൽ റമാഹി പറഞ്ഞു.

# ഇസ്രാഈൽ അധിനിവേശം അവസാനിപ്പിക്കണമെന്ന് ഐ.സി.ജെ

ഗസ്സ: ഹേഗ്: ഫലസ്തീനിൽ പതിറ്റാണ്ടുകളായി ഇസ്രാഈൽ നടത്തുന്ന അധിനിവേശം നിയമവിരുദ്ധമാണെന്ന് കണ്ടെത്തി അന്താരാഷ്ട്ര നീതിന്യായ കോടതി. ഫലസ്തീനെ ആക്രമിച്ച് പിടിച്ചെടുക്കുകയാണ് ഇസ്രാഈൽ ചെയ്തതെന്ന് കോടതി വ്യക്തമാക്കി. ഫലസ്തീൻ മണ്ണിലെ പ്രകൃതി വിഭവങ്ങൾ ചൂഷണം ചെയ്തു കൊണ്ടുള്ള ഇസ്രാഈലിന്റെ കുടിയേറ്റ നിയമം അന്താരാഷ്ട്ര നിയമങ്ങളുടെ ലംഘനമാണ്.
യു.എൻ ജനറൽ അസംബ്ലിയുടെ അഭ്യർത്ഥന പ്രകാരം ഫലസ്തീനിലെ അധിനിവേശം അന്വേഷിച്ചതിന് പിന്നാലെയാണ് കോടതിയുടെ നിരീക്ഷണം. അധിനിവേശ പ്രദേശങ്ങളിലേക്ക് ഇസ്രാഈൽ കുടിയേറ്റക്കാരുടെ കൈമാറ്റം ജനീവ കൺവെൻഷന് വിരുദ്ധമാണെന്ന് ഐ.സി.ജെ പ്രസിഡന്റ് നവാഫ് സലാം പറഞ്ഞു. ഫലസ്തീനിലെ പ്രകൃതിവിഭവങ്ങളുടെ മേൽ കടന്നുകയറി ഫലസ്തീനികളുടെ അവകാശങ്ങളെ മറികടക്കുകയാണ് ഇസ്രാഈൽ ചെയ്തതെന്നും കോടതി ചൂണ്ടിക്കാണിച്ചു.
വെസ്റ്റ്ബാങ്ക്, കിഴക്കൻ ജെറുസലം, ഗസ്സ എന്നിവ അന്താരാഷ്ട്ര നിയമപ്രകാരം ഒരൊറ്റ യൂണിറ്റായാണ് കണക്കാക്കുന്നതെന്ന് കോടതി പറഞ്ഞു. 2005ൽ കുടിയേറ്റക്കാരെ നീക്കം ചെയ്തതിനാൽ ഗസ്സയിൽ കുടിയേറ്റം നടന്നിട്ടില്ലെന്ന ഇസ്രാഈലിന്റെ വാദങ്ങൾ കോടതി തള്ളിക്കളഞ്ഞു. ഫെബ്രുവരിയിൽ, 52 രാജ്യങ്ങളും മൂന്ന് അന്താരാഷ്ട്ര സംഘടനകളുമാണ് ഇതുമായി ബന്ധപ്പെട്ട് ഐ.സി.ജെയിൽ ഹർജി സമർപ്പിച്ചത്.ഹർജി സമർപ്പിച്ചവരിൽ ബഹുഭൂരിപക്ഷവും അധിനിവേശം നിയമവിരുദ്ധമാണെന്ന് വാദിച്ചു. ഇസ്രാഈലിന്റെ നടപടി നിയമവിരുദ്ധമാണെന്ന് പ്രഖ്യാപിക്കണമെന്നും അവർ കോടതിയോട് അഭ്യർത്ഥിച്ചിരുന്നു.
നേരത്തെ ഗസ്സയിൽ ഇസ്രാഈൽ നടത്തുന്ന വംശഹത്യക്കെതിരെ ദക്ഷിണാഫ്രിക്ക ഐ.സി.ജെയിൽ പരാതി നൽകിയിരുന്നു. തുടർന്ന് വംശഹത്യ അവസാനിപ്പിക്കണമെന്നും ഗസ്സയിലേക്ക് മാനുഷിക സഹായം എത്തിക്കണമെന്നും ജനുവരിയിൽ ഐ.സി.ജെ ഉത്തരവിട്ടിരുന്നു. കോടതി ഉത്തരവ് വന്നിട്ടും ആക്രമണവും അടിച്ചമർത്തലും ആവർത്തിക്കുകയാണ് ഇസ്രാഈൽ ചെയ്തത്. ഇതിനെതിരെ മനുഷ്യാവകാശ സംഘടനകൾ രംഗത്തെത്തിയിരുന്നു. 1967ലെ യുദ്ധം മുതൽ ഫലസ്തീൻ ഭൂമിയായി അന്താരാഷ്ട്ര നിയമപ്രകാരം അംഗീകരിക്കപ്പെട്ട പ്രദേശം ഇസ്രാഈൽ കൈവശപ്പെടുത്തിയിരിക്കുകയാണ്. കിഴക്കൻ ജെറുസലേം, വെസ്റ്റ് ബാങ്ക്, ഗസ്സ എന്നിവയെല്ലാം ഇസ്രാഈലിന്റെ ഉപരോധത്തിലുള്ള സ്ഥലങ്ങളാണ്.അതേ സമയം ഗസ്സയിൽ ഇസ്രാഈലി നരനായാട്ട് തുടരുന്നു. ഇന്നലെ നുസൈറത്ത് അഭയാർത്ഥി ക്യാമ്പിന് നേരെ ഇസ്രാഈൽ നടത്തിയ ആക്രമണത്തിൽ 13 പേരടക്കം 24മണിക്കൂറിനിടെ 54 പേർ കൊല്ലപ്പെട്ടു. ഇതോടെ ഒക്ടോബർ ഏഴിന് ആരംഭിച്ച ഇസ്രാഈൽ ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ എണ്ണം 38,848 ആയി. 89,459 പേർക്കാണ് പരിക്കേറ്റത്. അധിനിവേശ വെസ്റ്റ്ബാങ്കിൽ 576 പേർ കൊല്ലപ്പെടുകയും 5300 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്.



യാസ് തീരത്തിന്റെ ആകാശക്കാഴ്ച

# നഗര ഡിസൈനിൽ മികച്ച റേറ്റിങ് സ്വന്തമാക്കി യാസ് ഐലന്റ് സിറ്റി

അബുദാബി: നഗരര ഡിസൈനിലും മികച്ച റേറ്റിങ് സ്വന്തമാക്കി യാസ് ഐലന്റിലെ വീടുകൾ. ആൽഡാർ പ്രോപ്പർട്ടീസും സീ ഹോൾഡിംഗും തമ്മിലുള്ള പങ്കാളിത്തത്തോടെ വികസിപ്പിച്ച സസ്റ്റൈനബിൾ സിറ്റി യാസ് ഐലൻഡ് വീടുകൾക്കാണ് പേൾ വില്ല റേറ്റിംഗിൽ മികച്ച സ്ഥാനം ലഭിച്ചത്.

ഏറ്റവും ഉയർന്ന ഗ്രീൻ ബിൽഡിംഗ് റേറ്റിംഗ് സുസ്ഥിര വികസനത്തിലെ മികവിനെ സൂചിപ്പിക്കുന്നതാണ്. നൂതന ഊർജകാര്യക്ഷമമായ കെട്ടിട രൂപകല്പനകൾ, ജലസംരക്ഷണ നടപടികൾ, ഹരിത ഇടങ്ങൾ, കാൽനട സൗഹൃദ പാതകൾ, പരിസ്ഥിതി സൗഹൃദ സാമഗ്രികൾ, പാരിസ്ഥിതിക ഗുണനിലവാരത്തിലും സമൂഹ ക്ഷേമത്തിലുമുള്ള പ്രതിബദ്ധത എന്നിവ ഈ പ്രോജക്റ്റിന്റെ സവിശേഷതയാണ്. യാസ് ഐലൻഡിലെ ഈ വീടുകൾ സൗരോർജ്ജത്താൽ പ്രവർത്തിക്കുന്നതാണ്. ഇത് താമസക്കാർക്ക് വൈദ്യുതി ബില്ലിൽ 50% വരെ ലാഭിക്കാൻ കഴിയും. കമ്മ്യൂണിറ്റി ഫാമിംഗിനുള്ള ബയോഡോമുകൾ, ബാറ്ററി ചാർജുള്ള ബഗ്ഗികളുടെയും സൈക്കിളുകളുടെയും ശൃംഖല എന്നിവ കമ്മ്യൂണിറ്റിയുടെ സവിശേഷതയാണ്. പദ്ധതിയുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. 2025 അവസാനത്തോടെ ഒന്നാം ഘട്ടം പൂർത്തിയാവും. യുഎഇയിലെ മൂന്നാമത്തെ സുസ്ഥിര നഗര വികസന പദ്ധതിയുടെ ഭാഗമാണ് ഈ കമ്മ്യൂണിറ്റി. അൽദാർ രൂപകൽപ്പന ചെയ്ത യാസ് ഐലൻഡ് കമ്മ്യൂണിറ്റി, യാസ് ദ്വീപ് ആവാസ വ്യവസ്ഥയുമായി സംയോജിപ്പിക്കും. ഇത് താമസക്കാർക്ക് പ്രകൃതിദത്ത ഇടങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഷോപ്പിംഗ്, വിനോദം, വിനോദ ലക്ഷ്യസ്ഥാനങ്ങൾ എന്നിവ ലഭിക്കും.

# ഗസ്സക്ക് ബ്രിട്ടീഷ് സഹായം പുനരാരംഭിക്കും

ലണ്ടൻ: ഗസ്സക്ക് ആശ്വാസവുമായി ബ്രിട്ടനിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട ലേബർ പാർട്ടി സർക്കാർ. ഫലസ്തീനിലെ അഭയാർഥികൾക്ക് വേണ്ടി പ്രവർത്തിക്കുന്ന ഐക്യരാഷ്ട്ര സഭ ഏജൻസിയായ യു.എൻ.ആർ.ഡബ്ല്യു.എക്കുള്ള ധനസഹായം ഉടൻ പുനരാരംഭിക്കുമെന്ന് ബ്രിട്ടൻ അറിയിച്ചു. ഇസ്രാഈലിന്റെ വ്യാജ പ്രചാരണത്തെ തുടർന്ന് ജനുവരിയിൽ മുൻസർക്കാറാണ് ധനസഹായം നിർത്തിവെച്ചത്. ഏജൻസി നിഷ്പക്ഷത കാത്തുസൂക്ഷിക്കുന്നുവെന് ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ബ്രിട്ടീഷ് വിദേശകാര്യ മന്ത്രി ഡേവിഡ് ലാമി പാർലമെന്റിനെ അറിയിച്ചു. ഹമാസ് ഓപറേഷനിൽ യു.എൻ.ആർ.ഡബ്ല്യു.എ ഉദ്യോഗസ്ഥർ പങ്കാളികളായെന്ന് ജനുവരിയിൽ ഇസ്രാഈൽ വ്യാജ ആരോപണം ഉന്നയിച്ചിരുന്നു. ഇതേത്തുടർന്നാണ് ബ്രിട്ടനും യു.എസും അടക്കം 16 രാജ്യങ്ങൾ ധനസഹായം നിർത്തിവച്ചത്. ഇതിൽ യു.എസ് ഒഴികെയുള്ള മറ്റുരാജ്യങ്ങളെല്ലാം തീരുമാനം പിൻവലിച്ച് സഹായം പുനരാരംഭിച്ചിട്ടുണ്ട്. 'യു.എൻ.ആർ.ഡബ്ല്യു.എക്കുള്ള ഫണ്ടിങ് താൽക്കാലികമായി നിർത്തിവച്ചത് ഞങ്ങൾ ഒഴിവാക്കുകയാണ്. ബ്രിട്ടൻ 21 ദശലക്ഷം ഡോളർ ഏജൻസിക്ക് നൽകും' ഡേവിഡ് ലാമി പറഞ്ഞു. ഫലസ്തീനിൽ ആരോഗ്യ, വിദ്യാഭ്യാസ, ഭക്ഷ്യവിതരണ മേഖലയിൽ 70ലേറെ വർഷമായി പ്രവർത്തിക്കുന്ന സംഘടനയാണ് യു.എൻ.ആർ.ഡബ്ല്യു.എ. വിവിധ രാജ്യങ്ങളുടെ സാമ്പത്തിക സഹായത്തോടെയാണ് ഇവരുടെ സേവനപ്രവർത്തനം.
ഒക്ടോബർ ഏഴിന് ഹമാസ് നടത്തിയ ഓപറേഷനിൽ 12 യുഎൻആർഡബ്ല്യുഎ ജീവനക്കാർക്ക് പങ്കുണ്ടെന്ന് ജനുവരിയിലാണ് ഇസ്രാഈൽ ആരോപണം ഉന്നയിച്ചത്. നിരവധി ജീവനക്കാർക്ക് ഹമാസുമായി ബന്ധമുണ്ടെന്നും ഇസ്രാഈൽ ആരോപിച്ചിരുന്നു. ഇത് മുൻനിർത്തി യു.എൻ. ആർ.ഡബ്ല്യു.എക്കുള്ള ധനസഹായം നിർത്തിവെക്കാൻ ലോകരാജ്യങ്ങൾക്ക് മേൽ ഇസ്രാഈൽ സമ്മർദം ചെലുത്തി. എന്നാൽ, ഏജൻസിക്കെതിരെ ഇസ്രാഈൽ ഉന്നയിച്ച ആരോപണം കള്ളമാണെന്ന് മുൻ ഫ്രഞ്ച് വിദേശകാര്യ മന്ത്രി കാതറിൻ കൊളോണയുടെ നേതൃത്വത്തിൽ നടത്തിയ സ്വതന്ത്ര അന്വേഷണത്തിൽ തെളിഞ്ഞതോടെയാണ് സഹായവിതരണം പുനരാരംഭിക്കാൻ രാജ്യങ്ങൾ മുന്നോട്ടുവന്നത്.

## കുവൈത്തിൽ ട്രാഫിക് സുരക്ഷാ കാമ്പയിൻ



കുവൈത്ത് സിറ്റി: ടെക്നിക്കൽ അഫയേഴ്സ് സെക്ടറിനെ പ്രതിനിധീകരിക്കുന്ന ജനറൽ ട്രാഫിക് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ജഹ്റ,സുലൈബിയ,ശുവൈഖ് ഇൻഡസ്ട്രിയൽ ഏരിയകളിൽ ട്രാഫിക് സുരക്ഷാ കാമ്പയിന് തുടക്കമായി. നടപടി ക്രമങ്ങളുടെ ഭാഗമായി 302 നിയമലംഘനങ്ങൾ കണ്ടെത്തുകയും 24 വാഹനങ്ങൾ കണ്ട് കെട്ടുകയും ചെയ്തു. അതേ സമയം 37000 ട്രാഫിക് നിയമനങ്ങൾ കണ്ടെത്തിയ അധികൃതർ 53 വാഹനങ്ങൾ കൂടാതെ നിരവധി മോട്ടോർ സൈക്കിളുകളും പിടിച്ചെടുത്തു. ലൈസൻസില്ലാതെ വാഹനമോടിച്ച പ്രായപൂർത്തിയാകാത്ത 14 പേരെ ജുവൈനൽ പ്രോസിക്യൂഷന് കൈമാറി. ക്യാമ്പയിന്റെ ഭാഗമായി മയക്ക് മരുന്നുമായി ബന്ധപ്പെട്ട കുറ്റ കൃത്യത്തിൽ ഏർപ്പെട്ട 49 പേരെയും കസ്റ്റഡിയിലെടുത്തു. രാജ്യത്തേക്കുള്ള അനധികൃത പ്രവേശം ഉൾപ്പടെ വിവിധ കുറ്റ കൃത്യങ്ങൾക്ക് 289 പേരെ അറസ്റ്റ് ചെയ്തു.

## അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പ്; ജോ ബൈഡൻ പിന്മാറണമെന്ന് ബറാക് ഒബാമയും

വാഷിങ്ടൺ: അമേരിക്കൻ പ്രസിഡന്റ് സ്ഥാനാർഥിയാവുന്നതിൽ നിന്ന് നിലവിലെ പ്രസിഡന്റ് ജോ ബൈഡൻ പിന്മാറുന്നതാണ് നല്ലതെന്ന് മുൻ പ്രസിഡന്റ് ബറാക് ഒബാമ പറഞ്ഞതായി റിപ്പോർട്ടുകൾ. വാഷിങ്ടൺ പോസ്റ്റാണ് ഇതുസംബന്ധിച്ച് റിപ്പോർട്ടുകൾ പുറത്തുവിട്ടത്. ബൈഡൻ പിന്മാറുന്നതാണ് നല്ലതെന്ന് സഖ്യകക്ഷികളോട് ഒബാമ പറഞ്ഞതായാണ് റിപ്പോർട്ട്. പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ റിപ്പബ്ലിക്കൻ പാർട്ടിയുടെ സ്ഥാനാർഥിയായ ഡോണൾഡ് ട്രംപിനെതിരെ ഡെമോക്രാറ്റിക് പാർട്ടി സ്ഥാനാർഥിയായി ജോ ബൈഡൻ മത്സരിച്ചാൽ പരാജയ സാധ്യതയാണ് ഉള്ളതെന്നുള്ള ആശങ്കയും ഒബാമ പങ്കുവെച്ചതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഡൊണാൾഡ് ട്രംപുമായി നടത്തിയ ആദ്യ സംവാദത്തിൽ ബൈഡൻ തിരിച്ചടി നേരിട്ടിരുന്നു. ഇതിന് പിന്നാലെ പ്രസിഡന്റ് സ്ഥാനാർഥിത്വത്തിൽ നിന്ന് ബൈഡനെ പുറത്താക്കണമെന്ന് പാർട്ടിയിൽ നിന്നുതന്നെ ആവശ്യങ്ങൾ ഉയർന്നിരുന്നു. ബറാക് ഒബാമ പ്രസിഡന്റ് ആയിരുന്ന സമയത്ത് ജോ ബൈഡൻ വൈസ് പ്രസിഡന്റ് ആയി പ്രവർത്തിച്ചിരുന്നു. എന്നാൽ 81 വയസായ ജോ ബൈഡന്റെ ആരോഗ്യസ്ഥിതയടക്കമുള്ളവ മോശമാണെന്നാണ് പുറത്തുവരുന്ന റിപ്പോർട്ടുകൾ. ഇതിനിടെ കോവിഡ് സ്ഥിരീകരിച്ചതിനെ തുടർന്ന് ഡെലവേറിലുള്ള തന്റെ ബീച്ച് ഹൗസിൽ വിശ്രമത്തിലാണ് ജോ ബൈഡൻ. എന്നാൽ ഡെമോക്രാറ്റിക് സ്ഥാനാർഥിയായി താൻ തന്നെ നിൽക്കുമെന്നാണ് ജോ ബൈഡൻ കഴിഞ്ഞ ദിവസവും പ്രഖ്യാപിച്ചത്. ലാസ് വെഗാസിലെ സന്ദർശനത്തിനിടയിലാണ് ബൈഡന് രോഗം സ്ഥിരീകരിച്ചത്. അതേസമയം പെനിസിൽവാനിയയിൽ വെച്ച് നടന്ന വധശ്രമത്തിന് പിന്നാലെ ട്രംപിന് ജനപ്രീതി വർധിച്ചതായി റിപ്പോർട്ടുകൾ പുറത്തുവരുന്നുണ്ട്.

# പ്രസിഡന്റ് തിരഞ്ഞെടുപ്പ്: പിന്മാറാൻ ആലോചിച്ച് ബൈഡൻ അന്തിമ തീരുമാനം വരും ദിവസങ്ങളിലെന്ന് റിപ്പോർട്ടുകൾ

വാഷിങ്ടൺ: ഡെമോക്രാറ്റിക് പാർട്ടിയിൽ നിന്നുമുള്ള സമ്മർദങ്ങൾക്കൊടുവിൽ അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ നിന്നു പിന്മാറാൻ ജോ ബൈഡൻ ആലോചിക്കുന്നതായി റിപ്പോർട്ടുകൾ. ഈ ആഴ്ച അവസാനത്തോടെ ബൈഡൻ പിന്മാറുമോ ഇല്ലയോയെന്ന് അറിയാമെന്നാണ് വ്യത്യസ്ത റിപ്പോർട്ടുകൾ പറയുന്നത്.
നവംബർ അഞ്ചിന് തനിക്ക് വിജയിക്കാൻ സാധിക്കില്ലെന്ന് ബൈഡൻ അംഗീകരിച്ച് തുടങ്ങിയതായും ഒരു പക്ഷേ ബൈഡൻ പിന്മാറിയേക്കാമെന്നും അദ്ദേഹവുമായി അടുത്ത വൃത്തങ്ങളെ ഉദ്ധരിച്ച് കഴിഞ്ഞദിവസം ന്യൂയോർക്ക് ടൈംസ് റിപ്പോർട്ട് ചെയ്തിരുന്നു. ബൈഡനു പകരം സ്ഥാനാർത്ഥിയായി വൈസ് പ്രസിഡന്റ് കമല ഹാരിസിനെ പ്രഖ്യാപിച്ചാൽ അതിശയിക്കേണ്ടതില്ലെന്നുള്ള പ്രതികരണങ്ങളും ഡെമോക്രാറ്റിക് പാർട്ടിയിൽ നിന്ന് വരുന്നുണ്ട്. ബൈഡൻ പിന്മാറണമെന്ന മുൻ സ്പീക്കർ നാൻസി പെലോസിയുടെ പ്രതികരണം, പുതിയ പോൾ ഫലം, പ്രധാനപ്പെട്ട പാർട്ടി ദാതാക്കളുടെ പിൻവാങ്ങൽ തുടങ്ങിയ ഘടകങ്ങളാണ് ബൈഡനു തിരഞ്ഞെടുപ്പ് സ്ഥാനാർത്ഥിത്വവുമായി ബന്ധപ്പെട്ട് ആശങ്കകൾക്കു കാരണമായതെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. നാൻസി പെലോസിക്കു പിന്നാലെ മുൻ പ്രസിഡന്റ് ബറാക് ഒബാമയും ബൈഡന്റെ സ്ഥാനാർത്ഥിത്വത്തിൽ ആശങ്ക അറിയിച്ച് രംഗത്തെത്തിയിരുന്നു. പിന്നാലെ സമ്മർദമേറിയ ബൈഡൻ സ്ഥാനാർത്ഥിത്വത്തെക്കുറിച്ച് ഗൗരവമായി തന്നെ ചിന്തിക്കുകയാണെന്ന് വിദേശ വാർത്താ ഏജൻസികൾ റിപ്പോർട്ട് ചെയ്യുന്നു. ബൈഡൻ പിന്മാറുന്നതാണ് നല്ലതെന്ന് സഖ്യകക്ഷികളോട് ഒബാമ പറഞ്ഞതായാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ റിപ്പബ്ലിക്കൻ പാർട്ടിയുടെ സ്ഥാനാർഥിയായ ഡോണൾഡ് ട്രംപിനെതിരെ ഡെമോക്രാറ്റിക് പാർട്ടി സ്ഥാനാർഥിയായി ജോ ബൈഡൻ മത്സരിച്ചാൽ പരാജയ സാധ്യതയാണുള്ളതെന്നുള്ള ആശങ്കയും ഒബാമ പങ്കുവെച്ചതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ബൈഡന് വൈറ്റ് ഹൗസ് നഷ്ടപ്പെടുക മാത്രമല്ല, ഭാവിയിൽ അത് തിരിച്ചുപിടിക്കാനുള്ള സാധ്യത കൂടി നഷ്ടപ്പെടുമെന്ന് വൈറ്റ് ഹൗസിലെയും സെനറ്റിലെയും ഡെമോക്രാറ്റിക് പാർട്ടിയുടെ മുതിർന്ന നേതാക്കൾ ഹക്കീം ജെഫ്ഫറീസും ചക്ക് ഷൂമറും അദ്ദേഹത്തോട് നേരിട്ടുപറഞ്ഞതായും റിപ്പോർട്ടുകളുണ്ട്. ഡെമോക്രാറ്റ് അംഗങ്ങൾക്കു തിരഞ്ഞെടുപ്പിലും സ്ഥാനാർത്ഥികളുടെ ഭാവിയെക്കുറിച്ചും ആശങ്കയുണ്ടെന്നും ബൈഡനോട് അവർ അറിയിച്ചിരുന്നു. തിരഞ്ഞെടുപ്പിൽനിന്ന് പിന്മാറാൻ 23 നേതാക്കൾ മാത്രമേ ആവശ്യപ്പെട്ടിരുന്നുള്ളൂവെന്നാണ് ഇതുവരെ കരുതിയിരുന്നത്. എന്നാൽ, ബൈഡനോട് ഇക്കാര്യം രഹസ്യമായി ആവശ്യപ്പെട്ടവരുടെ വിവരങ്ങളും ഏതാനും ദിവസങ്ങളായി പുറത്തുവന്നിരുന്നു. ഇത്തരത്തിൽ രഹസ്യമായിരുന്ന ചർച്ചകൾ പോലും പുറത്തുവരുന്നത് ബൈഡന് മേൽ സമ്മർദ്ദം വർധിപ്പിക്കാനുള്ള ഡെമോക്രാറ്റ് നേതാക്കളുടെ തന്നെ തന്ത്രത്തിന്റെ ഭാഗമെന്ന നിലയ്ക്കാണ് അന്താരാഷ്ട്ര മാധ്യമങ്ങൾ ഉൾപ്പെടെ റിപ്പോർട്ട് ചെയ്യുന്നത്. എന്നാൽ മത്സരത്തിൽനിന്നു പിന്മാറാൻ ബൈഡൻ തീരുമാനിച്ചില്ലെന്നാണ് അദ്ദേഹത്തിന്റെ അടുത്ത അനുയായികൾ പറയുന്നത്. ബൈഡൻ വിശ്രമത്തിലാണെന്നും അദ്ദേഹം കോവിഡിൽനിന്നു സുഖം പ്രാപിച്ച് ഈ ആഴ്ച തന്നെ തിരിച്ചുവരുമെന്നും ബൈഡന്റെ അടുത്ത അനുയായിയും ഡെമോക്രാറ്റിക് സെനറ്ററുമായ ക്രിസ് കൂൺസ് പറഞ്ഞു.
അമേരിക്കയ്ക്ക് ഏറ്റവും മികച്ചതെന്താണോ അതിനുവേണ്ടി ബൈഡൻ പ്രവർത്തിക്കുമെന്ന് സെനറ്ററായ ജോൺ ഹിക്കെൻലൂപർ പറഞ്ഞു. നിലവിൽ ഡെലവേറിലെ വസതിയിൽ ക്വാറന്റൈനിലാണ് ബൈഡൻ. അതേ സമയം വധശ്രമത്തിനുശേഷം ഡോണാൾഡ് ട്രംപിന്റെ ആദ്യത്തെ നാഷണൽ കൺവെൻഷൻ മിൽവോകീയിൽ ആരംഭിച്ചു.
റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിത്വത്തിന്റെ നാമനിർദേശ പത്രിക സ്വീകരിച്ച അദ്ദേഹം, ദൈവം തനിക്കൊപ്പമുണ്ടെന്നും തിരഞ്ഞെടുപ്പിൽ അവിശ്വസനീയമായ രീതിയിൽ താൻ വിജയിക്കുമെന്നും അനുയായികളെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു.

## ഇസ്രാഈലിനെ ഞെട്ടിച്ച് ടെൽഅവീവിൽ ഹൂഥി ഡ്രോൺ ആക്രമണം; ഒരാൾ കൊല്ലപ്പെട്ടു

ടെൽഅവീവ്: ഇസ്രാഈലിനെ ഞെട്ടിച്ച് തലസ്ഥാനമായ അതീവ സുരക്ഷയുള്ള ടെൽഅവീവിൽ ഹൂഥി ഡ്രോൺ ആക്രമണം. ആക്രമണത്തിൽ ഒരാൾ കൊല്ലപ്പെട്ടു. 10 പേർക്ക് പരിക്കേറ്റതായി ഇസ്രാഈൽ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. വെള്ളിയാഴ്ച രാത്രിയാണ് സംഭവം. ഇസ്രാഈലിലെ യു.എസ് എംബസിക്ക് സമീപമാണ് ആക്രമണം നടന്നത്. ആക്രമണത്തിന് പിന്നാലെ ഇസ്രാഈൽ പ്രധാനമന്ത്രി നെതന്യാഹു അന്വേഷണത്തിന് ഉത്തരവിട്ടു. ആക്രമണത്തിന്റെ ഉത്തരവാദിത്തം യമനിലെ ഹൂഥികൾ ഏറ്റെടുത്തു. ആക്രമണത്തിന് ഉപയോഗിച്ച ഡ്രോണിന്റെ വിവരങ്ങളും ഹൂഥികൾ പുറത്തുവിട്ടു. ഇസ്രാഈലിനെതിരായ തങ്ങളുടെ സൈനിക നീക്കത്തിന്റെ തുടക്കമാണിതെന്ന് ഹൂഥികൾ മുന്നറിയിപ്പ് നൽകി. ഗസ്സയിൽ അധിനിവേശം തുടരുന്നിടത്തോളം കാലം ആക്രമണം ശക്തമാക്കുമെന്നും ഇസ്രാഈൽ എല്ലായിടത്തും കരുതിയിരിക്കേണ്ടി വരുമെന്നും ഹൂഥി പൊളിറ്റിക്കൽ ബ്യൂറോ വക്താവ് ഹസാം അൽ അസദ് വ്യക്തമാക്കി. ലബനാനിലെയും ഇറാഖിലെയും ഫലസ്തീനിലെയും പ്രതിരോധ മുന്നണികളുമായി സഹകരിച്ചാണ് ഇസ്രാഈലിനെതിരായ നീക്കമെന്നും ഹസാം അൽ അസദ് കൂട്ടിച്ചേർത്തു.

**പ**റയുക: ആകാശത്തുനിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ആഹാരം നൽകുന്നത് ആരാണ്? അതല്ലെങ്കിൽ കേൾവിയും കാഴ്ചകളും അധീനപ്പെടുത്തുന്നത് ആരാണ്? ജീവനില്ലാത്തതിൽ നിന്ന് ജീവനുള്ളതും, ജീവനുള്ളതിൽ നിന്ന് ജീവനില്ലാത്തതും പുറപ്പെടുവിക്കുന്നതും ആരാണ്? കാര്യങ്ങൾ നിയന്ത്രിക്കുന്നതും ആരാണ്?. അവർ പറയും: അല്ലാഹു എന്ന്. അപ്പോൾ പറയുക: എന്നിട്ടും നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ?.

(വിശുദ്ധ ഖുർആൻ: 10: 31)

gulfchandrikanews@gmail.com

ഗൾഫ് ചന്ദ്രിക

1446 മുഹറം 14 • 1199 കർക്കിടകം 05

## യു.പിയിലെ വിഭാഗീയ ശ്രമങ്ങൾക്കു പിന്നിൽ

**ഉ**ത്തർപ്രദേശിൽ കൻവാർ തീർത്ഥാടകർ കടന്നുപോകുന്ന വഴികളിലെ കടകൾക്ക് മുന്നിൽ ഉടമകളുടെ പേര് പ്രദർശിപ്പിക്കണമെന്ന യു.പി സർക്കാറിന്റെ നിർദേശം വ്യാപക വിമർശനം വിളിച്ചുവരുത്തിയിരിക്കുകയാണ്. നേരത്തെ പൊലീസ് പുറപ്പെടുവിച്ച നിർദേശം വിമർശനത്തിനിടയാക്കിയതിനെ തുടർന്ന് സൂപ്രണ്ട് അഭിഷേക് സിങ് ഇത് മയപ്പെടുത്തി രംഗത്തെത്തിയിരുന്നു. എന്നാൽ വിജ്ഞാപനം കർശനമായി പാലിക്കണമെന്ന ഉത്തരവുമായി മുഖ്യമന്ത്രി യോഗി ആഥിത്യനാഥ് രംഗത്തെത്തുകയായിരുന്നു. മുസാഫർനഗർ ജില്ലയിലെ റസ്റ്റോറന്റുകൾ, പഴക്കടകൾ, ധാബകൾ എന്നിവ നടത്തുന്നവർ, തങ്ങൾ ഏത് മതവിഭാഗത്തിൽപ്പെട്ടവരാണെന്ന് തിരിച്ചറിയാൻ കടകൾക്ക് മുന്നിൽ ഉടമകളുടെ പേര് പ്രദർശിപ്പിക്കണമെന്നായിരുന്നു പൊലീസ് നിർദ്ദേശം. കൻവാർ തീർത്ഥാടന യാത്ര സമാധാനപരമായി നടത്തുകയാണ് ഇതിന്റെ ലക്ഷ്യമെന്നാണ് പൊലീസ് വിശദീകരണമെങ്കിലും യോഗി സർക്കാറിന്റെ കടുത്ത വിഭാഗീയപ്രവർത്തനങ്ങളുടെ ഭാഗമാണെന്നത് സുവ്യക്തമായിരുന്നു. കൻവാരിയാസ് എന്നറിയപ്പെടുന്ന ശിവഭക്തരുടെ വാർഷിക തീർത്ഥാടനമാണ് കൻവാർ യാത്ര. ഉത്തരാഖണ്ഡിലെ ഹരിദ്വാർ, ഗൗമുഖ്, ഗംഗോത്രി, ബിഹാറിലെ ഭഗൽപൂർ സുൽത്താൻഗഞ്ച്, അജ്ഗൈബിനാഥ് എന്നീ തീർത്ഥാടന കേന്ദ്രങ്ങളിലേക്കാണ് ഘോഷയാത്ര നടത്തുക.

ജനങ്ങൾക്കിടയിൽ വിഭാഗീയത സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ യോഗി സർക്കാറിന്റെ അറിവോടെയും പിന്തുണയോടെയും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇത്തരം സംഭവങ്ങൾ നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ആൾക്കൂട്ട കൊലപാതകങ്ങളും മസ്ജിദുകളുടെ മേലുള്ള അവകാശ തർക്കങ്ങളും യു.പിയിൽ ഒരിടവേളക്ക് ശേഷം തിരിച്ചുവരുന്നതിന്റെ അടയാളങ്ങൾ രാജ്യം ദർശിക്കുകയാണ്. സംസ്ഥാനം അനുഭവിച്ച നൂറുക്കണക്കായ വർഗീയ കലാപങ്ങളിലൊന്നിന് വീണ്ടും കോപ്പുകൂട്ടപ്പെടുകയാണോ എന്ന മതേതര വിശ്വാസികൾ ന്യായമായും സംശയിച്ചുപോകുന്നു. എ.ഐ.എം.ഐ.എം മേധാവി അസദുദ്ദീൻ ഉവൈസി ഓർമിപ്പിച്ചതുപോലെ മതപരമായ വേർതിരിവ് പ്രകടിപ്പിക്കാനുള്ള ഈ നീക്കം ഹിറ്റ്ലറുടെ ജർമ്മനിയെ ഓർമിപ്പിക്കുകയാണ്. ഉത്തർപ്രദേശ് രാഷ്ട്രീയത്തിൽ നിലവിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന അമ്പരിപ്പിക്കുന്ന കരുനീക്കങ്ങളിലേക്ക് ഈ വിഭാഗീയ ശ്രമങ്ങൾ തീർച്ചയായും വിരൽചൂണ്ടുന്നുണ്ട്. പ്രതിസന്ധികളെ മറികടക്കാനുള്ള ശ്രദ്ധതിരിച്ചുവിടൽ തന്ത്രം ബി.ജെ.പി സർക്കാറുകളുടെ മുഖമുദ്രയാണ്. കേന്ദ്രമെന്നോ സംസ്ഥാനമെന്നോ വ്യത്യാസമില്ലാതെ പിന്തുടരപ്പെടുന്ന ഈ രീതിക്ക് നിരവധി ഉദാഹരണങ്ങൾ രാജ്യത്തിന്റെ വിവിധയിടങ്ങളിൽ പ്രകടമായതാണ്.

ഉത്തർപ്രദേശിൽ മുഖ്യമന്ത്രി യോഗിക്കെതിരായ പടയൊരുക്കം സജീവമായിരിക്കുകയാണ്. അദ്ദേഹത്തെ മുഖ്യമന്ത്രി സ്ഥാനത്തുനിന്ന് താഴെയിറക്കാൻ ചരടുവലികളുമായി ഉപമുഖ്യമന്ത്രിയും ബി.ജെ.പി സംസ്ഥാന അധ്യക്ഷനും അടക്കമുള്ളവർ ഡൽഹിയിലാണുള്ളത്. ലോക്സഭാ തിരഞ്ഞെടുപ്പിനു മുമ്പുതന്നെ ബി.ജെ.പിയു.പി ഘടകത്തിൽ പുകഞ്ഞുകൊണ്ടിരുന്ന പ്രശ്നങ്ങളാണ് പൊട്ടിത്തെറിയിലേക്ക് നീങ്ങുന്നത്. പ്രധാനമന്ത്രി നരേന്ദ്രമോദിയെ നേരിട്ടു കണ്ട് ഉപമുഖ്യമന്ത്രി കേശവ് പ്രസാദ് മൗര്യ ആദിത്യനാഥിനെതിരെ പരാതി അറിയിച്ചതായാണ് വിവരം. തൊട്ടു പിന്നാലെ യു.പിയിലെ തിരഞ്ഞെടുപ്പ് തിരിച്ചടിയുടെ ഉത്തരവാദിത്വം ഏറ്റെടുത്ത് സംസ്ഥാന അധ്യക്ഷൻ ഭൂപേന്ദ്ര ചൗധരി രാജിക്കത്തും കൈമാറി. പാർട്ടി പുനഃസംഘടനക്ക് കളമൊരുക്കാൻ എന്ന പേരിലാണ് രാജിയെങ്കിലും യോഗിയുടെ രാജിക്കു വേണ്ടി സമ്മർദ്ദം ശക്തമാക്കുന്നതിനാണ് സംസ്ഥാന അധ്യക്ഷന്റെ രാജിയെന്നാണ് സൂചന. കലങ്ങിമറിഞ്ഞ ഈ രാഷ്ട്രീയ അനിശ്ചിതാവസ്ഥ തന്നെയാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് മാത്രമല്ല, കേന്ദ്രത്തിലെ സ്വന്തം ഘടകകക്ഷികളിൽ നിന്നുപോലും വിമർശനങ്ങൾ ഉയർന്നിട്ടും പൊലീസ് പുറപ്പെടുവിച്ച ഉത്തരവ് കടുപ്പിച്ച് മുഖ്യമന്ത്രി തന്നെ രംഗത്തെത്തിയത്. പ്രധാനമന്ത്രി നരേന്ദ്ര മോദിയും ആഭ്യന്തര മന്ത്രി അമിത്ഷായും ഒരു ഭാഗത്തും ആർ.എസ്.എസിന്റെ മാനസ പുത്രനായ യോഗി ആദിത്യനാഥ് മറുഭാഗത്തും അണിനിരക്കുന്ന ഈ പോര് സംഘപരിവാറിനെ സംബന്ധിച്ചടുത്തോളം അത്ര ലാഘവത്തോടെ കാണാൻ കഴിയില്ല.

രാഷ്ട്രീയ നേട്ടങ്ങൾക്കുവേണ്ടിയുള്ള ധ്രുവീകരണ ശ്രമങ്ങൾ ജനംതിരിച്ചറിഞ്ഞിട്ടുണ്ടെന്ന യാഥാർത്ഥ്യം ആർ.എസ്.എസും ബി.ജെ.പിയും ഇനിയെങ്കിലും തിരിച്ചറിയണം. ലോക്സഭാ തിരഞ്ഞെടുപ്പിൽ ഉത്തരേന്ത്യയും ഉത്തരപ്രദേശും അവർക്കുനൽകിയ പാഠമതാണ്. ബാബരി മസ്ജിദ് തകർത്ത് രാമക്ഷേത്രം നിർമിച്ച അയോധ്യയുടെ മണ്ണ് ഉൾക്കൊള്ളുന്ന ഫൈസാബാദ് മണ്ഡലത്തിൽ ബി.ജെ.പി പരാജയപ്പെട്ടത് ലക്ഷത്തിലധികം വോട്ടുകൾക്കാണ്. യാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ട് ഇത്തരം ഹീന ശ്രമങ്ങളിൽ നിന്ന് പിന്മാറാൻ മറ്റൊരു കലാപത്തിന് കോപ്പുകൂട്ടുന്ന യോഗിയും കൂട്ടരും തയാറാകേണ്ടിയിരിക്കുന്നു.

### അടിക്കുറിപ്പ്

**ഒ**രു കുടുംബവും ഒരു ജനതയും കാത്തിരിക്കുകയാണ്. ആശ്വാസകരമായ ഒരു വാർത്തക്ക് വേണ്ടി . വാർത്ത അറിഞ്ഞത് മുതൽ കർണാടക മുഖ്യമന്ത്രിയുമായി ശ്രീ കെ സി വേണുഗോപാൽ എം.പി സംസാരിക്കുന്നുണ്ട്. സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കും എന്ന് ഉറപ്പ് നൽകിയിട്ടുണ്ട് .

ഷാഫി പറമ്പിൽ

### ചരിത്രത്തിൽ ഇന്ന്

1960 ശ്രീലങ്കയിൽ സിരിമാവോ ബണ്ഡാരനായകയെ പ്രധാനമന്ത്രിയായി തിരഞ്ഞെടുത്തു. ലോകത്ത് തിരഞ്ഞെടുപ്പിലൂടെ ഒരു രാജ്യത്തിന്റെ ഭരണസാരഥ്യത്തിലെത്തുന്ന ആദ്യത്തെ വനിതയായി.
1962 കൊളംബിയയിലുണ്ടായ ഭൂകമ്പത്തിൽ 40 പേർ മരിച്ചു.
1969 അപ്പോളോ പതിനൊന്ന് ചന്ദ്രനിലിറങ്ങി.
1976 വൈക്കിങ് 1 പേടകം ചൊവ്വയിൽ വിജയകരമായി ഇറങ്ങി.
1976 വിയറ്റ്നാം യുദ്ധം:അമേരിക്കൻ പട്ടാളം തായ്ലന്റിൽ നിന്നും പൂർണ്ണമായും പിൻവാങ്ങി

# റെയിൽവേ കണ്ണുതുറക്കണം



പി .കെ ഫിറോസ്

> റെയിൽവേയുടെ അവഗണന തുറന്ന് കാണിച്ച് ഇന്ന് ജില്ലാ തലങ്ങളിൽ മുസ്‌ലിം യൂത്ത് ലീഗ് റെയിൽ സമരം നടത്തുമ്പോൾ കേരളത്തിന്റെ റെയിൽവേ മേഖലയിൽ വിപ്ലവം സൃഷ്ടിച്ച കേന്ദ്ര റെയിൽവേ സഹമന്ത്രിയുമായിരുന്ന അഹമ്മദ് സാഹിബിനെ സ്മരിക്കാതിരിക്കാൻ കഴിയില്ല. 19 മാസം കൊണ്ട് നിലമ്പൂർ തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ്സ് ഉൾപ്പെടെ 19 ട്രെയിനുകളാണ് അദ്ദേഹം കേരളത്തിലേക്ക് കൊണ്ട് വന്നത്.

**ലോ**കത്തെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനങ്ങളിലൊന്നാണ് ഇന്ത്യൻ റെയിൽവേ. ബ്രിട്ടീഷുകാരുടെ കാലത്ത് തന്നെ രാജ്യത്തെ പ്രധാന ഗതാഗത മാർഗങ്ങളിലൊന്നായി റെയിൽവേ മാറിയിരുന്നു. മറ്റു ഗതാഗത മാർഗങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ ചെലവ് കുറഞ്ഞതിനാലും സുരക്ഷിതത്വം പ്രദാനം ചെയ്യുന്നതിനാലും ആളുകൾ ദീർഘദൂര യാത്രക്കും ഹ്രസ്വ യാത്രക്കും കൂടുതലായി ട്രെയിൻ മാർഗമാണ് ആശ്രയിക്കുന്നത്. ഇന്ത്യയിൽ ഏകദേശം ഏഴായിരത്തിലധികം സ്റ്റേഷനുകളെ ബന്ധിപ്പിച്ച് 64000 ത്തോളം കിലോമീറ്ററുകൾ വ്യാപിച്ച് കിടക്കുന്ന ഗതാഗത സംവിധാനമാണിത്. ദിനംപ്രതി രണ്ടര ക്കോടിയിലധികം പേർ ട്രെയിനിൽ യാത്രചെയ്യാറുണ്ട് . കേന്ദ്ര സർക്കാറിന്റെ പ്രധാന വരുമാന സ്രോതസ്സ് കൂടിയാണിത്.

ഇന്ത്യയിൽ പ്രത്യേകിച്ച് റെയിൽവേ വരുമാനം കൂടുതൽ ലഭ്യമാകുന്ന സംസ്ഥാനമാണ് കേരളം. എന്നാൽ കേരളത്തിലെ റെയിൽവേ യാത്രക്കാർ കടുത്ത ദുരിതമാണ് അനുഭവിക്കുന്നത്. സമയക്രമമില്ലാതെ വൈകിയോടുന്ന വണ്ടികൾ യാത്രക്കാരെ വലിയ രീതിയിൽ പ്രയാസപ്പെടുത്തുന്നു. ഏറെ കൊട്ടിഘോഷിച്ച വന്ദേ ഭാരതിന് വേണ്ടി മറ്റു ട്രയിനുകൾ പിടിച്ചിടുന്നത് സ്ഥിരം സംഭവമായി മാറിയിട്ടുണ്ട്. ഇത് മൂലം ആയിരക്കണക്കിന് യാത്രക്കാരുടെ ഷെഡ്യൂളുകളാണ് താളം തെറ്റുന്നത്. റെയിൽവേ സ്റ്റേഷനുകളിലെ സൗകര്യക്കുറവുകളും ഇപ്പോൾ വലിയ ചർച്ചയായിട്ടുണ്ട്. ടിക്കറ്റുകൾ എടുക്കാൻ കൗണ്ടറുകൾ ഇല്ലാത്തതും, ഉള്ള കൗണ്ടറുകളിൽ ആവശ്യമായ ജീവനക്കാരില്ലാത്തതും കടുത്ത പ്രതിസന്ധിയാണ് യാത്രക്കാർക്ക് നൽകുന്നത്. കൊവിഡ് മറവിൽ പാസഞ്ചർ ട്രെയിനുകൾ വെട്ടിക്കുറച്ചത് വലിയസാമ്പത്തിക ബാധ്യതയാണ് യാത്രക്കാർക്കുണ്ടാക്കിയത്. കൊവിഡ് പശ്ചാത്തലത്തിൽ പാസഞ്ചറിൽ മിനിമം ചാർജ് പത്ത് രൂപയിൽ നിന്നും മുപ്പത് രൂപയാക്കി വർധിപ്പിച്ച നിരക്ക് വർധന ഇപ്പോഴും തുടരുകയാണ്. കൊവിഡാനന്തരം നിർത്തലാക്കിയ പാസഞ്ചർ ട്രയിനുകളെ എക്സ്പ്രസ്സ് ട്രയിനുകളാക്കി മാറ്റി സാധാരണക്കാരുടെ പോക്കറ്റടിക്കുന്നതിൽ റെയിൽവേ അധികൃതർ ആനന്ദിക്കുകയാണ്. മുതിർന്ന പൗരന്മാർക്കുണ്ടായിരുന്ന ഇളവുകൾ എടുത്തു മാറ്റിയതിലൂടെ റെയിൽവേയുടെ ക്ഷേമമുഖം വികൃതമായിരിക്കുകയാണ്. യാത്രക്കാരുടെ എണ്ണത്തിനു ആനുപാതികമായി വണ്ടികളില്ലാത്തതിനാൽ വടക്കേ മലബാറിലേക്കുള്ള യാത്ര ഏറെ ദുഷ്കരമാണ്. നേത്രാവതി എക്സ്പ്രസിലോ ആലപ്പുഴ കണ്ണൂർ എക്സ്പ്രസിലോ കയറി പറ്റാൻ കഴിഞ്ഞില്ലെങ്കിൽ പിന്നീട് റോഡ് മാർഗത്തെ ആശ്രയിക്കേണ്ടി വരുന്ന സ്ഥിതിയാണിന്ന്. ഈ വണ്ടികളിൽ തന്നെ കാല് കുത്താൻ കഴിയാതെ ശ്വാസം മുട്ടിയാണ് ജനങ്ങൾ യാത്ര ചെയ്യുന്നത്. ജനറൽ കമ്പാർട്ട്മെന്റിന്റെ എണ്ണം കുറഞ്ഞതിനാൽ സ്ലീപ്പർ എസി ക്ലാസുകളിലേക്ക് ആളുകൾ തള്ളിക്കയറുമ്പോൾ ടിക്കറ്റ് എടുത്തവർക്ക് സീറ്റ് നഷ്ടമാവുന്ന സ്ഥിതിയാണ്. ഇത് പലപ്പോഴും യാത്രക്കാർ തമ്മിലുള്ള കയ്യേറ്റത്തിനു പോലും കാരണമാവാറുണ്ട്.നിലവിലുണ്ടായിരുന്ന പാസഞ്ചർ ട്രെയിനുകൾ നിർത്തലാക്കിയതാണ് ഈ നരക യാത്രക്ക് അടിസ്ഥാന കാരണം.



ദീർഘദൂര ട്രെയിനുകളിൽ എ സി കോച്ചുകൾ വർധിപ്പിച്ചപ്പോൾ നിരവധി സെക്കന്റ് ക്ലാസ്, സ്ലീപ്പർ കോച്ചുകളാണ് വെട്ടിച്ചുരുക്കിയത്. സാധാരണ യാത്രക്കാരെയാണ് ഇത് ബാധിച്ചിരിക്കുന്നത്. സ്ഥിര യാത്രക്കാർക്കുണ്ടായിരുന്ന ഡീ റിസർവ്ഡ് കോച്ചുകൾ നിർത്തലാക്കിയതും അതാത് സമയങ്ങളിൽ അറ്റകുറ്റപണികളും നവീകരണ പ്രവൃത്തികളും നടത്താത്തതും റെയിൽ യാത്രയെ കൂടുതൽ സങ്കീർണ്ണമാക്കുന്നു.

ദക്ഷിണ റെയിൽവേയുടെ പ്രധാന ഡിവിഷനുകളിലൊന്നായ പാലക്കാട് ഡിവിഷൻ വിഭജിക്കാനുള്ള ശ്രമം നടക്കുന്ന വാർത്തകളും പുറത്ത് വരുന്നു. കേന്ദ്ര റെയിൽവേ സഹമന്ത്രി വി സോമണ്ണയുടെ നേതൃത്വത്തിൽ മംഗളൂരിൽ യോഗം ചേർന്ന് കഴിഞ്ഞു. മംഗലാപുരം കേന്ദ്രമാക്കി പുതിയ ഡിവിഷൻ രൂപീകരിക്കാനാണ് നീക്കം. 1956 ൽ രൂപീകരിച്ച പാലക്കാട് ഡിവിഷൻ ഇന്ത്യയിലെ ഏറ്റവും പഴക്കം ചെന്ന ഡിവിഷനുകളിലൊന്നാണ്. യാത്രക്കാരുടെ എണ്ണത്തിലും വരുമാനത്തിലും വലിയ സംഭാവനകൾ നൽകുന്ന പാലക്കാട് ഡിവിഷന്റെ പരിധി പോത്തന്നൂർ മുതൽ മംഗലാപുരം വരെയുള്ള 588 കിലോമീറ്ററാണ്. ഇത് നിർത്തലാക്കുന്നതോടെ കേരളത്തിന്റെ റെയിൽവേ സ്വപ്നങ്ങൾക്ക് വലിയ തിരിച്ചടി നേരിടും. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ദക്ഷിണ റെയിൽവേക്കായി കൂടുതൽ വരുമാനം ഉണ്ടാക്കിയ ആദ്യത്തെ പത്ത് സ്റ്റേഷനുകളിൽ നാലെണ്ണവും കേരളത്തിലാണ്. തിരുവനന്തപുരം സ്റ്റേഷൻ 263 കോടി രൂപയും പാലക്കാട് സ്റ്റേഷൻ 115 കോടി രൂപയുമാണ് വരുമാനം നൽകിയത്. പുതിയ വണ്ടികളും സൗകര്യങ്ങളും അനുവദിക്കണമെങ്കിൽ ഡിവിഷൻ നിർബന്ധമാണെന്നിരിക്കേ റെയിൽവേയുടെ പുതിയ നീക്കം മലയാളികളോടുള്ള വലിയ വെല്ലുവിളിയാണ്. ദീർഘദൂര ട്രെയിനുകളിൽ വെള്ളവും വൈദ്യുതിയും നിലക്കുന്നതും ബോഗികൾ ചോർന്നൊലിക്കുന്നതും നിത്യ വാർത്തകളായി വരുന്നു. ബർത്തുകൾ അടർന്ന് വീണ് യാത്രക്കാർക്ക് പരിക്ക് പറ്റിയതും വിതരണം ചെയ്ത ഭക്ഷണത്തിൽ നിന്നും തവളയെ പോലുള്ള ജീവികളെ കണ്ടെത്തിയതും റെയിൽവേയുടെ അനാസ്ഥ വ്യക്തമാക്കുന്നതാണ്. സിഗ്നൽ കൈമാറുന്നതിലെ അപാകത കാരണം വലിയ ദുരന്തങ്ങൾ ഉണ്ടാവുന്നത് പലപ്പോഴും ഭാഗ്യം കൊണ്ട് വഴിമാറിപ്പോവുന്നതും നിത്യ കാഴ്ചയാണ്. ട്രെയിൻ യാത്രക്കിടയിൽ ഉണ്ടാകുന്ന അപകടങ്ങൾ മുൻകൂട്ടി കാണാനും തരണം ചെയ്യാനും കഴിയുന്ന പ്രതിരോധ സംവിധാനമായ 'കവച്' പദ്ധതിക്ക് ആവശ്യമായി വരുന്നത് ഒരു കിലോമീറിന് 50 ലക്ഷം രൂപയാണ്. ഇന്ത്യയിൽ മൊത്തം നടപ്പാക്കാൻ ഏകദേശം 34000 കോടി രൂപയാണ് വേണ്ടത്. എന്നാൽ ബുള്ളറ്റ് ട്രെയിൻ സംവിധാനത്തിന്റെ ചെലവ് 108000 കോടി രൂപയാണ്. അപകടങ്ങൾ നിരന്തരമുണ്ടാകുന്ന സാഹചര്യം നില നിൽക്കുമ്പോൾ സാധാരണക്കാർക്ക് അപ്രാപ്യമായ ബുള്ളറ്റ് ട്രെയിനുകളേക്കാൾ സർക്കാർ പരിഗണന നൽകേണ്ടത് യാത്രക്കാരുടെ സുരക്ഷക്ക് തന്നെയാണ്. ലോക്കോ പൈലറ്റുമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ അമിത ജോലിഭാരവും അപകടങ്ങൾക്ക് കാരണമാകുന്നു. ആഴ്ചയിൽ 46 മണിക്കൂറെങ്കിലും വിശ്രമം നൽകണമെന്ന കോടതി ഉത്തരവ് ഉണ്ടായിട്ട് പോലും ഇപ്പോൾ ലോക്കോ പൈലറ്റുമാർക്കും മറ്റ് ടെക്നിക്കൽ ജീവനക്കാർക്കും 30 മണിക്കൂറിൽ താഴെയാണ് ആഴ്ച്ചയിൽ വിശ്രമം ലഭിക്കുന്നുള്ളൂ. ആധുനിക സൗകര്യങ്ങൾ ഉണ്ടെന്ന് പറയുന്ന വന്ദേഭാരതിൽ പോലും എൻജിനുകളിൽ ശൗച്യാലയങ്ങൾ ഇല്ലാത്തത് വലിയ നാണക്കേടാണ്. തത്കാൽ ടിക്കറ്റ് വെട്ടിക്കുറച്ച് പ്രീമിയം തത്കാൽ കൊണ്ടുവന്നത് സാധാരണക്കാർക്ക് താങ്ങാവുന്നതിലും അപ്പുറമായി. 300 മുതൽ 350 രൂപക്ക് ലഭ്യമായിരുന്ന തത്കാൽ ടിക്കറ്റുകൾ പ്രീമിയത്തിലേക്ക് മാറുമ്പോൾ ഏകദേശം മൂന്നിരട്ടിയിലധികം ചാർജാണ് വരുന്നത്. യാത്രക്കാരുടെ പോക്കറ്റടിക്കുന്ന ഈ പ്രവണത റെയിൽവേ അവസാനിപ്പിക്കണം.

ഈ വർഷത്തെ ബഡ്ജറ്റിൽ പോലും കടുത്ത അവഗണനയാണ് കേന്ദ്രം കേരളത്തോട് കാണിച്ചത്. മറ്റു സംസ്ഥാനങ്ങൾക്ക് നൽകിയ വിഹിതവുമായി താരതമ്യം ചെയ്യുമ്പോൾ ഏറ്റവും കുറവ് ലഭിച്ചതിൽ മൂന്നാമതാണ് കേരളം. ഉത്തർപ്രദേശിന് 19575 കോടി രൂപയും മധ്യപ്രദേശ്, മഹാരാഷ്ട്ര സംസ്ഥാനങ്ങൾക്ക് 15000 കോടിയിലധികവും അനുവദിച്ചപ്പോഴാണ് കേരളത്തിന് അർഹമായ വിഹിതം നൽകാൻ കേന്ദ്ര സർക്കാർ വിസമ്മതിച്ചത്. ഇതെല്ലാം നേടിയെടുക്കുന്നതിനായി പരിശ്രമിക്കേണ്ട സംസ്ഥാന സർക്കാറിന്റെ കഴിവ് കേടും തുറന്ന് കാട്ടേണ്ടതുണ്ട്.എം പിമാരുടെ യോഗങ്ങൾ യഥാ സമയങ്ങളിൽ വിളിച്ച് ചേർത്ത് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിന് പകരം കോടികൾ ചെലവഴിച്ച് കെ റെയിൽ പദ്ധതി തുടങ്ങാനാണ് പിണറായി സർക്കാർ തിടുക്കം കാണിച്ചത്. ഇതിന്റെ സർവെക്കും മറ്റുമായി ഇതിനകം തന്നെ ഭീമമായ സംഖ്യ ചെലവഴിച്ച് കഴിഞ്ഞു. അഴിമതി ലക്ഷ്യമാക്കി കേരള സർക്കാർ താൽപര്യമെടുത്ത പദ്ധതിക്കെതിരെ വ്യാപകമായ ജനരോഷം ഉയർന്നപ്പോഴാണ് പിണറായി സർക്കാറിന് പിൻമാറേണ്ടി വന്നത്. ഈ പദ്ധതി നടപ്പിലാക്കാൻ കാണിച്ചതിന്റെ പത്തിലൊന്ന് ശതമാനം ആത്മാർത്ഥത കാണിച്ചിരുന്നെങ്കിൽ കേന്ദ്രത്തിൽ നിന്നും പലതും നേടിയെടുക്കാൻ കഴിയുമായിരുന്നു.

റെയിൽവേയുടെ അവഗണന തുറന്ന് കാണിച്ച് ഇന്ന് ജില്ലാ തലങ്ങളിൽ മുസ്‌ലിം യൂത്ത് ലീഗ് റെയിൽ സമരം നടത്തുമ്പോൾ കേരളത്തിന്റെ റെയിൽവേ മേഖലയിൽ വിപ്ലവം സൃഷ്ടിച്ച കേന്ദ്ര റെയിൽവേ സഹമന്ത്രിയുമായിരുന്ന അഹമ്മദ് സാഹിബിനെ സ്മരിക്കാതിരിക്കാൻ കഴിയില്ല. മംഗലാപുരത്ത് നിന്നും തിരുവനന്തപുരത്തേക്ക് നടത്തിയ ജനസമ്പർക്ക യാത്ര ഏറെ ശ്രദ്ധിക്കപ്പെടുകയും കേരളത്തിന്റെ റെയിൽവേ വികസനത്തിന് മുതൽകൂട്ടാവുകയും ചെയ്തു. 19 മാസം കൊണ്ട് നിലമ്പൂർ തിരുവനന്തപുരം രാജ്യറാണി എക്സ്പ്രസ്സ് ഉൾപ്പെടെ 19 ട്രെയിനുകളാണ് അദ്ദേഹം കേരളത്തിലേക്ക് കൊണ്ട് വന്നത്. കൂടുതൽ മെമോ ട്രെയിനുകൾ അനുവദിച്ചും പാസഞ്ചർ ട്രെയിനുകളുടെ എണ്ണം കൂട്ടിയും ടിക്കറ്റ് നിരക്ക് കുറച്ചും ശുഭയാത്ര ഒരുക്കാൻ റെയിൽവേ കണ്ണു തുറക്കണം.സാധാരണ ജനങ്ങൾ തൊഴിലിനും പഠനത്തിനും വിനോദത്തിനും ആശ്രയിക്കുന്ന ട്രെയിൻ യാത്രയിൽ ദുരിതം പേറുന്ന ആയിരങ്ങൾക്ക് വേണ്ടിയുള്ള പോരാട്ടത്തിൽ കണ്ണികളാവാം.

# തളർന്ന് തദ്ദേശ ഭരണം



പി.കെ.ഷറഫുദ്ദീൻ

**1994**ൽ കേരള പഞ്ചായത്ത് രാജ്, നഗരപാലിക നിയമം നിലവിൽ വന്ന ശേഷം ഇതേവരെ അനുഭവിക്കാത്ത കടുത്ത പ്രതിസന്ധിയാണ് കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങൾ ഇപ്പോൾ നേരിടുന്നത്. ബജറ്റ് വിഹിതത്തെ അടിസ്ഥാനമാക്കി പദ്ധതി തയാറാക്കിയ തദ്ദേശസ്ഥാപനങ്ങൾക്ക് പ്രവൃത്തി പൂർത്തീകരിച്ചപ്പോൾ പണം ലഭിക്കാത്ത സാഹചര്യമാണ് 2023- 24 വർഷമുണ്ടായത്. ഈ തുക 2024-25

> തദ്ദേശഭരണ പ്രതിസന്ധി കേവലം ഭരണകൂടങ്ങളുടെ മാത്രം പ്രതിസന്ധിയല്ല. കേരളത്തിലെ അവശജനവിഭാഗങ്ങളുടെ കൂടി പ്രശ്നമാണ്. ഈ വിഷയത്തിൽ ലോക്കൽ ഗവൺമെന്റ് മെമ്പേഴ്സ് ലീഗ് പ്രക്ഷോഭ രംഗത്താണുള്ളത്. പ്രക്ഷോഭത്തിന്റെ ഭാഗമായി ഇന്ന് ജനപ്രതിനിധികളുടെ കലക്ട്രേറ്റ് ധർണ്ണ നടക്കും.

വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തണമെന്ന നിലപാട് സർക്കാർ സ്വീകരിച്ചതോടെ പ്രതിസന്ധി നടപ്പു വർഷത്തേയും ഉലയ്ക്കുകയാണ്. സംസ്ഥാനത്ത് നടപ്പാക്കുന്ന വികസന, ക്ഷേമ പദ്ധതികളിൽ ഏറിയ പങ്കും നിർവ്വഹിക്കുന്നത് തദ്ദേശസ്ഥാപനങ്ങൾ വഴിയാണ്. ബജറ്റ് വിഹിതം നഷ്ടപ്പെട്ടതോടെ പദ്ധതികൾ ഏറ്റെടുക്കാൻ സാധിക്കാതെ തദ്ദേശസ്ഥാപനങ്ങൾ ഇരുട്ടിൽ തപ്പുകയാണ്. മരാമത്ത് പ്രവൃത്തികളെ മാത്രമല്ല ഈ സാഹചര്യം പ്രതിസന്ധിയിലാക്കുക. കാർഷിക, മൃഗസംരക്ഷണ, ആരോഗ്യ, വിദ്യാഭ്യാസ, ദാരിദ്ര്യ ലഘൂകരണ മേഖലകളിലെ പദ്ധതികളെല്ലാം അനിശ്ചിതത്വത്തിലാണ്. ലൈഫ് ഭവന പദ്ധതി,അതിദരിദ്രർ,ഭിന്നശേഷി, പാലിയേറ്റീവ്, പട്ടികജാതി, പട്ടികവർഗ, മത്സ്യ തൊഴിലാളി, വനിതാ വിഭാഗങ്ങൾക്കുള്ള പദ്ധതികളും താളം തെറ്റി. തദ്ദേശഭരണ രംഗത്ത് രൂപപ്പെട്ട ഗുരുതര പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനുള്ള യാതൊരു നീക്കവും നാല് മാസമായിട്ടും സർക്കാരിൽ നിന്നുണ്ടായിട്ടില്ല.

ബജറ്റ് വിഹിതമായി ലഭിക്കേണ്ട തുകയിൽ 2928 കോടി രൂപയാണ് 2023-24 വർഷത്തിൽ തദ്ദേശസ്ഥാപനങ്ങൾക്ക് ലഭിക്കാതിരുന്നത്. മെയിന്റനൻസ് ഗ്രാന്റിന്റെ അവസാന ഗഡുവായ 1215 കോടി രൂപയും ജനറൽ പർപ്പസ് ഗ്രാന്റിലെ അവസാന മൂന്ന് ഗഡുക്കളായ 557 കോടി രൂപയും മാർച്ച് 31 വരെ അനുവദിച്ചില്ല. തന്മൂലം 2024 മാർച്ച് 31 വരെ ഈ തുകയുടെ ബില്ലുകൾ ട്രഷറിയിൽ സ്വീകരിച്ചിരുന്നില്ല. വികസന ഫണ്ടിന്റെ അവസാന ഗഡു അനുവദിച്ചത് മാർച്ച് 22ന് മാത്രമാണ്. അനുവദിച്ച ബജറ്റ് വിഹിതത്തിൽ തന്നെ 487.8 കോടിയുടെ മെയിന്റനൻസ് ഗ്രാന്റ്ബില്ലുകളും 668.32 കോടി രൂപയുടെ വികസന ഫണ്ടിൽ ഉൾപ്പെട്ട ബില്ലുകളും ട്രഷറിയിൽ സ്വീകരിച്ച ശേഷം പണം അനുവദിക്കാതെ സാമ്പത്തിക വർഷം അവസാനിച്ചതോടെ തിരിച്ചു നൽകുകയാണുണ്ടായത്.

2023-24ൽ അനുവദിക്കാത്ത ബജറ്റ് വിഹിതവും ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ട ബില്ലുകളുടെ തുകയും ഈ വർഷം പ്രത്യേക വിഹിതമായി അനുവദിക്കുമെന്നുള്ള പ്രതീക്ഷയിലായിരുന്നു തദ്ദേശസ്ഥാപനങ്ങൾ. മൂന്ന് മാസത്തെ കാത്തിരിപ്പിന് ശേഷം ജൂലൈ 7നാണ് ഇത് സംബന്ധിച്ച സർക്കാർ ഉത്തരവിറങ്ങിയത്. 1236/ 2024 നമ്പർ ഉത്തരവിൽ നിലവിലെ പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനുള്ള ഭാഗിക ശ്രമം പോലും ഉണ്ടായില്ല. ബജറ്റ് വിഹിതത്തിന്റെ 20% അധികം കണക്കാക്കി അതിനനുസരിച്ച് സ്പിൽ ഓവർ പദ്ധതികൾ ഉൾപ്പെടെ ക്രമീകരിച്ച് വാർഷിക പദ്ധതി പരിഷ്ക്കരിക്കണമെന്നാണ് ഉത്തരവ് വ്യക്തമാക്കുന്നത്. സർക്കാർ ഫണ്ട് അനുവദിക്കാത്തത് മൂലം മിക്ക തദ്ദേശ സ്ഥാപനങ്ങളിലും അമ്പത് ശതമാനത്തോളം പദ്ധതികൾക്ക് തുക നൽകാൻ അവശേഷിക്കുന്നുണ്ട്. പുതിയ ഉത്തരവ് പ്രകാരം പദ്ധതി ക്രമീകരിക്കുമ്പോൾ കഴിഞ്ഞ സാമ്പത്തിക വർഷം പ്രവൃത്തി പൂർത്തീകരിച്ചതും നടപ്പാക്കാനുള്ളതുമായ പദ്ധതികൾക്ക് പണം കണ്ടെത്തുന്നതിനായി ഈ വർഷത്തെ മിക്ക പദ്ധതികളും ഉപേക്ഷിക്കേണ്ടി വരും.

ബജറ്റ് വിഹിതം മുടങ്ങാതിരുന്ന മുൻ കാലങ്ങളിലും 20 % അധിക തുകക്ക് സ്പിൽ ഓവർ പദ്ധതികൾ അനുവദിച്ചിരുന്നു. വിവിധ കാരണങ്ങളാൽ നടപ്പാക്കാൻ കഴിയാതെ പോയ പദ്ധതികൾ തുടരുന്നതിനാണ് ഇത് അനുവദിച്ചിരുന്നത്. എന്നാൽ പൂർത്തീകരിച്ച് ബില്ല് സമർപ്പിച്ച പദ്ധതികൾക്ക് പോലും ഇത്തവണ പണം ലഭിക്കണമെങ്കിൽ നിലവിലുള്ള പദ്ധതി വെട്ടിച്ചിരിക്കേണ്ട സാഹചര്യമാണുള്ളത്. മെയിന്റനൻസ് ഗ്രാന്റിന്റെ 33% തുക കഴിഞ്ഞ വർഷം അനുവദിച്ചിട്ടില്ല. അനുവദിച്ചതിൽ 18 % തുകയുടെ ബില്ലുകൾ ട്രഷറിയിൽ നിന്ന് മടക്കുകയും ചെയ്തിട്ടുണ്ട്. 51 ശതമാനം തുക കഴിഞ്ഞ വർഷം അവശേഷിക്കെ അതിൽ 20 ശതമാനത്തിന് മാത്രം പദ്ധതി ഏറ്റെടുക്കാൻ അവസരം നൽകുന്ന വിചിത്ര സമീപനമാണുള്ളത്.

ക്യൂ ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ പദ്ധതികളും സ്പിൽ ഓവർ പദ്ധതികളായി ഏറ്റെടുക്കാൻ അവസരം നൽകുമെന്ന് നിയമസഭയിൽ മന്ത്രി നൽകിയ ഉറപ്പും പാലിക്കപ്പെട്ടിട്ടില്ല. ഇതിലൂടെ പ്രശ്നത്തിന്റെ ചെറിയ ഒരു ഭാഗം മാത്രമെ പരിഹരിക്കപ്പെടൂ. ഇതിന് പോലും തയാറാവാത്ത സമീപനം പ്രതിസന്ധിയുടെ ആഴം വർദ്ധിപ്പിക്കുന്നു. ബജറ്റ് വിഹിതം അനുവദിക്കാത്തതുമായി ബന്ധപ്പെട്ട് നിയമസഭയെ പോലും തെറ്റിദ്ധരിപ്പിക്കാനാണ് സർക്കാർ ശ്രമിച്ചത്. ഫണ്ട് അനുവദിക്കാത്തതുമായി ബന്ധപ്പെട്ട് ടി.വി.ഇബ്രാഹീം എം.എൽ.എ അവതരിപ്പിച്ച സബ്മിഷന് ബജറ്റ് വിഹിതം പൂർണമായും 2024 മാർച്ച് മാസത്തിൽ അനുവദിച്ചിരുന്നു എന്നാണ് വകുപ്പ് മന്ത്രിയുടെ അഭാവത്തിൽ മന്ത്രി വീണ ജോർജ്ജ് മറുപടി നൽകിയിരുന്നത്. മെയിന്റനൻസ് ഗ്രാന്റ് അവസാന ഗഡുവും ജനറൽ പർപ്പസ് ഗ്രാന്റ് അവസാന ഗഡുക്കളും മാർച്ച് 31 വരെ അനുവദിച്ചിട്ടില്ല എന്ന വസ്തുത കേരളത്തിലെ മുഴുവൻ ജനപ്രതിനിധികൾക്കും തദ്ദേശസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്കും വ്യക്തമാണെന്നിരിക്കെ അനുവദിക്കാത്ത ഫണ്ട് അനുവദിച്ചിരുന്നു എന്ന പ്രസ്താവന തദ്ദേശ സ്ഥാപനങ്ങളെ സംബന്ധിച്ച് പ്രകോപനപരമായിരുന്നു.

സംസ്ഥാന ബജറ്റിൽ ഓരോ തദ്ദേശസ്ഥാപനങ്ങൾക്കും വിവിധ വിഭാഗങ്ങളിലായി അനുവദിക്കുന്ന ഫണ്ട് കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. ഈ തുക കണക്കാക്കിയാണ് തദ്ദേശ സ്ഥാപനങ്ങൾ വാർഷിക പദ്ധതി തയ്യാറാക്കുന്നത്. ബജറ്റ് വിഹിതം മൂന്ന് തുല്യ ഗഡുക്കളായാണ് തദ്ദേശസ്ഥാപനങ്ങൾക്ക് അനുവദിക്കാറുള്ളത്. യു.ഡി.എഫ് സർക്കാറിന്റെ കാലത്ത് ഏപ്രിൽ, ജൂലൈ, ഡിസംബർ മാസങ്ങളിൽ കൃത്യമായി ബജറ്റ് വിഹിതം ലഭിച്ചിരുന്നു. എന്നാൽ ഒന്നാം പിണറായി സർക്കാറിന്റെ കാലം മുതൽ ഇതിൽ താളപ്പിഴവുണ്ടായി. അവസാന ഗഡു മാർച്ചിലേക്ക് നീളുന്ന സാഹചര്യത്തിലേക്ക് അത് മാറി. പണം ചിലവഴിക്കുന്നതിന് വിവിധ കുരുക്കുകൾ കൊണ്ടുവന്നെങ്കിലും സാമ്പത്തിക വർഷത്തിന്റെ അവസാന ദിനങ്ങളിലെങ്കിലും ബജറ്റ് വിഹിതം അനുവദിക്കുന്ന സാഹചര്യമുണ്ടായിരുന്നു. എന്നാൽ 2023-24ൽ ഇതാദ്യമായാണ് ബജറ്റ് വിഹിതം പൂർണമായി അനുവദിക്കാത്ത സാഹചര്യമുണ്ടായത്. അതോടൊപ്പം ഒക്ടോബർ മുതൽ ട്രഷറി നിയന്ത്രണം നിലവിൽ വരുന്ന സാഹചര്യവും മുമ്പുണ്ടായിട്ടില്ല.

യു.ഡി.എഫ് സർക്കാറിന്റെ കാലത്ത് ഒരു സാമ്പത്തിക വർഷം അനുവദിക്കുന്ന ബജറ്റ് വിഹിതത്തിന്റെ 10 ശതമാനം വർദ്ധിച്ച തുകയാണ് തൊട്ടടുത്ത വർഷം അനുവദിച്ചിരുന്നത്. എന്നാൽ ആ രീതിയിൽ വർദ്ധനവ് അനുവദിക്കുന്നില്ല എന്ന് മാത്രമല്ല അനുവദിച്ച തുക തന്നെ ഓരോ വർഷവും വിവിധ കാരണങ്ങൾ പറഞ്ഞു തിരിച്ചുപിടിക്കുന്ന സമീപനമാണ് കഴിഞ്ഞ എട്ടു വർഷമായി ഇടതു സർക്കാർ സ്വീകരിച്ചു വരുന്നത്. മെയിന്റനൻസ് ഗ്രാന്റ് ഒഴികെയുള്ള ഇത്തവണത്തെ ബജറ്റ് വിഹിതം 7704.30 കോടി രൂപയാണ്. അഞ്ച് വർഷം മുമ്പ് 2019 20 ൽ ഇത് 7209.10 കോടി രൂപയായിരുന്നു. അഞ്ച് വർഷം കൊണ്ട് 3896 കോടി രൂപ വർദ്ധിക്കേണ്ടിടത്ത് അധികരിച്ചത് വെറും 495 കോടി രൂപ മാത്രമാണ്. അതോടൊപ്പം യു.ഡി.എഫ് സർക്കാർ കാലത്ത് ഒരു വർഷം ചെലവഴിക്കാത്ത മുഴുവൻ തുകയും തൊട്ടടുത്ത വർഷം ക്യാരി ഓവർ ആയി അനുവദിച്ചിരുന്നു. ഈ തുക ജൂലൈ മാസത്തിൽ ബജറ്റ് വിഹിതത്തിന്റെ രണ്ടാം ഗഡുവിനൊപ്പം പൂർണമായും അനുവദിച്ചിരുന്നു. എന്നാൽ നിലവിൽ ഒരു വർഷം ചിലവഴിക്കാത്ത തുകയിൽ ബജറ്റ് വിഹിതത്തിന്റെ 20% മാത്രമാണ് തൊട്ടടുത്ത വർഷം ക്യാരി ഓവറായി അനുവദിക്കുക.

തദ്ദേശഭരണ പ്രതിസന്ധി കേവലം ഭരണകൂടങ്ങളുടെ മാത്രം പ്രതിസന്ധിയല്ല. കേരളത്തിലെ അവശജനവിഭാഗങ്ങളുടെ കൂടി പ്രശ്നമാണ്. ഈ വിഷയത്തിൽ ലോക്കൽ ഗവൺമെന്റ് മെമ്പേഴ്സ് ലീഗ് പ്രക്ഷോഭ രംഗത്താണുള്ളത്. പ്രക്ഷോഭത്തിന്റെ ഭാഗമായി ഇന്ന് ജനപ്രതിനിധികളുടെ കലക്ട്രേറ്റ് ധർണ്ണ നടക്കും.

**(ലോക്കൽ ഗവ. മെമ്പേഴ്സ് ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറിയാണ് ലേഖകൻ)**

RNI Reg No. KERMAL/2009/30266. Vol No.16. Issue No. 98 Printed and Published by P K K Bava for The Muslim Printing and Publishing Company Limited, Kozhikkode at Chandrika Press, Bypass road, Malappuram - 676 509.
Editor-Kamal Varadoor ( responsible for selection of news under PRB Act). Phone: 0483-2735901, 2735902, 2733283, Email-chandrikanews@gmail.com, chandrikaadmlp@gmail.com

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 20 ശനി
05
ഗൾഫ് ചന്ദ്രിക



## ഹരിയാന പിന്നോട്ടുപോയി

ചണ്ഡീഗഡ്: ബി.ജെ.പിയുടെ ഭരണത്തിൽ ഹരിയാന സർവ മേഖലയിലും പിന്നോട്ടുപോയതായി ആം ആദ്മി പാർട്ടി നേതാവും പഞ്ചാബ് മുഖ്യമന്ത്രിയുമായ ഭഗവന്ത് മാൻ. പത്ത് വർഷത്തെ ബി.ജെ.പി ഭരണം സംസ്ഥാനത്തെ നശിപ്പിച്ചിരിക്കുകയാണ്. സർക്കാർ ലാത്തി ഉപയോഗിച്ച് പാവപ്പെട്ട കർഷകരേയും യുവാക്കളേയും ദ്രോഹിച്ചു. അഭിമാനത്തോടെയും സന്തോഷത്തോടെയും സായുധസേനയിൽ ചേർന്ന് രക്തസാക്ഷികളായ ഹരിയാനയിലെ യുവത്വത്തെ അവഹേളിക്കുകയാണ് അഗ്നിവീർ പദ്ധതിയിലൂടെ ബി.ജെ.പി സർക്കാർ ചെയ്തത്. തൊഴിലില്ലായ്മ അടക്കം ജനകീയ പ്രശ്നങ്ങൾ പരിഹരിക്കാൻ അവർ ഒന്നും ചെയ്തില്ല.



## പ്രവർത്തകർ തീരുമാനിക്കട്ടെ

മുംബൈ: പാർട്ടി പിളർത്തി പോയെങ്കിലും കുടുംബത്തിൽ അജിത് പവാറിന്റെ സ്ഥാനത്തിൽ മാറ്റമില്ലെന്ന് എൻ.സി.പി സ്ഥാപകൻ ശരത് പവാർ. എന്നാൽ, പാർട്ടിയിൽ അജിത്തിന് സ്ഥാനം നൽകുന്നത് സംബന്ധിച്ച് സ്വന്തമായി തീരുമാനമെടുക്കാൻ കഴിയില്ല. പ്രതിസന്ധിഘട്ടത്തിൽ തന്നോടൊപ്പം നിന്ന സഹപ്രവർത്തകരാണ് അക്കാര്യം തീരുമാനിക്കേണ്ടത്. തിരഞ്ഞെടുപ്പ് വരും പോകും. എന്നാൽ, കുടുംബ ബന്ധങ്ങൾ ഉറച്ചുതന്നെനിൽക്കും. അജിത്തിന് പാർട്ടിയിൽ സ്ഥാനമുണ്ടോ എന്ന കാര്യത്തിൽ വ്യക്തിപരമായി തീരുമാനമെടുക്കില്ല. ലോക്സഭ തിരഞ്ഞെടുപ്പിൽ ബാരാമതിയിൽ മകൾ സുപ്രിയ സുലേയ്ക്കൊപ്പം നിന്ന വോട്ടർമാർക്ക് നന്ദി.



### ചുരുക്കത്തിൽ

## കശ്മീരിൽ ആശുപത്രി ക്വാർട്ടേഴ്സിൽ ഗ്രനേഡ്

ശ്രീനഗർ: ജമ്മു കശ്മീരിലെ പൂഞ്ച് ജില്ലയിൽ സർക്കാർ ആശുപത്രി ക്വാർട്ടേഴ്സിന്റെ ടെറസിൽ ഗ്രനേഡ് കണ്ടെത്തിയത് പരിഭ്രാന്തി പരത്തി. രാജ സുഖ്ദേവ് ജില്ലാ ആശുപത്രിയിലെ ജീവനക്കാരുടെ ക്വാർട്ടേഴ്സിൽ നിന്നാണ് ഗ്രനേഡ് കണ്ടെത്തിയത്. കുട്ടികൾ കളിക്കുന്നതിനിടെയാണ് ടെറസിന്റെ മൂലയിൽ നിന്ന് ഇത് ശ്രദ്ധയിൽപ്പെട്ടത്. ഉടൻ തന്നെ പൊലീസും ബോംബ് സ്കാഡും സ്ഥലത്തെത്തി ഗ്രനേഡ് നിർവീര്യമാക്കി. ഭീകരർ എറിഞ്ഞ ഗ്രനേഡ് ലക്ഷ്യം തെറ്റി എത്തിയതാണെന്നാണ് സംശയിക്കുന്നത്. ഇത് പൊട്ടിത്തെറിക്കാത്തതിനാൽ അപകമുണ്ടായില്ല. 'ടെറസിൽ എന്തോ ഉണ്ടെന്ന് എന്റെ കുട്ടികൾ എന്നോട് പറഞ്ഞു, അവിടെ ചെന്നപ്പോൾ മൂലയിൽ ഒരു വസ്തു കിടക്കുന്നത് കണ്ടു. ഇലക്ട്രിസിറ്റിയുമായി ബന്ധപ്പെട്ട വസ്തുവാണെന്ന് കരുതി. ഇലക്ട്രിസിറ്റി ഡിപ്പാർട്ട്മെന്റിനെ വിവരം അറിയിച്ചപ്പോഴാണ് സ്ഫോടക വസ്തുവാണെന്ന് തിരിച്ചറിഞ്ഞത്– ക്വാട്ടേഴ്സിലെ ഒരു ജീവനക്കാരി മാധ്യമപ്രവർത്തകരോട് പറഞ്ഞു. ജനങ്ങളോട് ജാഗ്രത പാലിക്കാനും സംശയാസ്പദമായ നീക്കങ്ങൾ കണ്ടാൽ ഉടൻ സുരക്ഷാ ഏജൻസികളെ അറിയിക്കാനും പൊലീസ് നിർദേശിച്ചു.

## പൈലറ്റിനെതിരെ ഗുരുതര പരാതിയുമായി ഭാര്യ

അഹമ്മദാബാദ്: ഭർത്താവിനെതിരെ ഗുരുതര ആരോപണങ്ങളുന്നയിച്ച് ഡെറാഡൂൺ സ്വദേശിനിയായ യുവതിയുടെ പരാതി. സുഹൃത്തുക്കളുടെ മുന്നിൽ വെച്ച് അന്താരാഷ്ട്ര വിമാനക്കമ്പനിയിലെ പൈലറ്റായ തന്റെ ഭർത്താവ് വിവസ്ത്രയാകാൻ ആവശ്യപ്പെട്ടുവെന്ന് ഇവർ പരാതിയിൽ പറയുന്നു. തന്നെ ഗാർഹിക പീഡനത്തിന് ഇരയാക്കിയതായും 35കാരിയുടെ പരാതി. അദലജ് പൊലീസ് സ്റ്റേഷനിലാണ് പരാതി സമർപ്പിച്ചിരിക്കുന്നത്. സിനിമാ മേഖലയിലെ വി.എഫ്.എക്സ് ആർടിസ്റ്റാണ് പരാതിക്കാരിയായ യുവതി. അന്താരാഷ്ട്ര വിമാനക്കമ്പനിയിലെ പൈലറ്റാണ് ഇവരുടെ ഭർത്താവ്. രണ്ട് പേരും ഡെറാഡൂൺ സ്വദേശികളാണ്. എട്ട് വർഷമായി ഇരുവരും തമ്മിൽ പരിചയപ്പെട്ടിട്ട്. വിവാഹിതരായിട്ട് അഞ്ച് വർഷവും. ദമ്പതികൾ ആദ്യം കൊൽക്കത്തയിലേക്കും പിന്നീട് മുംബൈയിലേക്കും മാറിയതായാണ് പരാതിയിലെന്ന് പൊലീസ് പറഞ്ഞു. മുംബൈയിൽ വെച്ച് ഭർത്താവ് സുഹൃത്തുക്കളെ സ്ഥിരമായി പാർട്ടിക്ക് വിളിക്കാറുണ്ടായിരുന്നു. ഇവിടെ വെച്ച് ട്രൂത്ത് ഓർ ഡെയർ കളിക്കുകയും അതിനിടയിൽ സുഹൃത്തുക്കളുടെ മുന്നിൽ വെച്ച് വസ്ത്രം ഉപേക്ഷിക്കാൻ ഭർത്താവ് ആവശ്യപ്പെടുകയായിരുന്നു. വിസ്സമതിച്ചതോടെ യുവതിയെ ഇയാൾ മർദിച്ചതായും പരാതിയിൽ പറയുന്നതായി പൊലീസ് കൂട്ടിച്ചേർത്തു.

## കാർ റോഡരികിലെ കിണറ്റിലേക്ക് മറിഞ്ഞ് ഏഴ് മരണം

ജൽന: മഹാരാഷ്ട്രയിലെ ജൽന ജില്ലയിൽ നിയന്ത്രണം വിട്ട ടാക്സി കാർ റോഡരികിലെ കിണറ്റിലേക്ക് മറിഞ്ഞ് ഏഴ് തീർത്ഥാടകർ മരിച്ചു. മൂന്നു പേർക്ക് പരിക്കേറ്റു. ബദ്നാപൂർ തഹസിലിലെ വസന്ത് നഗറിൽ വ്യാഴാഴ്ച വൈകിട്ട് 5:30 നായിരുന്നു അപകടം. ക്ഷേത്രനഗരമായ പന്ധർപൂരിൽ നിന്ന് തീർത്ഥാടനം കഴിഞ്ഞ് മടങ്ങുകയായിരുന്നു ഇവർ. ഡ്രൈവർ ഉൾപ്പെടെ 12 യാത്രക്കാർ ടാക്സിയിൽ ഉണ്ടായിരുന്നുവെന്നും എതിർദിശയിലെത്തിയ മോട്ടോർ സൈക്കിളിനെ രക്ഷിക്കാൻ ശ്രമിക്കുന്നതിനിടെ റോഡിൽ നിന്ന് തെന്നിമാറുകയായിരുന്നുവെന്നും ഉദ്യോഗസ്ഥർ പറഞ്ഞു.

### ഗവർണർമാർക്കുള്ള പ്രത്യേക പരിരക്ഷ

# വിശദ പരിശോധനക്ക് സുപ്രീം കോടതി

### നീക്കം ബംഗാൾ ഗവർണർക്കെതിരായ പീഡന പരാതിയിൽ

- വിഷയം പ്രധാനപ്പെട്ടതെന്ന് കോടതി
- അറ്റോർണി ജനറലിന്റെ സഹായം തേടി
- കേന്ദ്രത്തിനും ബംഗാളിനും നോട്ടീസ്

ന്യൂഡൽഹി: ഗവർണർമാർക്ക് അനുവദിച്ചിരിക്കുന്ന ഭരണഘടനാപരമായ ഇളവുകളുടെ സാധുത പരിശോധിക്കാൻ സുപ്രീം കോടതി. ഗവർണർ സിവി ആനന്ദ ബോസ് ലൈംഗികമായി പീഡിപ്പിച്ചുവെന്ന് ആരോപിച്ച് പശ്ചിമ ബംഗാൾ രാജ്ഭവനിലെ വനിതാ ജീവനക്കാരി നൽകിയ ഹർജിയെ തുടർന്നാണ് തീരുമാനം.

വിഷയത്തിൽ അറ്റോർണി ജനറലിന്റെ സഹായം സുപ്രീം കോടതി തേടിയിട്ടുണ്ട്. ഗവർണറുടെ ഹർജിയിൽ കേന്ദ്രത്തിനും സംസ്ഥാനത്തിനും പശ്ചിമ ബംഗാൾ ഗവർണർക്കും കോടതി നോട്ടീസ് അയച്ചു. വിഷയവുമായി ബന്ധപ്പെട്ട് തീർപ്പുകൽപ്പിക്കാൻ അറ്റോർണി ജനറൽ ആർ വെങ്കിട്ടരമണിയുടെ സഹായമാണ് ചീഫ് ജസ്റ്റിസ് ഡിവൈ ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് തേടിയത്. വിഷയം പ്രധാനപ്പെട്ടതാണെന്നും ബെഞ്ച് ചൂണ്ടി കാട്ടി. ജസ്റ്റിസുമാരായ ജെ.ബി പർദിവാല, മനോജ് മിശ്ര എന്നിവരടങ്ങിയ ബെഞ്ച് പശ്ചിമ ബംഗാൾ സംസ്ഥാനത്തിനും നോട്ടീസ് അയച്ചിട്ടുണ്ട്. വിഷയത്തിൽ യൂണിയനെ കക്ഷി ചേർക്കാൻ ഹർജിക്കാരന് അനുവാദം നൽകി.



ഭരണഘടനയുടെ അനുഛേദം 361 പ്രകാരം ഗവർണർമാർക്ക് ഭരണഘടനാപരമായ പരിരക്ഷയുണ്ടെങ്കിലും ക്രിമിനൽ കേസുകളിൽ അന്വേഷണം ആരംഭിക്കണമെന്ന് ഹർജിക്കാരന് വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ ശ്യാം ദിവാൻ കോടതിയിൽ ആവശ്യപ്പെട്ടു. കേസിൽ വളരെ ഗുരുതരമായ ഒരു സംഭവമാണ് നടന്നിരിക്കുന്നതെന്നും അന്വേഷണം നടത്തണമെന്നും അഭിഭാഷകൻ അറിയിച്ചു.

അതേ സമയം വാദം കേട്ട കോടതി ഗവർണർമാർക്ക് അനുവദിച്ചിരിക്കുന്ന ഭരണഘടനാപരമായ ഇളവുകളുടെ സാധുത പരിശോധിക്കുമെന്ന് വ്യക്തമാക്കി. മൂന്നാഴ്ചയ്ക്ക് ശേഷം അടുത്ത വാദം കേൾക്കാൻ ബെഞ്ച് തീരുമാനിച്ചു. മലയാളിയും 1977ബാച്ച് ഐ.എ.എസ് ഉദ്യോഗസ്ഥനുമാണ് സി.വി ആനന്ദ ബോസ്

### ബിൽക്കീസ് ബാനു കേസിൽ ജയിൽ മോചനം

# പ്രതികളുടെ ഹർജി സുപ്രീം കോടതി തള്ളി

ന്യൂഡൽഹി: 2002ലെ ഗുജറാത്ത് കലാപത്തോടനുബന്ധിച്ച് ഗോധ്രയിൽ നടന്ന ബിൽക്കീസ് ബാനു കൂട്ടബലാത്സംഗ കൊലപാതക കേസിലെ പ്രതികളുടെ ഇടക്കാല ജാമ്യാപേക്ഷ സുപ്രീം കോടതി തള്ളി.

ബിൽക്കീസ് ബാനുവിനെ കൂട്ടബലാത്സംഗം ചെയ്യുകയും അവരുടെ കുടുംബാംഗങ്ങൾ ഉൾപ്പെടെയുള്ളവരെ കൂട്ടക്കൊല ചെയ്യുകയും ചെയ്ത കേസിൽ കോടതി ശിക്ഷിച്ച രാധേശ്യാം ഭഗവാൻദാസ്, രാദുഭായ് ബാബുലാൽ എന്നീ പ്രതികളാണ് തങ്ങളുടെ മാപ്പപേക്ഷയിൽ അന്തിമ തീർപ്പ് വരുന്നത് വരെ ജയിൽ മോചനം ആവശ്യപ്പെട്ട് സുപ്രീം കോടതിയെ സമീപിച്ചത്. 2022ലെ സ്വാതന്ത്ര ദിനത്തോടനുബന്ധിച്ച് ബിൽക്കീസ് ബാനു കേസിലെ പ്രതികളെ ഗുജറാത്ത് സർക്കാർ പൊതു മാപ്പ് നൽകി വിട്ടയച്ചിരുന്നു. ഇതിനെ ചോദ്യം ചെയ്ത് ബിൽക്കീസ് ബാനു നൽകിയ ഹർജിയിൽ ഈ ഉത്തരവ് സുപ്രീം കോടതി റദ്ദാക്കിയിരുന്നു. ഇതിനെതിരെയാണ് ഇരുവരും കോടതിയെ സമീപിച്ചത്. ഗുജറാത്ത് സർക്കാർ തങ്ങൾക്ക് പൊതു മാപ്പ് നൽകി വിട്ടയച്ചത് റദ്ദാക്കിയ സുപ്രീം കോടതി വിധി റദ്ദാക്കണമെന്നും വിഷയം വിശാല ബെഞ്ചിന് വിടണമെന്നും ആവശ്യപ്പെട്ടാണ് പ്രതികളായ ഭഗവാൻദാസും ബാബുലാലും ഹർജി നൽകിയത്. സുപ്രീം കോടതിയുടെ രണ്ട് ബെഞ്ചുകൾ വിരുദ്ധ വിധി പ്രസ്താവം പുറപ്പെടുവിച്ച സാഹചര്യത്തിൽ വിശാല ബെഞ്ചിന് വിടണമെന്നും ഇരുവരും ഹർജിയിൽ ആവശ്യപ്പെട്ടിരുന്നു.

2022 മെയ് 13ന് ഗുജറാത്ത് സർക്കാർ തീരുമാനത്തെ അനുകൂലിച്ചുള്ള വിധിയോ 2024 ജനുവരി എട്ടിന് ഗുജറാത്ത് സർക്കാർ തീരുമാനം റദ്ദാക്കിയുള്ള വിധിയോ സ്വീകാര്യമെന്നത് വ്യക്തമാക്കണമെന്നും ഇരുവരും ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇതെന്ത് ഹർജിയാണെന്നായിരുന്നു സുപ്രീം കോടതിയുടെ ചോദ്യം. ഈ ഹർജി എങ്ങിനെ നിലനിൽക്കുമെന്നും പൊതുതാൽപര്യ ഹർജിയിൽ മാത്രം ഇരിക്കാൻ പറ്റുമോ എന്നും കോടതി ചോദിച്ചു. 2022 മെയിലെ വിധിയെ നിശിതമായി വിമർശിച്ചു കൊണ്ടായിരുന്നു ഈ വർഷം ജനുവരിയിൽ സുപ്രീം കോടതി വിധി പ്രസ്താവം നടത്തിയത്.

2014ലെ നിയമത്തെ മറികടന്ന് 1992ലെ പൊതുമാപ്പ് നയമാണ് ഗുജറാത്ത് സർക്കാർ സ്വീകരിച്ചതെന്നും കേസിലെ 11 പ്രതികളോടും തിരികെ ജയിലിലെത്തി കീഴടങ്ങാനും സുപ്രീം കോടതി നിർദേശിച്ചിരുന്നു. ഗുജറാത്ത് കലാപ സമയത്ത് അഞ്ചു മാസം ഗർഭിണിയായിരുന്ന 21കാരി ബിൽക്കീസ് ബാനുവിനെ കൂട്ടബാലാത്സംഗം ചെയ്യുകയും അവരുടെ മൂന്ന് വയസ് പ്രായമായ മകളുൾപ്പെടെ കുടുംബത്തിലെ ഏഴു പേരെ തീവ്ര ഹിന്ദുത്വ പ്രവർത്തകരായ പ്രതികൾ കൂട്ടക്കൊല ചെയ്യുകയും ചെയ്തിരുന്നു.

### മൈക്രോസോഫ്റ്റ് തകരാർ

## സാമ്പത്തിക മേഖലയെ വ്യാപകമായി ബാധിച്ചിട്ടില്ല: ആർ.ബി.ഐ

ന്യൂഡൽഹി: ആഗോളതലത്തിലെ മൈക്രോസോഫ്റ്റ് സേവനങ്ങൾ തടസപ്പെട്ടതിനെത്തുടർന്ന് തങ്ങളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ അതിന്റെ ആഘാതം വിലയിരുത്താൻ സമഗ്രമായ പരിശോധന നടത്തിയെന്ന് റിസർവ് ബാങ്ക്.

10 ബാങ്കുകളേയും ബാങ്കിതരധനകാര്യസ്ഥാപനങ്ങളേയും മൈക്രോസോഫ്റ്റ് തകരാർ ബാധിച്ചുവെന്ന് കണ്ടെത്തി. ഇതിൽ പലതും പരിഹരിച്ചു. ബാക്കിയുള്ളവ പരിഹരിക്കാനുള്ള ശ്രമം തുടരുകയാണെന്നും അർ.ബി.ഐ വ്യക്തമാക്കി. മിക്ക ബാങ്കുകളുടേയും പ്രധാനസിസ്റ്റങ്ങൾ ക്ലൗഡിൽ ഹോസ്റ്റ് ചെയ്തിട്ടില്ല. വളരെക്കുറച്ച് സ്ഥാപനങ്ങൾ മാത്രമേ സൈബർ സുരക്ഷയ്ക്കുവേണ്ടി ക്രൗഡ്സ്ട്രൈക്കിനെ ആശ്രയിക്കുന്നുള്ളൂ. പ്രവർത്തനം തടസ്സമില്ലാതെ മുന്നോട്ടുപോകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സ്ഥാപനങ്ങളോട് നിർദേശിച്ചു. ഇന്ത്യൻ സാമ്പത്തിക മേഖലയെ മൈക്രോസോഫ്റ്റ് തകരാർ വ്യാപകമായി ബാധിച്ചിട്ടില്ലെന്നും ആർ.ബി.ഐ അറിയിച്ചു. വിൻഡോസ് അധിഷ്ഠിത കംപ്യൂട്ടറുകളുടെ നെറ്റ്വർക്കിൽ സൈബർ സുരക്ഷാ സേവനമായ ക്രൗഡ് സ്ട്രൈക്കിന്റെ പുതിയ അപ്ഡേറ്റ് ഇൻസ്റ്റാൾ ചെയ്യപ്പെട്ടതോടെയാണ് പ്രശ്നങ്ങളുടെ തുടക്കം.

മൈക്രോസോഫ്റ്റിന്റെ അഷർ ക്ലൗഡ് സേവനങ്ങളെ ഈ ശ്ര്നം ബാധിച്ചതോടെയാണ് എയർലൈൻ, ബാങ്കിങ് ഉൾപ്പടെയുള്ള സേവനങ്ങളുടെ പ്രവർത്തനങ്ങൾ തടസപ്പെട്ടത്.ക്ലൗഡ് അധിഷ്ഠിത സേവനങ്ങൾക്ക് ക്രൗഡ് സ്ട്രൈക്കിന്റെ സുരക്ഷാ സേവനം ഉപയോഗിക്കുന്നവരെയാണ് ഈ പ്രശ്നം ബാധിച്ചത്.

## വിഷവാതകം ശ്വസിച്ച് നാല് തൊഴിലാളികൾ മരിച്ചു

മോത്തിഹാരി: ബിഹാറിൽ സെപ്റ്റിക് ടാങ്ക് വൃത്തിയാക്കാനിറങ്ങിയ നാല് തൊഴിലാളികൾ വിഷവാതകം ശ്വസിച്ച് മരിച്ചു. കിഴക്കൻ ചമ്പാരൻ ജില്ലയിലെ ധാക്ക പൊലീസ് സ്റ്റേഷൻ പരിധിയിലാണ് സംഭവം. ഒരാളെ രക്ഷപ്പെടുത്തി. മരിച്ച തൊഴിലാളികൾ 18 നും 60 നും ഇടയിൽ പ്രായമുള്ളവരാണെന്ന് ഡി.എസ്.പി കാന്തേഷ് കുമാർ മിശ്ര പറഞ്ഞു. സെപ്റ്റിക് ടാങ്കിനുള്ളിൽ ബോധരഹിതരായി വീണ അഞ്ച് തൊഴിലാളികളെയും അടുത്തുള്ള സ്വകാര്യ ക്ലിനിക്കിലെത്തിച്ചെങ്കിലും നാല് പേർ മരിച്ചു. ഡോക്ടർമാരുടെ അനാസ്ഥയാണ് മരണത്തിന് കാരണമെന്നാരോപിച്ച് ജനക്കൂട്ടം ക്ലിനിക്ക് ആക്രമിക്കുകയും ആംബുലൻസിന് തീയിടുകയും ചെയ്തു.

### കടകളിൽ ഉടമയുടെ പേര് പ്രദർശിപ്പിക്കൽ

# ബി.ജെ.പിയെ വിമർശിച്ച് ഘടകകക്ഷികൾ

ന്യൂഡൽഹി: കൻവാർ തീർത്ഥയാത്ര കടന്നുപോകുന്ന വഴികളിലുള്ള ഭക്ഷണശാലകളിൽ കടയുടമകളുടെ പേര് പ്രദർശിപ്പിക്കണമെന്ന ഉത്തർപ്രദേശ് സർക്കാരിന്റെ ഉത്തരവിനെതിരെ വിമർശനവുമായി എൻ.ഡി.എ ഘടകകക്ഷികൾ. മതത്തിന്റെയും ജാതിയുടെയും പേരിൽ ജനങ്ങളെ ഭിന്നിപ്പിക്കുന്ന യു.പി സർക്കാരിന്റെ നിർദേശത്തെ പിന്തുണക്കുന്നില്ലെന്ന് വ്യക്തമാക്കി നിതീഷ് കുമാറിന്റെ ജെ.ഡി.യു, ചിരാഗ് പാസ്വാന്റെ ലോക്ജൻശക്തി പാർട്ടി, ജയന്ത് ചൗധരിയുടെ ആർ.എൽ.ഡി എന്നിവരാണ് രംഗത്തെത്തിയത്.

മതത്തിന്റെയും ജാതിയുടെയും പേരിലുള്ള വിഭജനത്തെ ഒരിക്കലും അംഗീകരിക്കില്ലെന്ന് കേന്ദ്രമന്ത്രി കൂടിയായ ചിരാഗ് വ്യക്തമാക്കി. ദരിദ്രർ, ധനികർ എന്നിങ്ങനെ താൻ മനുഷ്യരിൽ രണ്ടുവിഭാഗങ്ങളുണ്ടെന്നാണ് താൻ വിശ്വസിക്കുന്നത്. ഈ വിഭാഗങ്ങൾ തമ്മിലുള്ള അന്തരം ഇല്ലാതാക്കാനാണ് ശ്രമിക്കേണ്ടത്. ദലിതർ, പിന്നാക്ക വിഭാഗക്കാർ, ഉയർന്ന ജാതിക്കാർ, മുസ്ലിംകൾ തുടങ്ങി സമൂഹത്തിലെ എല്ലാ വിഭാഗങ്ങളും ഉൾപ്പെടുന്ന ദരിദ്രർക്കുവേണ്ടി പ്രവർത്തിക്കുക എന്നത് ഓരോ സർക്കാരിന്റെയും ഉത്തരവാദിത്തമാണ്. എല്ലാവരും അവിടെയുണ്ട്. അവർക്കുവേണ്ടി നമ്മൾ പ്രവർത്തിക്കണം– ചിരാഗ് പാസ്വാൻ പറഞ്ഞു. ജാതിയുടെയും മതത്തിന്റെയും അടിസ്ഥാനത്തിൽ ഭിന്നിപ്പുണ്ടായാൽ അതിനെ ഒരിക്കലും പ്രോത്സാഹിപ്പിക്കില്ല. എന്റെ പ്രായത്തിലുള്ള വിദ്യാസമ്പന്നരായ ഒരാളും ഇത്തരം ചിന്താഗതികൾ വെച്ചുപുലർത്തുന്നില്ല എന്നാണ് തോന്നുന്നത്. ജാതീയതക്കും വർഗീയതക്കും ഏറ്റവും കൂടുതൽ ഇരയായ സംസ്ഥാനങ്ങളിൽ ഒന്നാണ് ബിഹാർ. എന്നാൽ ഇത്തരം കാര്യങ്ങൾക്കെതിരാണെന്ന് പരസ്യമായി പറയാൻ മടിയില്ലെന്നും ചിരാഗ് പറഞ്ഞു. സബ്ക വികാസ് എന്ന മുദ്രാവാക്യത്തിന് വിരുദ്ധമാണ് ഇത്തരം നീക്കമെന്ന് ജെ.ഡി(യു) നേതാവ് കെ.സി ത്യാഗി പ്രതികരിച്ചു.

'ഇതിനെക്കാൾ വലിയ കൻവാർ യാത്ര ബിഹാറിൽ നടക്കുന്നു. അവിടെ ഇത്തരം ഉത്തരവ് പുറപ്പെടുവിക്കാറില്ല. സബ്കാ സാത്ത്, സബ്കാ വികാസ്, സബ്ക വിശ്വാസ് എന്ന് പ്രധാനമന്ത്രി സംസാരിക്കുന്നു. ഇതിന് വിരുദ്ധമായ നീക്കങ്ങളാണിത്– അദ്ദേഹം പറഞ്ഞു. മുസ്ലിംകൾക്കെതിരായ സാമ്പത്തിക ബഹിഷ്കരണത്തെ സാമാന്യവത്കരിക്കുന്ന ഉത്തരവാണ് യു.പി പൊലീസിന്റേതെന്ന് കോൺഗ്രസ് വക്താവ് പവൻ ഖേരയും കുറ്റപ്പെടുത്തി.

പൊലീസിന്റെ ഉത്തരവ് സാമൂഹിക കുറ്റകൃത്യമാണെന്ന് സമാജ്‌വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവ് കഴിഞ്ഞ ദിവസം പ്രതികരിച്ചിരുന്നു. ഉത്തരേന്ത്യയിൽ ശ്രാവണമാസത്തിൽ ഹരിദ്വാറിലും ഋഷികേശിലും മറ്റും കാൽനടയായെത്തി ഗംഗാജലം ശേഖരിച്ച് മടങ്ങുന്ന തീർത്ഥയാത്രയാണ് കൻവാർ യാത്ര.

### പേര് പ്രദർശിപ്പിക്കൽ നിർബന്ധം; ഉത്തരവിട്ട് യോഗി ആദിത്യനാഥ്

ലക്നൗ: കൻവാർ തീർത്ഥയാത്ര കടന്നുപോകുന്ന വഴികളിലുള്ള ഭക്ഷണശാലകളിൽ കടയുടമകളുടെ പേര് പ്രദർശിപ്പിക്കണമെന്ന് ഉത്തരവിട്ട് യു.പി മുഖ്യമന്ത്രി യോഗി ആദിത്യനാഥ്. തീർത്ഥാടകരുടെ പവിത്രത സംരക്ഷിക്കാനാണ് നടപടിയെന്നാണ് മുഖ്യമന്ത്രിയുടെ ന്യായീകരണം. നേരത്തെ മുസഫർനഗർ പൊലീസ് സമാനമായ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രതിഷേധമുയർന്നതോടെ ഉടമകൾക്ക് സ്വമേധയാ പേര് പ്രദർശിപ്പിക്കാമെന്ന് നിർദ്ദേശിച്ച് ജില്ലാ ഭരണകൂടം ഉത്തരവ് പരിഷ്ക്കരിച്ചിരുന്നു. ഇതിന് പിന്നാലെയാണ് പേര് നിർബന്ധമാക്കി മുഖ്യമന്ത്രി ഉത്തരവിറക്കിയത്.



ഇതനുസരിച്ച് കൻവാർ യാത്ര കടന്നുപോകുന്ന മേഖലകളിലെ എല്ലാ കടകളിലും ഭക്ഷണശാലകളിലും ഉന്തുണ്ടികളിലും ഉടമകളുടെ പേരുകൾ പ്രദർശിപ്പിക്കണം. യു.പി സർക്കാരിന്റെ ഈ വിചിത്ര നീക്കം മുസ് ലിം വ്യാപാരികളെ ലക്ഷ്യമിട്ടാണെന്ന വിമർശനം ശക്തമായിരിക്കെയാണ് പുതിയ ഉത്തരവ്.

വിവാദ നിർദേശത്തിനു പിന്നാലെ, കടകളിൽ നിന്ന് മുസ്ലിം തൊഴിലാളികളെ ഒഴിവാക്കാനും യു.പി പൊലീസ് നിർദേശം നൽകുന്നതായി റിപ്പോർട്ടുണ്ട്. ഇതേ തുടർന്ന് മുസഫർനഗറിലെ ധാബയിൽ നിന്ന് നാല് മുസ്ലിം തൊഴിലാളികളെ ഉടമ പറഞ്ഞുവിട്ടു. അതേസമയം നോൺവെജ് ഭക്ഷണം വിറ്റഴിക്കാൻ മുസ്ലിംകൾ കടകൾക്ക് ഹിന്ദു പേരുകൾ നൽകുകയാണെന്ന വിദ്വേഷ പരാമർശവുമായി യു.പി മന്ത്രി രംഗത്തെത്തി. നൈപുണ്യ വികസന തൊഴിൽ പരിശീലന വകുപ്പ് മന്ത്രിയും മുസാഫർനഗർ എംഎൽഎയുമായ കപിൽ ദേവ് അഗർവാളാണ് ആരോപണവുമായി രംഗത്തെത്തിയത്.



## ഭരണഘടനക്ക് നേരെയുള്ള ആക്രമണമെന്ന് പ്രിയങ്ക ഗാന്ധി

ന്യൂഡൽഹി: യു.പി സർക്കാറിന്റെ വിവാദ ഉത്തരവിനെതിരെ വിമർശനവുമായി എ.ഐ.സി.സി സെക്രട്ടറി പ്രിയങ്ക ഗാന്ധി. യു.പി സർക്കാർ തീരുമാനം ഭരണഘടന വിരുദ്ധമെന്നും അവർ പറഞ്ഞു. ജാതിയുടേയും മതത്തിന്റേയും പേരിൽ സമൂഹത്തിൽ വിഭജനമുണ്ടാക്കുന്നത് ഭരണഘടനക്കു നേരെയുള്ള കടുത്ത ആക്രമണമാണ്. ഈ ഉത്തരവ് ഉടൻ പിൻവലിക്കണം. ഇതിന് നിർദേശം നൽകിയവർക്കെതിരെ നടപടി എടുക്കണമെന്നും പ്രിയങ്ക എക്സിൽ കുറിച്ചു. ജാതിയുടേയോ, മതത്തിന്റേയോ ഭാഷയുടേയോ പേരിൽ ഒരു തരത്തിലുള്ള വിവേചനവും പാടില്ലെന്ന് ഭരണഘടന ഉറപ്പ് നൽകുന്നതാണ്. എന്നാൽ ഭക്ഷണ ശാലകളുടെ ഉടമകൾ പേര് പ്രദർശിപ്പിക്കണമെന്ന് ആവശ്യപ്പെടുന്നത് ഭരണഘടനക്ക് നേരെയുള്ള ആക്രമണമാണെന്നും അവർ കൂട്ടിച്ചേർത്തു.

# പൂജ ഖേദ്കറുടെ ഐ.എ.എസ് റദ്ദാക്കാൻ നടപടി തുടങ്ങി

### അടിമുടി വ്യാജമെന്ന് യു.പി.എസ്.സി

ന്യൂഡൽഹി: അധികാര ദുർവിനിയോഗവും വ്യാജ സർട്ടിഫിക്കറ്റ് സമർപ്പിച്ചെന്ന ആരോപണവും നേരിടുന്ന വിവാദ ഐ.എ.എസ് ട്രെയിനി ഓഫിസർ പൂജ ഖേദ്കറിന്റെ ഐ.എ.എസ് പദവി റദ്ദാക്കാൻ യു.പി.എസ്.സി (യൂനിയൻ പബ്ലിക് സർവിസ് കമ്മീഷൻ) നടപടി തുടങ്ങി. ഐ.എ.എസ് റദ്ദാക്കാതിരിക്കാനുള്ള കാരണം കാണിക്കണമെന്നാവശ്യപ്പെട്ട് യു.പി.എസ്.സി പൂജക്ക് നോട്ടീസ് അയച്ചു. ഇനിയുള്ള എല്ലാ പരീക്ഷകളിൽനിന്നും അവരെ അയോഗ്യയാക്കുകയും ചെയ്തു.

പൂജ ഖേദ്കറിന്റെ തെറ്റായ പെരുമാറ്റത്തിൽ വിശദവും സമഗ്രവുമായ അന്വേഷണം നടത്തിയതായി യു.പി.എസ്.സി വാർത്താക്കുറിപ്പിൽ അറിയിച്ചു. പ്രാഥമിക അന്വേഷണത്തിൽ ഉദ്യോഗസ്ഥ തെറ്റുകാരിയാണെന്ന് തെളിഞ്ഞിട്ടുണ്ട്. പേര്, പിതാവിന്റെയും മാതാവിന്റെയും പേര്, ഫോട്ടോ, ഒപ്പ്, ഇമെയിൽ ഐ.ഡി, മൊബൈൽ നമ്പർ എന്നിവ വ്യാജമായി സമർപ്പിച്ച് വഞ്ചനാപരമായ കാര്യങ്ങൾ നടത്തിയതായി അന്വേഷണത്തിൽ നിന്ന് വെളിപ്പെട്ടു. അവർക്കെതിരെ ക്രിമിനൽ നടപടി സ്വീകരിക്കാൻ പൊലീസിന് നിർദേശം നൽകി.

എല്ലാ പരീക്ഷാ പ്രക്രിയകളുടെയും പവിത്രതയും സമഗ്രതയും നീതിയോടെയും നിയമങ്ങൾ കർശനമായി പാലിക്കാനും കമ്മീഷൻ പ്രതിജ്ഞാബദ്ധമാണെന്നും യു.പി.എസ്.സി അറിയിച്ചു. പൂനെ അസിസ്റ്റന്റ് കലക്ടറായിരുന്ന പൂജ സ്വകാര്യ കാറിൽ അനധികൃതമായി സർക്കാർ ബോർഡ് വെക്കുകയും ബീക്കൺ ലൈറ്റ് ഘടിപ്പിക്കുകയും ചെയ്തതോടെയാണ് വാർത്തകളിൽ നിറയുന്നത്.

സ്വകാര്യ കാറിലെ സഞ്ചാരവും അഡീഷണൽ കളക്ടറുടെ ചേമ്പർ കയ്യേറിയതും വിവാദമായതോടെ ഇവരെ വാഷിം ജില്ലയിലക്ക് സ്ഥലം മാറ്റി. പിന്നാലെ പൂജക്കെതിരെ തുടർച്ചയായ ആരോപണങ്ങൾ ഉയർന്നു. 2022 ബാച്ച് ഐ.എ.എസ് ഉദ്യോഗസ്ഥയായ ഇവർ സർവീസിൽ പ്രവേശിക്കാനായി മെഡിക്കൽ സർട്ടിഫിക്കറ്റും ജാതി സർട്ടിഫിക്കറ്റും വ്യാജമായി നിർമ്മിച്ചുവെന്നാണ് പ്രധാന ആരോപണം.

കാഴ്ചപരിമിതിയുണ്ടെന്ന് അവകാശപ്പെട്ടാണ് ഇവർ യു.പി.എസ്.സി പരീക്ഷയെഴുതിയത്. ഒ.ബി.സി വിഭാഗത്തിലെ പരീക്ഷാർത്ഥിയായിരുന്നു പൂജ. ഐ.എ.എസ് സെലക്ഷന് ശേഷം പൂജയെ മെഡിക്കൽ പരിശോധനയ്ക്കായി വിളിച്ചെങ്കിലും ഇവർ പല കാരണങ്ങൾ പറഞ്ഞ് ഹാജരായില്ലെന്നാണ് റിപ്പോർട്ട്.

മോഷണക്കേസിൽ അറസ്റ്റിലായ പ്രതിയെ മോചിപ്പിക്കാൻ ഡി.സി.പി റാങ്കിലുള്ള പോലീസുദ്യോഗസ്ഥനെ സമ്മർദത്തിലാക്കാൻ പൂജ ശ്രമിച്ചതായും വാർത്തവന്നു. നവിമുംബൈ പൊലീസ് മഹാരാഷ്ട്ര സർക്കാരിന് നൽകിയ റിപ്പോർട്ടിലാണ് ഇക്കാര്യം പറഞ്ഞത്. മേയ് 18ന് പൻവേൽ പൊലീസ് എടുത്ത കേസിലായിരുന്നു പൂജയുടെ ഇടപെടൽ.

## ചാന്ദിപുര വൈറസ്; മരണം 20

അഹമ്മദാബാദ്: ഗുജറാത്തിൽ ചാന്ദിപ്പുര വൈറസ് ബാധ പടർന്നുപിടിക്കുന്നു. സംസ്ഥാനത്ത് ഇതുവരെ മരിച്ചവരുടെ എണ്ണം 20 ആയി ഉയർന്നു. 37 പേർ വിവിധ ആശുപത്രികളിൽ ചികിത്സയിലാണെന്നാണ് വിവരം. അപകടകരമാം വിധം വൈറസ് പടർന്നുപിടിക്കുന്നതോടെ മുഖ്യമന്ത്രി ഭൂപേന്ദ്ര പട്ടേൽ പ്രത്യേക യോഗം വിളിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കാൻ നിർദേശം നൽകി. മരണസാധ്യത കൂടുതലുള്ള വൈറസുകളാണ് ചാന്ദിപുര വൈറസ്. സബർകാന്ത, ആരവല്ലി, മഹിസാഗർ, മെഹ്സാന, രാജ്കോട്ട് ജില്ലകളിലാണ് വൈറസ് രൂക്ഷമായിട്ടുള്ളത് എന്നാണ് റിപ്പോർട്ട്. രാജസ്ഥാനിൽ നിന്നുള്ള ഒരാൾ കൂടി വൈറസ് മൂലം മരിച്ചിട്ടുണ്ട്. സമ്പർകാന്ത, ഹിസാഗർ, രാജ്കോട്ട് തുടങ്ങിയ ജില്ലകളിലാണ് ചന്ദിപുര വൈറസ് ബാധയേറ്റുള്ള മരണങ്ങൾ റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

# ബംഗ്ലാദേശ് സ്വദേശികൾ ഉൾപ്പെടെ അവയവക്കടത്ത് സംഘം അറസ്റ്റിൽ

ന്യൂഡൽഹി: രാജ്യതലസ്ഥാനത്തും പഞ്ചാബ്, ഹരിയാന, മധ്യപ്രദേശ്, ഗുജറാത്ത് എന്നിവിടങ്ങളിലുമായി പ്രവർത്തിച്ചിരുന്ന അവയവക്കടത്ത് സംഘത്തെ ഡൽഹി പൊലീസ് പിടികൂടി. മൂന്ന് ബംഗ്ലാദേശ് സ്വദേശികൾ ഉൾപ്പെടെ ഏഴ് പേരെയാണ് പൊലീസ് അറസ്റ്റ് ചെയ്തത്. ബംഗ്ലാദേശ് സ്വദേശികളെ കബളിപ്പിച്ച്, ചെറിയ തുകക്ക് വൃക്ക കൈക്കലാക്കുകയും പിന്നീട് ഇത് ആവശ്യക്കാർക്ക് വൻ തുകക്ക് വിൽക്കുന്നതുമായിരുന്നു ഇവരുടെ രീതി.

മൊബൈൽ ഫോണുകൾ, ലാപ്ടോപ്, സിം കാർഡുകൾ, പണം, സുപ്രധാന വിവരങ്ങളടങ്ങിയ രേഖകൾ എന്നിവ പൊലീസ് പിടിച്ചെടുത്തിട്ടുണ്ട്. നാലോ അഞ്ചോ ലക്ഷം രൂപക്ക് ബംഗ്ലാദേശിലെ ദരിദ്രരിൽനിന്ന് വൃക്ക വാങ്ങിയ ശേഷം ഇത് ആവശ്യക്കാർക്ക് 20 മുതൽ 30 ലക്ഷം രൂപക്ക് വരെ വിൽക്കുന്നതായിരുന്നു സംഘത്തിന്റെ രീതി. പലപ്പോഴും ജോലി വാഗ്ദാനം ചെയ്തുപോലും തട്ടിപ്പു സംഘം വൃക്ക കൈക്കലാക്കി. അവയവം സ്വീകരിക്കുന്നവരുടെ ബന്ധുക്കളിൽനിന്ന് മാറ്റിവെച്ചതായി വ്യാജരേഖ ചമച്ചാണ് പിന്നീടുള്ള നീക്കമെന്നും പൊലീസ് കണ്ടെത്തി.



ഡൽഹി പൊലീസ് അറസ്റ്റ് ചെയ്ത ബംഗ്ലാദേശ് സ്വദേശികൾ ഉൾപ്പെടെയുള്ള അവയവക്കടത്ത് സംഘം

അറസ്റ്റ് ചെയ്യപ്പെട്ടവരിൽ ഒരാളായ ഡോക്ടർ വിജയ കുമാരി നോയിഡയിലെ ആശുപത്രിയിൽ ഇത്തരത്തിൽ 15ലേറെ നിയമവിരുദ്ധ അവയവമാറ്റ ശസ്ത്രക്രിയ നടത്തിയിട്ടുണ്ട്. ഓരോ തവണയും ഇവർ രണ്ട് ലക്ഷം രൂപവീതം കൈപ്പറ്റി. രഹസ്യവിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഡൽഹിയിലെ ജസോല വിഹാറിൽ ലപൊലീസ് നടത്തിയ പരിശോധനയിൽ നാലുപേർ കുടുങ്ങുകയായിരുന്നു. പിന്നീട് മറ്റ് മൂന്നു പേരെയും അറസ്റ്റ് ചെയ്തു. വൃക്ക മാറ്റിവെക്കാതെ രോഗിക്ക് ജീവൻ നിലനിർത്താനാവാത്ത സാഹചര്യങ്ങളിലാണ് അവയവ മാറ്റത്തിന് ഡോക്ടർമാർ നിർദേശിക്കുന്നത്.

അടുത്ത ബന്ധുക്കളിൽ നിന്ന് അല്ലാതെ വൃക്ക സ്വീകരിക്കുന്നതിന് പ്രത്യേക അനുമതി പത്രം വേണം. വൃക്കദാതാക്കളേക്കാൾ കൂടുതൽ രോഗികളുടെ എണ്ണം ഉയർന്നതോടെയാണ് അവയവക്കടത്ത് സംഘം വ്യാപകമായത്.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 20 ശനി
ഗൾഫ് ചന്ദ്രിക

# കർക്കടക മാസ കാമ്പയിൻ സമാപിച്ചു

മലപ്പുറം.: പാരമ്പര്യ കളരി മർമ്മ നാട്ട് വൈദ്യ ഫെഡറേഷൻ (പി.കെ.എം.എൻ.വി.എഫ്) (എസ്.ടി.യു) സംസ്ഥാന കമ്മറ്റിയുടെ കർക്കടക മാസത്തിലെ എണ്ണതേച്ച് കുളിയും രാസ്നാദിപ്പൊടി തിരുമ്മലും വാർഷിക കാമ്പയിൻ മലപ്പുറം ജില്ലാ കമ്മറ്റിയുടെ സഹകരണത്തോടെ മലപ്പുറം ചട്ടിപ്പറമ്പ് കൊട്ടേക്കാട്ട് വൈദ്യശാലയിൽ നടന്നു. എസ്.ടി.യു സംസ്ഥാന പ്രസിഡണ്ട് അഡ്വ: എം. റഹ്മത്തുള്ള ഉദ്ഘാടനം ചെയ്തു. ഫെഡറേഷൻ മലപ്പുറം ജില്ലാ പ്രസിഡണ്ട് കൊളമ്പലം മജീദ് വൈദ്യർ അദ്ധ്യക്ഷനായി. ഫെഡറേഷൻ സംസ്ഥാന പ്രസിഡണ്ട് ഇ.കെ. കുഞ്ഞാലി മുഖ്യപ്രഭാഷണം നടത്തി. പി.കെ.എം.എൻ.വി.എഫ് (എസ്.ടി.യു) സംസ്ഥാന ജനറൽ സെക്രട്ടറി ടി.എം. സി.അബൂബക്കർ സംഘടനാ കാര്യ വിഷദീകരണം നടത്തി.

കുറുവ ഗ്രാമപഞ്ചായത്ത് സ്റ്റാന്റിംങ്ങ് കമ്മറ്റി ചെയർ പേഴ്സണൽ സുനയ്യ പറവത്ത്. ഇസ്മയിൽ വൈദ്യർ പടിക്കൽ. മുത്താപ്പു തങ്ങൾ പാണക്കാട്, എ.പി.എം മമ്മുദു ഗുരുക്കൾ, കോയാമുട്ടി ഗുരുകൾ നീറാട് , സി.എം.സർദാർ ഗുരുക്കൾ , ഷിബുരാജ് വൈദ്യർ, മജീദ് ഗുരുക്കൾ ഇരുമ്പുഴി, ഹഫ്സത്ത് വൈദ്യ പരപ്പനങ്ങാടി, ശ്രീനിവാസൻ ഗുരുക്കൾ കൊട്ടേക്കാട്, അബ്ദുൽ ഹക്കീം ഗുരുക്കൾ, കെ.കെ.എച്ച് തങ്ങൾ എന്നിവർ സംബന്ധിച്ചു. നാഷണൽ ഗെയിംസിൽ സ്വർണ്ണ മെഡൽ നേടിയ മുഹമ്മദ് അനസിനെ ആദരിച്ചു.



*പാരമ്പര്യ കളരി മർമ്മ നാട്ട് വൈദ്യ ഫെഡറേഷൻ എസ്.ടി.യു കർക്കടക മാസ കാമ്പയിൻ അഡ്വ എം റഹ്മത്തുള്ള ഉദ്ഘാടനം ചെയ്യുന്നു.*



# ഇടതുപക്ഷം കണ്ടാലും കൊണ്ടാലും പഠിക്കാത്തവർ: പി.എം.എ സലാം

കോഴിക്കോട്: ലക്ഷ്യം നേടി ഡോ.എം.കെ മുനിറീന്റെ സത്യഗ്രഹം. കോഴിക്കോട് ജില്ലാ യു.ഡി.എഫ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കോഴിക്കോട് ഡി.ഡി.ഇ ഓഫീസിനു മുന്നിൽ മുനീർ ആരംഭിച്ച അനിശ്ചിത കാല സത്യഗ്രഹം രാത്രിയോടെ അവസാനിച്ചപ്പോൾ അത് വിദ്യാർത്ഥികൾക്കായുള്ള പോരാട്ടത്തിനുള്ള അംഗീകാരവുമായി. കണ്ടാലും കൊണ്ടാലും പഠിക്കാത്തവരായി ഇടതു പക്ഷം മാറിയതായി മുസ്‌ലിംലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.എം.എ സലാം ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞിരുന്നു. . ഭരണത്തിന്റെ നെറികേട് കൊണ്ടാണ് ഇടതുപക്ഷം ലോക്സഭാ തിരഞ്ഞെടുപ്പിൽ ദയനീയമായി തോറ്റത്. എസ്.എസ്.എൽ.സി പരീക്ഷയുടെ റിസൾട്ട് വരുമ്പോൾ തങ്ങളുടെ കുട്ടികൾക്ക് പഠിക്കാൻ അവസരം കിട്ടുമോയെന്ന ആധിയാണ് രക്ഷിതാക്കൾക്ക്. കേരളത്തിലെ വിദ്യഭ്യാസ മേഖലയാകെ തകർന്ന അവസ്ഥയിലാണ്. അർഹതയുള്ള കുട്ടികൾക്ക് പഠിക്കാൻ അവസരമുണ്ടാക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുന്നു. നാലായിരത്തോളം കുട്ടികൾക്ക് കോഴിക്കോട് ജില്ലയിൽ പഠിക്കാൻ അവസരമില്ല. സീറ്റ് ലഭിച്ചവർക്കാകട്ടെ വീട്ടിൽ നിന്നും ഇരുപതും ഇരുപത്തിയഞ്ചും കിലോമീറ്റർ അകലെയാണ് പഠിക്കാനവസരം ലഭിച്ചിരിക്കുന്നത്. താത്പര്യമുള്ള വിഷയങ്ങൾ പഠിക്കാനുള്ള അവസരവും കുട്ടികൾക്കില്ല. സയൻസിന് അപേക്ഷ കൊടുത്ത പല വിദ്യാർഥികൾക്കും കൊമേഴ്സ് ആണ് ലഭിച്ചിരിക്കുന്നത്. കൊമേഴ്സിന് അപേക്ഷിച്ചവർക്ക് ഹ്യുമാനിറ്റീസും. മലബാറിലെ മുഴുവൻ ജില്ലകളിലും സീറ്റുകൾ കുറവുണ്ടായിട്ടും മലപ്പുറത്തും കാസർകോട്ടും മാത്രമാണ് അധിക ബാച്ചുകൾ അനുവദിച്ചിരിക്കുന്നത്. മലപ്പുറത്തിന്റെ മാത്രം പ്രശ്നമായാണ് സർക്കാർ ഈ വിഷയത്തെ കണ്ടത്. അധിക ബാച്ചുകൾ അനുവദിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് പറയുമ്പോൾ സാമ്പത്തിക പ്രതിസന്ധിയെന്നാണ് സർക്കാർ പറയുന്നത്. ധൂർത്തിനും ആഢംബരത്തിനും സർക്കാറിന്റെ കൈയ്യിൽ പണമുണ്ട്. കേരളീയം രണ്ടാം പതിപ്പിന് വേണ്ടി കോടികളാണ് തുലക്കാൻ പോകുന്നത്. മുഴുവൻ കുട്ടികൾക്കും പഠിക്കാൻ അവസരം ലഭിക്കുന്നത് വരെ എം.കെ മുനീറിന്റെ നേതൃത്വത്തിലുള്ള സമരം തുടരുമെന്നും പി.എം.എ സലാം പറഞ്ഞു.കെ.പി.സി.സി മുൻ പ്രസിഡന്റ് കെ മുരളീധരൻ മുഖ്യ പ്രഭാഷണം നടത്തി. എം.കെ മുനീർ എം.എൽ.എക്ക് കെ മുരളീധരൻ ഹാരമണിയിച്ചു. ചെയർമാൻ കെ ബാലനാരായണൻ അധ്യക്ഷത വഹിച്ചു. ജില്ലാ യു.ഡി.എഫ് കൺവീനർ അഹമ്മദ് പുന്നക്കൽ സ്വാഗതം പറഞ്ഞു. മുസ്‌ലിം ലീഗ് സംസ്ഥാന വൈസ് പ്രസിഡൻറ് ഉമ്മർ പാണ്ടികശാല, ജില്ലാ പ്രസിഡൻറ് എം.എ റസാഖ് മാസ്റ്റർ, നജീബ് കാന്തപുരം എം.എൽ.എ, കെ.കെ രമ എം.എൽ.എ, കെ.പി.സി.സി ജനറൽ സെക്രട്ടറി അഡ്വ. പി.എം നിയാസ്, മുസ്‌ലിം ലീഗ് ജില്ലാ ജനറൽ സെക്രട്ടറി ടി.ടി ഇസ്മായിൽ, സംസ്ഥാന സെക്രട്ടറിമാരായ സി.പി ചെറിയ മുഹമ്മദ്, പാറക്കൽ അബ്ദുള്ള, ഷാഫി ചാലിയം, കേരള കോൺഗ്രസ് ജില്ലാ പ്രസിഡൻറ് പി.എം ജോർജ്ജ്, ജെ.എസ്.എസ് ജില്ലാ പ്രസിഡൻറ് ഇബ്രാഹിം കൂടത്തായി, കെ.ഡി.പി ജില്ലാ പ്രസിഡൻറ് ജയരാജ് മൂടാടി, യൂത്ത് ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. പി.കെ ഫിറോസ്, കെ.എൻ.എം പ്രസിഡൻറ് ഡോ. ഹുസൈൻ മടവൂർ, എം.എസ്.എസ് സംസ്ഥാന പ്രസിഡൻറ് മുഹമ്മദ് കോയ, മുസ്‌ലിം യൂത്ത് ലീഗ് ദേശീയ സെക്രട്ടറി സാജിദ് നടുവണ്ണൂർ, മുസ്‌ലിം യൂത്ത് ലീഗ് സംസ്ഥാന സെക്രട്ടറി അഡ്വ. ഫാത്തിമ തഹ്‌ലിയ, നാഷണൽ യുവജനതാദൾ സംസ്ഥാന പ്രസിഡൻറ് യൂസുഫലി, സെറ്റ്കോ ചെയർമാൻ നിസാർ ചേലേരി, കെ.എസ്.യു ജില്ലാ പ്രസിഡൻറ് വി.ടി സൂരജ് സംസാരിച്ചു. വിദ്യാഭ്യാസ മന്ത്രിയുടെ ഉറപ്പോടെ രാത്രി സത്യഗ്രഹം അവസാനിപ്പിച്ചു.




*യോഗ്യരായ കുട്ടികൾക്കെല്ലാം പ്ലസ് വൺ പ്രവേശനത്തിന് ആവശ്യമായ സൗകര്യം ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ട് മുസ്‌ലിംലീഗ് നിയമസഭാ പാർട്ടി ഉപ നേതാവ് ഡോ.എം.കെ മുനീർ എം.എൽ.എ ആരംഭിച്ച അനിശ്ചിത കാല സത്യഗ്രഹം മുസ്‌ലിംലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.എം.എ സലാം ഉദ്ഘാടനം ചെയ്യുന്നു. വിദ്യാഭ്യാസ മന്ത്രിയുടെ ഉറപ്പിൽ രാത്രിയോടെ സത്യഗ്രഹം അവസാനിപ്പിച്ചു.*

# എം.കെ മുനീർ എം.എൽ.എയുടെ സത്യഗ്രഹം വിജയം

## എം.എൽ.എമാർ ആവശ്യപ്പെടുന്നത്ര പ്ലസ് വൺ ബാച്ചുകൾ നൽകാമെന്ന് മന്ത്രി

കോഴിക്കോട്: യോഗ്യരായ വിദ്യാർത്ഥികൾക്കെല്ലാം പ്ലസ് വൺ ബാച്ചുകൾ ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ട് മുസ്‌ലിംലീഗ് നിയമസഭാ പാർട്ടി ഉപ നേതാവ് ഡോ.എം.കെ മുനീർ എം.എൽ.എ ആരംഭിച്ച അനിശ്ചിത കാല സത്യഗ്രഹം വിജയം. പ്രതിപക്ഷ നേതാവ് വി.ഡി സതീശനും ഉപ നേതാവ് പി.കെ കുഞ്ഞാലിക്കുട്ടിയും വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടിയുമായി നടത്തിയ മാരത്തൺ ചർച്ചയിലാണ് എം.എൽ.എമാർ മണ്ഡലങ്ങളിലേക്ക് ആവശ്യപ്പെടുന്നത്ര പ്ലസ് വൺ ബാച്ചുകൾ അനുവദിക്കാമെന്ന് ഉറപ്പു നൽകിയത്.

വൈകിട്ട് നാലോടെ കോഴിക്കോട് മാനാഞ്ചിറ ഡി.ഡി.ഇ ഓഫീസിന് മുമ്പിൽ ആരംഭിച്ച സത്യഗ്രഹമാണ് വിദ്യാഭ്യാസ മന്ത്രിയുടെ ഉറപ്പിലും പ്രതിപക്ഷനേതാവിന്റെ അഭ്യർത്ഥനയിലും രാത്രി പത്തോടെ അവസാനിപ്പിച്ചത്. എം.കെ രാഘവൻ എം.പി, ഡോ.എം.കെ മുനീറിന് ലഡു നൽകി സമരം അവസാനിപ്പിക്കുമ്പോൾ മുസ്‌ലിംലീഗ് ജില്ലാ പ്രസിഡന്റ് എം.എ റസാഖ് മാസ്റ്റർ, ജന.സെക്രട്ടറി ടി.ടി ഇസ്മായിൽ, കെ.പി.സി.സി ജന.സെക്രട്ടറി അഡ്വ.പി.എം നിയാസ്, യു.ഡി.എഫ് ജില്ലാ ചെയർമാൻ കെ ബാലനാരായണൻ, കൺവീനർ അഹമ്മദ് പുന്നക്കൽ, യൂത്ത് ലീഗ് സംസ്ഥാന ട്രഷറർ പി ഇസ്മായിൽ, സെക്രട്ടറി ടി.പി.എം ജിഷാൻ, ദേശീയ സെക്രട്ടറി ആശിഖ് ചെലവൂർ തുടങ്ങിയ നേതാക്കളും നൂറുക്കണക്കിന് പ്രവർത്തകരും അഭവാദ്യം ചെയ്തു. നേരത്തെ ജില്ലാ യു.ഡി.എഫ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കോഴിക്കോട് ഡി.ഡി.ഇ ഓഫീസിനു മുന്നിൽ ആരംഭിച്ച അനിശ്ചിത കാല സത്യഗ്രഹം മുസ്‌ലിംലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.എം.എ സലാം ഉദ്ഘാടനം ചെയ്തിരുന്നു. കണ്ടാലും കൊണ്ടാലും പഠിക്കാത്തവരായി ഇടതു പക്ഷം മാറിയതായി അദ്ദേഹം പറഞ്ഞു. ഭരണത്തിന്റെ നെറികേട് കൊണ്ടാണ് ഇടതുപക്ഷം ലോക്സഭാ തിരഞ്ഞെടുപ്പിൽ ദയനീയമായി തോറ്റതെന്നും അദ്ദേഹം കുറ്റപ്പെടുത്തി. മുൻ കെ.പി.സി.സി പ്രസിഡന്റ് കെ മുരളീധരൻ മുഖ്യ പ്രഭാഷണം നടത്തി. ചെയർമാൻ കെ ബാലനാരായണൻ അധ്യക്ഷത വഹിച്ചു. ഉമ്മർ പാണ്ടികശാല, പാറക്കൽ അബ്ദുല്ല, സി.പി ചെറിയ മുഹമ്മദ്, ഷാഫി ചാലിയം, സി.കെ സുബൈർ, സൂപ്പി നരിക്കാട്ടിരി തുടങ്ങി നിരവധി പേർ പങ്കെടുത്തിരുന്നു

# ഉമ്മൻചാണ്ടിയുമായി പല കാര്യങ്ങളിലും യോജിപ്പുണ്ടായിരുന്നതായി പിണറായി

തിരുവനന്തപുരം: ഉമ്മൻചാണ്ടിയുമായി പല കാര്യങ്ങളിലും യോജിപ്പും ചില കാര്യങ്ങളിൽ വിയോജിപ്പുമുണ്ടായിരുന്നുവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഉമ്മൻ ചാണ്ടിയുടെ ഒന്നാം ചരമ വാർഷികത്തോട് അനുബന്ധിച്ച് ഉമ്മൻചാണ്ടി ഫൗണ്ടേഷൻ വിദ്യാർഥികൾക്കായി തലസ്ഥാനത്ത് സംഘടിപ്പിച്ച ലീഡേഴ്സ് സമ്മറ്റിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

യോജിക്കുന്നതോ വിയോജിക്കുന്നതോ അല്ല പ്രശ്നം. എന്താണോ മനസിലുള്ളത് അത് തുറന്നുപറയാൻ സ്വാതന്ത്ര്യമുണ്ടോ എന്നതാണ്. യോജിപ്പുകളും വിയോജിപ്പുകളും തുറന്ന് പ്രകടിപ്പിച്ചവരായിരുന്നു ഞങ്ങൾ. രാഷ്ട്രീയമായി ഇരുചേരികളിൽ നിൽക്കുമ്പോഴും സൗഹൃദത്തിന് ഒരു കോട്ടവും ഉണ്ടായിരുന്നില്ല, താൻ അങ്ങോട്ടും അദ്ദേഹം ഇങ്ങോട്ടും. 2016ൽ താൻ മുഖ്യമന്ത്രിയാകണമെന്ന് പാർട്ടി നിശ്ചയിച്ച ഘട്ടത്തിൽ ആദ്യം സന്ദർശിച്ചത് മുഖ്യമന്ത്രി സ്ഥാനം ഒഴിഞ്ഞ ഉമ്മൻചാണ്ടിയെയാണ്.

സൗഹൃദ സംഭാഷണത്തിന് പുറമേ ഭരണവുമായി ബന്ധപ്പെട്ട് ക്രിയാത്മക കാര്യങ്ങളും ഞങ്ങളന്ന് ചർച്ച ചെയ്തു. പൊതുപ്രവർത്തനം എന്നത് അദ്ദേഹത്തിന്റെ ജീവിതത്തിൽ അലിഞ്ഞു ചേർന്നതായിരുന്നു. അവിശ്രമം എന്ന പദത്തിന് എല്ലാ നിലക്കും പര്യായമായിരുന്നു ഉമ്മൻചാണ്ടി. പൊതു പ്രവർത്തകനായിരുന്നുവെങ്കിലും ഏത് മേഖലയിലുള്ളവർക്കും മാതൃകയാക്കാനാകുന്ന അനേകം ഗുണങ്ങളുള്ള വ്യക്തിത്വമായിരുന്നു അദ്ദേഹം. രോഗത്തിന്റെ മധ്യത്തിലും ചിരിക്കുന്ന മുഖമായിരുന്നു അദ്ദേഹത്തിന്റേത്. രോഗവിവരങ്ങൾ ആരാഞ്ഞപ്പോൾ പ്രസന്നതയോടെയാണ് സംസാരിച്ചത്. ഈ അർഥത്തിൽ അതിജീവന പോരാട്ടത്തിന്റെ ഉത്തമ മാതൃകതീർത്താണ് അദ്ദേഹം വിടവാങ്ങിയത്. എന്തെങ്കിലും പ്രതിസന്ധി വന്നാൽ തളരാതെ മുന്നോട്ടുപോകാൻ പ്രേരിപ്പിക്കുന്ന മാതൃകയാണ്. വിമർശിക്കുന്നവരും അധിക്ഷേപിക്കുന്നവരുമുണ്ടാകും. തകർച്ച കാണാൻ അഗ്രഹിക്കുന്നവരുമുണ്ടാകും. അതൊന്നും തളർത്തരുത്. ലക്ഷ്യം എന്താണോ അതിൽ കണ്ണുനട്ട് മനസർപ്പിച്ച് മുന്നോട്ടുപോകണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ശശി തരൂർ എം.പി, കെ ശിവദാസൻ നായർ, ജോസഫ് എം പുതുശേരി, സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി എന്നിവർ പങ്കെടുത്തു.

## മുസ്‌ലിംലീഗ് എം.പിമാർ പ്രധാനമന്ത്രിക്ക് കത്തയച്ചു

# ഭക്ഷണ വിൽപനക്കാർ മതം സംബന്ധിച്ച വിവരങ്ങൾ പ്രദർശിപ്പിക്കണമെന്ന ഉത്തരവ് ഭരണഘടനാവിരുദ്ധം

ന്യൂഡൽഹി: മുസഫർ നഗർ ജില്ലയിലെ ഭക്ഷണസാധനങ്ങൾ വിൽക്കുന്ന എല്ലാവരും അവരുടെ മതം സംബന്ധിച്ച വിവരങ്ങൾ പ്രദർശിപ്പിക്കണമെന്ന ജില്ലാഭരണകൂടത്തിന്റെ ഉത്തരവ് ഭരണഘടനാവിരുദ്ധവും സാമുദായിക ധ്രുവീകരണത്തിന് വഴിയൊരുക്കുന്നതുമാണെന്നും ഈ നീക്കത്തെ ശക്തമായി എതിർക്കുമെന്നും മുസ്‌ലിം ലീഗ് എം.പിമാരായ ഇ.ടി.മുഹമ്മദ് ബഷീർ, പി.വി. അബ്ദുൽ വഹാബ്, ഡോ.എം.പി.അബ്ദുസ്സമദ് സമദാനി, നവാസ്ഗനി, അഡ്വ. ഹാരിസ് ബീരാൻ എന്നിവർ സംയുക്ത പ്രസ്താവനയിലൂടെ പറഞ്ഞു. ഈ വിവാദ ഉത്തരവ് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടു പ്രധാനമന്ത്രിക്ക് കത്തയച്ചെന്നും എം.പി മാർ അറിയിച്ചു.മുസഫർ നഗർ ജില്ലയിലെ മുസ്ലിം കച്ചവടക്കാരെ ലക്ഷ്യം വെച്ച് വർഗീയമായി വേർതിരിക്കുന്നതിനു വേണ്ടി ഉത്തർപ്രദേശ് സർക്കാർ പുറത്തിറക്കിയ ഈ ഉത്തരവിനെ വളരെ ഗൗരവത്തോടെയാണ് മുസ്ലീലീഗ് കാണുന്നതെന്നും കാവഡ് യാത്രക്കാർ മുസ്‌ലിം കച്ചവടക്കാരിൽ നിന്നും ഭക്ഷണങ്ങളും മറ്റും വാങ്ങുന്നത് തടയുക എന്ന ലക്ഷ്യവും ഈ തീരുമാനത്തിന്റെ പിന്നിലുണ്ട്. രാജസ്ഥാൻ, ഹരിയാന, പടിഞ്ഞാറൻ യു.പി എന്നിവടങ്ങളിലൂടെ കടന്നുപോകുന്ന കാവഡ് യാത്ര കൂടുതൽ ദുരം കടന്നുപോകുക മുസഫർ നഗർ ജില്ലയിലൂടെയാണ്. പതിറ്റാണ്ടുകളായി ഈ യാത്ര വളരെ സമാധാനപരമായാണ് ഈ പ്രദേശങ്ങളിലുടെ കടന്നുപോകുന്നത്. മുസ്ലിം ഭൂരിപക്ഷമുള്ള മുസഫർ നഗർ, സഹാൻപൂർ തുടങ്ങിയ പ്രദേശങ്ങളിലൂടെ യാത്ര കടന്നുപോകുന്നുണ്ടെങ്കിലും യാത്രക്കിടിയിൽ ഒരു വർഗീയ പ്രശ്നവും ഇന്നുവരെ ഉണ്ടായിട്ടില്ല.ഈ ഉത്തരവ് നിരവധി മുസ്ലിം കുടുംബങ്ങളുടെ ഉപജീവനമാർഗം ഇല്ലാതാക്കുകയും അതുവഴി സാമുദായിക പ്രശ്നങ്ങൾക്ക് ഇടവരുത്തുകയും ചെയ്യുമെന്നും എംപിമാർ കത്തിൽ ചൂണ്ടിക്കാട്ടി. രാഷ്ട്രത്തിന്റെ മഹത്തായ നാനാത്വത്തിൽ ഏകത്വം മനസ്സിൽവെച്ചു നിയമ വിരുദ്ധവും ഭരണഘടനാ വിരുദ്ധവുമായ ഈ വിവാദ ഉത്തരവ് പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് മുസ്ലിംലീഗ് എംപിമാർ പ്രധാനമന്ത്രിക്ക് അയച്ച കത്തിൽ ആവശ്യപ്പെട്ടു.

# ഒരാഴ്ചക്കിടെ ലഭിച്ചത് ഇരട്ടി മഴ



കണ്ണൂർ: കാലവർഷം ശക്തമായതോടെ സംസ്ഥാനത്ത് മഴ ലഭ്യതയുടെ അളവും കൂടി. കഴിഞ്ഞ ഒരാഴ്ച്ചയിക്കിടയിൽ മാത്രം സംസ്ഥാനത്ത് 110 ശതമാനത്തിലേറെ മഴയാണ് ലഭിച്ചത്. മലബാർ ജില്ലകളിലാണ് കൂടുതൽ മഴ ലഭിച്ചത്. കഴിഞ്ഞ 13 മുതൽ 19 വരെയുള്ള ദിവസങ്ങളിൽ ലഭിക്കേണ്ട മഴയേക്കാൾ ഇരട്ടിമഴയാണ് പലയിടത്തും ലഭിച്ചത്. കഴിഞ്ഞ ഒന്നരമാസത്തെ കണക്ക് പ്രകാരം സംസ്ഥാനത്ത് മഴ ലഭ്യത കുറവാണ്. കണ്ണൂരിൽ മാത്രമാണ് കഴിഞ്ഞ വർഷം ലഭിച്ച മഴയെക്കാൾ 12 ശതമാനം അധിക മഴ ലഭിച്ചത്. ജൂൺ മാസത്തെ മഴയിലെ കുറവാണ് സംസ്ഥാനത്ത് മഴക്കുറവ് രേഖപ്പെടുത്താൻ കാരണം. എന്നാൽ അടുത്ത ദിവസങ്ങളിൽ കൂടുതൽ മഴ ലഭിക്കുമെന്നാണ് കാലാവസ്ഥ നിരീക്ഷണ വകുപ്പിന്റെ വിലയിരുത്തൽ.

കണ്ണൂരിൽ കഴിഞ്ഞ ഒരാഴ്ച്ചക്കിടെ മാത്രം 565.6 എം.എം മഴയാണ് ലഭിച്ചത്. പ്രതീക്ഷിക്കുന്ന മഴ 208.6 എം.എം ആണ്. 171ശതമാനത്തിൽ കൂടുതൽ മഴയാണ് കണ്ണൂരിൽ ലഭിച്ചത്.

കോഴിക്കോട് ജില്ലയിൽ 13 മുതൽ 19വരെയായി 461.8 എം.എം മഴ ലഭിച്ചു. ഈ ദിവസങ്ങളിൽ ലഭിക്കേണ്ട മഴയെക്കാൾ 132 ശതമാനം കൂടുതലാണിത്. എന്നാൽ കാസർകോടും ഇടുക്കിയിലും എറണാകുളത്തും മറ്റ് ജില്ലകളെ അപേക്ഷിച്ച് മഴ ലഭ്യത ഈ ആഴ്ച്ചക്കുറവാണ്. ഇടുക്കിയിൽ 82 ശതമാനവും കാസർകോട് 81 ഉം എറണാകുളത്ത് 68 ഉം വയനാട്ടിൽ 95 ശതമാനം അധിക മഴയാണ് ലഭിച്ചത്. എന്നാൽ മറ്റു ജില്ലകളിലെല്ലാം ഇരട്ടിയിലധികമാണ് ലഭിച്ചത്.

കഴിഞ്ഞ ഒന്നരമാസത്തിനിടയിലുള്ള ആകെ മഴയിൽ കണ്ണൂരിൽ 12 ശതമാനം അധിക മഴ ലഭിച്ചപ്പോൾ എറണാകുളത്ത് 26 ശതമാനവും ഇടുക്കിയിൽ 28 ശതമാനവുമാണ് മഴക്കുറവാണ് രേഖപ്പെടുത്തിയത്. വയനാട്ടിൽ 24 ന്റെ മഴക്കുറവുണ്ട്.കണക്കുപ്രകാരം സംസ്ഥാനത്ത് ഇതുവരെയുള്ള മഴയുടെ ലഭ്യത 12 ശതമാനത്തിന്റെ കുറവാണ് ഉണ്ടായിട്ടുള്ളത്. അടുത്ത ദിവസങ്ങളിലുള്ള ശക്തമായ മഴയുണ്ടാവാൻ സാധ്യതയുണ്ടെന്നാണ് വിലയിരുത്തൽ.

ജുലൈ 13 മുതൽ 19 വരെ ലഭിച്ച മഴയുടെ കണക്ക്

| ജില്ല | ലഭിച്ചത് | ലഭിക്കേണ്ടത് | ശതമാനം |
|---|---|---|---|
| കണ്ണൂർ- | 565.6 | 208.6 | 171 |
| മാഹി | 490.2 | 188.4 | 160 |
| കോഴിക്കോട് | 461.8 | 198.8 | 132 |
| വയനാട് | 402.7 | 206 | 95 |
| കാസർകോട് | 396.2 | 218.7 | 81 |
| മലപ്പുറം | 298.8 | 146.6 | 104 |
| പാലക്കാട് | 292.7 | 121.5 | 414 |
| തൃശൂർ | 319.1 | 155.4 | 105 |
| എറണാകുളം | 253.1 | 180.7 | 68 |
| ആലപ്പുഴ | 224.9 | 111.5 | 102 |
| ഇടുക്കി | 347 | 190.7 | 82 |
| കോട്ടയം | 304 | 131.4 | 131 |
| കൊല്ലം | 167.9 | 80.6 | 108 |
| തിരു | 100.1 | 45.9 | 118 |

# കാർവാനേ മുഹബ്ബത്ത്: ദേശവ്യാപക ക്യാമ്പയിനുമായി യൂത്ത്‌ലീഗ്

## ധനസമാഹരണം 30ന് തുടങ്ങും

ന്യൂഡൽഹി: സംഘടന ശാക്തീകരണത്തിന് മുസ്‌ലിം യൂത്ത് ലീഗ് ദേശീയ കമ്മിറ്റി ‘കാർവാനേ മുഹബ്ബത്ത്’ ദേശവ്യാപക ക്യാമ്പയിൻ നടത്തും. മൂന്നാം മോദി സർക്കാറിന്റെ കാലത്ത് വർധിച്ചുവരുന്ന വംശീയാക്രമണങ്ങൾക്കും ആൾക്കൂട്ട ഭീകരതക്കുമെതിരെയുള്ള ജനാധിപത്യ സമരങ്ങളും ക്യാമ്പയിൻ കാലയളവിൽ നടക്കും. ജനകീയ സംഗമങ്ങൾ, സാംസ്കാരിക സദസ്സുകൾ, സ്വാതന്ത്ര്യ ദിനാഘോഷ പരിപാടികൾ എന്നിവ സംഘടിപ്പിക്കും. യൂത്ത്‌ലീഗ് ദേശീയ ഭാരവാഹികൾ എല്ലാ സംസ്ഥാനങ്ങളിലും നേരിട്ടെത്തി പ്രചാരണ പരിപാടികൾ നേതൃത്വം നൽകും. ക്യാമ്പയിൻ സമാപനത്തോടെ രാജ്യത്ത് മുസ്‌ലിം യൂത്ത് ലീഗിന്റെ 1000 മാതൃകാ യൂണിറ്റ് കമ്മിറ്റികളും 100 മാതൃക നിയോജക മണ്ഡലങ്ങളും നിലവിൽവരുന്ന രൂപത്തിലാണ് ക്യാമ്പയിൻ ആസൂത്രണം ചെയ്തിട്ടുള്ളത്.

മുസ്‌ലിം യൂത്ത് ലീഗ് ദേശീയ കമ്മിറ്റിയുടെ ‘ചിന്തൻ മിലൻ’ കർമ പദ്ധതികൾ നടപ്പാക്കുന്നതിനായി നടത്തുന്ന ധനസമാഹരണ ക്യാമ്പയിൻ യൂത്ത് ലീഗ് ദിനമായ ജൂലൈ 30ന് ആരംഭിക്കും. ആഗസ്റ്റ് 15 വരെയായിരിക്കും ക്യാമ്പയിൻ. 2017 ഏപ്രിൽ 27ന് ബംഗളൂരുവിൽ യൂത്ത് ലീഗിന്റെ പ്രഥമ ദേശീയ കമ്മിറ്റി രൂപീകരിക്കപ്പെട്ട ശേഷം ആദ്യമായാണ് സംഘടന ഫണ്ട് ശേഖരണം നടത്തുന്നത്. ചുരുങ്ങിയ കാലയളവിനുള്ളിൽ 17 സംസ്ഥാനങ്ങളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കാൻ യൂത്ത് ലീഗ് ദേശീയ കമ്മിറ്റിക്ക് കഴിഞ്ഞു. സംഘ്പരിവാർ ആൾക്കൂട്ട ഭീകരതക്കെതിരെയും ബുൾഡോസർ രാജിനെതിരെയും സമരങ്ങളും ഇടപെടലുകളും നടത്തി ഇരകൾക്ക് നീതി ലഭ്യമാക്കാൻ യൂത്ത് ലീഗിന് സാധിച്ചിട്ടുണ്ട്. രണ്ട് മോദി സർക്കാരുകളുടെയും കാലത്ത് മുസ്‌ലിം ദലിത് പിന്നാക്ക ജനവിഭാഗങ്ങൾക്കെതിരെ ആക്രമണങ്ങൾ നടന്നിടത്തൊക്കെ ആദ്യം ഓടിയെത്താനും പ്രതിഷേധങ്ങൾ സംഘടിപ്പിക്കാനും ഇരകളെ ചേർത്ത് പിടിക്കാനും യൂത്ത് ലീഗ് ദേശീയ കമ്മിറ്റി ശ്രദ്ധിച്ചിരുന്നു. 2023 ആഗസ്റ്റ് 14 മുതൽ 16 വരെ മഹാരാഷ്ട്രയിലെ ലോനവാലയിൽ നടന്ന ‘യൂത്ത് ലീഗ് ചിന്തൻ മിലൻ’ പ്രഖ്യാപിച്ച കർമ്മ പദ്ധതികൾ നടപ്പിലാക്കി കരുത്തുറ്റ യുവജന സംഘടനയായി യൂത്ത്‌ലീഗിനെ രാജ്യത്ത് വളർത്തിയെടുക്കുന്നതിനാണ് പ്രവർത്തന ഫണ്ട് ശേഖരണമെന്ന് യൂത്ത് ലീഗ് ദേശീയ പ്രസിഡണ്ട് ആസിഫ് അൻസാരിയും ജന.സെക്രട്ടറി അഡ്വ. ഫൈസൽ ബാബുവും പറഞ്ഞു. ഓൺലൈൻ ആപ്പ് വഴിയുള്ള ഫണ്ട് ശേഖരണം ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഒരേസമയം നടക്കും. യൂത്ത്‌ലീഗ് സംഘടന ശാക്തീകരണ ക്യാമ്പയിനും പ്രവർത്തന ഫണ്ട് ശേഖരണവും വിജയിപ്പിക്കാൻ രംഗത്തിറങ്ങണമെന്ന് യൂത്ത്‌ലീഗ് പ്രവർത്തകരോട് ദേശീയ കമ്മിറ്റി അഭ്യർത്ഥിച്ചു.

# രോഗികളെ പരിചരിക്കുന്നവന്റെ കൂടെ അള്ളാഹു ഉണ്ടാവും: സിംസാറുൽ ഹഖ് ഹുദവി




*സിംസാറുൽ ഹഖ് ഹുദവി ചൂലൂർ സി.എച്ച് സെന്ററിലെ സ്വീകരണ യോഗത്തിൽ സംസാരിക്കുന്നു. എൻ.പി ഹംസ മാസ്റ്റർ, ഖാലിദ് കിളിമുണ്ട, മുഹമ്മദ് ബാഖവി, കുട്ടിഹസ്സൻ ദാരിമി, ഇ.ടി മുഹമ്മദ് ബഷീർ എം.പി, കെ.എ ഖാദർ മാസ്റ്റർ, കെ.പി .യു അലി, എ.പി മൊയ്തീൻ കോയ ഹാജി, പി.പി മൊയ്തീൻ ഹാജി അലിഹസ്സൻ എന്നിവരെയും കാണാം.*

വെള്ളലശ്ശേരി (കോഴിക്കോട്): രോഗികളെ പരിചരിക്കുന്നവന്റെ കൂടെ അല്ലാഹു ഉണ്ടാവുമെന്ന് പ്രമുഖ ഇസ്‌ലാംമത പണ്ഡിതനും പ്രഭാഷകനുമായ സിംസാറുൽ ഹഖ് ഹുദവി. ചൂലൂർ സി എച്ചു സെന്റർ സന്ദർശിക്കാനെത്തിപ്പോൾ നൽകിയ സ്വീകരണ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.രോഗികളെ സന്ദർശിക്കുന്നതും അവരെ പരിചരിക്കുന്നതും അല്ലാഹു ഏറെ ഇഷ്ടപ്പെട്ട കാര്യമാണ്. കാൻസർ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും താമസ സൗകര്യവും ഭക്ഷണവും യാത്രാ സൗകര്യവും സൗജന്യമായി നൽകി വരുന്ന ചൂലൂർ സി എച്ച് സെന്ററിന്റെ സേവനം അല്ലാഹുവിനു തൃപ്തിപ്പെട്ട ഏററവും മഹത്തായ പ്രവർത്തിയാണ്.ഈ സ്ഥാപനത്തെ എല്ലാവരും കയ്യയച്ചു സഹായിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. സെന്റർ പ്രസിഡന്റ് ഇ ടി മുഹമ്മദ് ബഷീർ എംപി അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി കെ എ ഖാദർ മാസ്റ്റർ സ്വാഗതം പറഞ്ഞു. രോഗികളുടെ മുറികളിൽ പോയി അവരെ നേരിട്ടുകണ്ട് ആശ്വസിപ്പിച്ചു.രോഗശമനത്തിന്നായി പ്രത്യേക പ്രാർത്ഥനയും നടത്തി. ഉസ്താദ് കുട്ടിഹസ്സൻ ദാരിമി, മുഹമ്മദ് ബാഖവി (മാവൂർ ),കുന്നമംഗലം മണ്ഡലം മുസ്ലിംലീഗ് ജനറൽ സെക്രട്ടറി എൻ പി ഹംസ മാസ്റ്റർ, സി എച്ചു സെന്റർ ദുബൈ ചാപ്റ്റർ കമ്മിറ്റി പ്രസിഡന്റ് എ പി മൊയ്ദീൻ കോയ ഹാജി, ചാത്തമംഗലം പഞ്ചായത്ത് മുസ്‌ലിംലീഗ് പ്രസിഡന്റ് എൻ എം ഹുസൈൻ, മണ്ഡലം ലീഗ് സെക്രട്ടറി അഹമ്മദ്കുട്ടി അരയങ്കോട്, ഖാലിദ് കിളിമുണ്ട, കെ അലിഹസ്സൻ, പി പി മൊയ്ദീൻ ഹാജി, ഇ സി ബഷീർ മാസ്റ്റർ തുടങ്ങിയവർ പ്രസംഗിച്ചു. കെ പി യു അലി നന്ദി പറഞ്ഞു.

## കോടതി മുറിയിലും മുദ്രാവാക്യം മുഴക്കി മനോജ്; റിമാന്റ് ചെയ്തു

കൊച്ചി: കോടതി മുറിയിലും മാവോയിസ്റ്റ് അനുകൂല മുദ്രാവാക്യം മുഴക്കി കൊച്ചിയിൽ അറസ്റ്റിലായ മാവോയിസ്റ്റ് പ്രവർത്തകൻ മനോജ്. കബനീദളം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന മനോജിനെ കൊച്ചിയിലെ തീവ്രവാദ വിരുദ്ധ പ്രത്യേക കോടതി റിമാൻഡ് ചെയ്തു. സംസ്ഥാന ഭീകരവിരുദ്ധ സേനയുടെ വാണ്ടഡ് ലിസ്റ്റിൽ ഉണ്ടായിരുന്ന ഇയാളെ എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷനിൽ നിന്ന് വ്യാഴാഴ്ചയാണ് പിടികൂടിയത്. കോടതിയിൽ ഹാജരാക്കിയപ്പോഴും ഇയാൾ മാവോയിസ്റ്റ് അനുകൂല മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ടേയിരുന്നു. വിവിധ സംസ്ഥാനങ്ങളിലെ മാവോയിസ്റ്റ് പ്രവർത്തകർക്കിടയിലെ സന്ദേശ വാഹകൻ എന്ന നിലയിലാണ് ഇയാൾ അറിയപ്പെട്ടിരുന്നത്. പണം വാങ്ങുന്നതിനായി കൊച്ചിയിലെ ഫ്ളാറ്റിൽ എത്തുന്നുണ്ടെന്ന് അറിഞ്ഞ അന്വേഷണസംഘം പിന്തുടർന്ന് അറസ്റ്റ് ചെയ്യുകയായിരുന്നു.

മാധ്യമപ്രവർത്തകർ ഇദ്ദേഹത്തോട് ചോദ്യങ്ങൾ ചോദിച്ചെങ്കിലും പ്രതികരിക്കാൻ തയ്യാറായില്ല. സായുധ പൊലീസ് സംഘത്തിന്റെ സുരക്ഷയോടെയാണ് ഇയാളെ കോടതിയിൽ ഹാജരാക്കിയത്. അരീക്കോട് നിന്നുള്ള തീവ്രവാദ വിരുദ്ധ സേനാംഗങ്ങളാണ് ഇയാളെ അറസ്റ്റ് ചെയ്തത്. കൊച്ചിയിലെ കേന്ദ്രത്തിൽ വച്ച് ചോദ്യം ചെയ്ത് അറസ്റ്റ് രേഖപ്പെടുത്തിയ ശേഷമാണ് കോടതിയിൽ ഹാജരാക്കിയത്. വയനാട്ടിൽ മാവോയിസ്റ്റുകൾ കുഴിബോംബ് സ്ഥാപിച്ചത് കണ്ടെത്തിയതിന് പിന്നാലെ മനോജ് അടക്കമുള്ള വാണ്ടഡ് ലിസ്റ്റിലുള്ളവർക്കായി തീവ്രവാദ വിരുദ്ധ സേന നിരീക്ഷണം ശക്തമാക്കിയിരുന്നു. മൂന്നാഴ്ച മുമ്പ് വയനാട് തലപ്പുഴയിലെ മക്കിമല മേഖലയിൽ കുഴിബോംബ് കണ്ടെത്തിയതുമായി ബന്ധപ്പെട്ട അന്വേഷണത്തിന്റെ ഭാഗമായാണ് മാവോയിസ്റ്റ് പ്രവർത്തകൻ മനോജ് അറസ്റ്റിലായിരിക്കുന്നത്.

## പ്രവാസി ലീഗ് സേവനദിനം സംസ്ഥാനതല ഉദ്ഘാനം ആഗസ്റ്റ് ഒന്നിന് തലശ്ശേരിയിൽ

കോഴിക്കോട്: മുസ്‌ലിം ലിഗ് സംസ്ഥാന അധ്യക്ഷനായിരുന്ന പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ വിയോഗ ദിനമായ ആഗസ്റ്റ് ഒന്നു മുതൽ രണ്ടാഴ്ചക്കാലം സേവന ദിനമായി ആചരിക്കാൻ പ്രവാസി ലീഗ് സംസ്ഥാന കമ്മിറ്റി തീരുമാനിച്ചു. ശിഹാബ് തങ്ങൾ ഓർമ്മ, പതാക നാട്ടൽ, റിലീഫ് പ്രവർത്തനങ്ങൾ പ്രവാസി സേവനങ്ങൾക്കായുള്ള ഹെൽപ്പ് ഡസ്കുകൾ തുടങ്ങി വിവിധ പരിപാടികൾ പ്രവാസി ലീഗ് ശാഖാ തലം മുതൽസംഘടിപ്പിക്കും. പരിപാടിയുടെ സംസ്ഥാന തല ഉൽഘാടനം ആഗസ്റ്റ് ഒന്നിന് തലശ്ശേരിയിൽ വച്ചു നടത്തുവാനും യോഗം തീരുമാനിച്ചു. ജില്ലാ കമ്മറ്റികളുടെ നേതൃത്വത്തിൽ ശിഹാബ് തങ്ങൾ അനുസ്മരണ സദസ്സുകളും സംഘടിപ്പിക്കും കോഴിക്കോട് ലീഗ് ഹൗസിൽ ചേർന്നു യോഗത്തിൽ പ്രസിഡണ്ട് ഹനീഫ മുന്നിയൂർ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി കെ.പി ഇമ്പിച്ചി മമ്മു ഹാജി, ട്രഷറർ കാപ്പിൽ മുഹമ്മദ് പാഷ, ഭാരവാഹികളായ കെ.സി അഹമ്മത്, ഉമയനല്ലൂർ ശിഹാബുദ്ധീൻ, കെ.കെ അലി, എൻ.പി ശംസുദ്ധീൻ തുടങ്ങിയവർ പ്രസംഗിച്ചു.



തൃശൂരിൽ കോൺഗ്രസിലുണ്ടായ പ്രശ്നങ്ങൾ പൂർണമായും പരിഹരിക്കപ്പെട്ടു. തൃശൂരിലുണ്ടായിരുന്നത് നിസാര സംഭവങ്ങളാണ്. ചില ബാങ്കുകളിലും പഞ്ചായത്തുകളിലുമുണ്ടായിരുന്ന പ്രശ്നങ്ങൾ പരിഹരിച്ചു. നേതാക്കൾക്കിടയിലെ പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടു. വരാൻപോവുന്ന തിരഞ്ഞെടുപ്പുകളെ നേരിടാൻ തൃശൂരിലെ പാർട്ടി സജ്ജമാണ്. ചേലക്കര തിരിച്ചുപിടിക്കും. പാലക്കാട് ഉപതിരഞ്ഞെടുപ്പിൽ പാർലമെന്റിലേക്ക് കിട്ടിയതിനേക്കാൾ വോട്ടിന്റെ ഭൂരിപക്ഷത്തിൽ യു.ഡി.എഫ് സ്ഥാനാർത്ഥി വിജയിക്കും.

–വി.കെ ശ്രീകണ്ഠൻ



എനിക്കും അങ്ങനെയുള്ള സാഹചര്യങ്ങൾ ഒരുപാട് നേരിടേണ്ടി വന്നിട്ടുണ്ട്. എന്റെ കരിയറും ലൈഫും ജീവിതത്തിലെ സമാധാനവും തീർന്നുവെന്ന് കരുതിയ ഒരു അവസരം വരെ ഉണ്ടായിരുന്നു. നമ്മൾ കാണാത്ത, നമ്മളെ അറിയാത്ത ആരൊക്കെയോ ഇരുന്ന് നമ്മളെ കുറ്റം പറയുമ്പോൾ ഒരു നിസ്സഹായവസ്ഥ വരും. ഞാനതിൽ യൂസ്ഡാണ്. അന്ന് ഞാനും ഒരുപാട് അനുഭവിച്ചിരുന്നു. അത് നോക്കുമ്പോൾ ഇത് വലിയ കാര്യമൊന്നുമല്ല.

–ആസിഫ് അലി



# തീരദേശ ഹൈവെ പദ്ധതി അപ്രായോഗികമെന്ന് യു.ഡി.എഫ് സമിതി

തിരുവനന്തപുരം: തീരദേശ ഹൈവെ പദ്ധതി അപ്രായോഗികമെന്ന്, പദ്ധതിയെ കുറിച്ച് പഠിക്കാൻ നിയോഗിച്ച യു.ഡി.എഫ് സമിതിയുടെ റിപ്പോർട്ട്. ഡി.പി.ആറോ പാരിസ്ഥിതിക, സാമൂഹിക ആഘാത പഠനങ്ങളോ നടത്താതെയാണ് സർക്കാർ പദ്ധതി നടപ്പാക്കാൻ ശ്രമിക്കുന്നതെന്ന് ഷിബു ബേബി ജോൺ കൺവീനറായ സമിതിയുടെ റിപ്പോർട്ടിൽ പറയുന്നു.
തീരപ്രദേശത്ത് നിന്നും 50 മീറ്റർ മുതൽ 15 കിലോ മീറ്റർ വരെ ദൂരത്തിലാണ് എൻ.എച്ച് 66 കടന്നു പോകുന്നത്. ഈ സാഹചര്യത്തിൽ ടൂറിസം വികസനത്തിന്റെ പേരിലുള്ള തീരദേശ ഹൈവെ എന്നത് അനിവാര്യമായ പദ്ധതിയല്ലെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. ദേശീയ പാത യാഥാർത്ഥ്യമാകാതിരുന്ന കാലത്താണ് തീരദേശ ഹൈവെയും ഹിൽ ഹൈവെയും പ്രഖ്യാപിച്ചത്. എന്നാൽ ഇപ്പോൾ പൂർത്തിയായിക്കൊണ്ടിരിക്കുന്ന ദേശീയപാത തീരദേശ ഹൈവെയ്ക്ക് തുല്യമാണ്. അതിനാൽ പുതിയൊരു ഹൈവെയുടെ ആവശ്യമില്ല. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന തീരദേശത്തുകൂടി ഇനിയുമൊരു ഹൈവെ സാധ്യമല്ല.
താനൂരിൽ ടിപ്പു സുൽത്താൻ റോഡിന്റെ പടിഞ്ഞാറ് ഭാഗത്ത് 200 മീറ്റർ അകലത്തിൽ ഏറ്റവും ജനനിബിഡമായ തീരദേശത്തുകൂടിയാണ് നിർദ്ദിഷ്ട തീരദേശ ഹൈവെയും കടന്നുപോകുന്നത്. മലപ്പുറം ജില്ലയിൽ ഉണ്ണിയാൽ മുതൽ ബുഹാൾ വരെ 12 കിലോമീറ്റർ തീരദേശ ഹൈവേയ്ക്കായി 9.46 ഹെക്ടർ ഭൂമി ഏറ്റെടുക്കാൻ കേരള റോഡ് ഫണ്ട് ബോർഡ് വകയിരുത്തിയത് വെറും 41.54 കോടി രൂപയാണ്. അതായത് വീടും സ്ഥലവും ഉൾപ്പെടെ നഷ്ട പരിഹാരം 1.75 ലക്ഷം രൂപ മാത്രം. എന്നിട്ടും ദേശീയ പാതയ്ക്ക് കിട്ടിയതു പോലെ കോമ്പൻസേഷൻ കിട്ടുമെന്ന പ്രലോഭനമാണ് തീരദേശ ജനങ്ങൾക്ക് സർക്കാർ നൽകുന്നത്.
തീര സംരക്ഷണമാണ് അടിയന്തിരമായി മത്സ്യത്തൊഴിലാളികൾ ആവശ്യപ്പെടുന്നത്. ഇന്ധനത്തിന്റെ വില വർധനവ് ഉൾപ്പെടെയുള്ളവ പരിഹരിക്കണം. നിലവിലുള്ള നാഷണൽ ഹൈവെയുമായുള്ള കണക്ടിവിറ്റിയാണ് തീരദേശത്ത് വേണ്ടത്. മൂന്നു പതിറ്റാണ്ടായി കോടികൾ ചെലവഴിച്ചിട്ടും പൂർത്തിയാകാത്ത ദേശീയ ജലപാത പൂർത്തിയാക്കിയാൽ ചരക്ക് നീക്കം ഉൾപ്പെടെ ചിലവ് കുറഞ്ഞ രീതിയിൽ നടത്താം. തീരദേശ ഹൈവെയ്ക്കല്ല, തീരപ്രദേശത്തെ പ്രശ്നങ്ങൾക്കാണ് മുൻഗണന നൽകേണ്ടത്. കടൽഭിത്തി കെട്ടാത്തതിനെ തുടർന്നുണ്ടാകുന്ന തീരശോഷണം കേരളത്തിൽ രൂക്ഷമാണ്. ഈ സാഹചര്യത്തിൽ മതിയായ പഠനം നടത്താതെ തീരദേശ ഹൈവെയുമായി സർക്കാർ മുന്നോട്ട് പോകരുത്. മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ എന്താണെന്ന് മനസിലാക്കാൻ പോലും സർക്കാരിന് സാധിക്കുന്നില്ലെന്ന് സമിതി കുറ്റപ്പെടുത്തി.
ടി.എൻ പ്രതാപൻ, എം. വിൻസെന്റ് എം.എൽ.എ, അബ്ദുറഹ്മാൻ രണ്ടത്താണി, മോൻസ് ജോസഫ് എം.എൽ.എ, അനൂപ് ജേക്കബ് എം.എൽ.എ, സി.പി ജോൺ, ജി. ദേവരാജൻ, അഡ്വ. രാജൻ ബാബു, സലിം പി. തോമസ് എന്നിവർ അംഗങ്ങളുമായ സമിതിയുടെ റിപ്പോർട്ട് യു.ഡി.എഫ് നേതൃത്വത്തിന് ഇന്നലെ കൈമാറി. സിറ്റിംഗ് നടത്തി പൊതുജനങ്ങളിൽ നിന്നും വിദഗ്ധരിൽ നിന്നും വിശാദാംശങ്ങൾ തേടിയുള്ള സമഗ്ര റിപ്പോർട്ടാണ് സമിതി സമർപ്പിച്ചത്.

## യു.ഡി.എഫിന്റെ ബദൽ നിർദേശങ്ങൾ

തിരുവനന്തപുരം: മത്സ്യതൊഴിലാളികൾ അധിവസിക്കുന്ന പ്രദേശങ്ങളുടെ സുസ്ഥിര വികസന പ്രവർത്തനങ്ങൾക്ക് ഊന്നൽ കൊടുക്കുക. നിലവിലെ തീരദേശ ഗ്രാമീണ റോഡുകൾ വികസിപ്പിക്കണമെങ്കിൽ കുടിയൊഴിപ്പിക്കൽ പരിമിതപ്പെടുത്തിയും കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് 2013–ലെ നിയമപ്രകാരമുള്ള എല്ലാ നഷ്ടപരിഹാര അവകാശങ്ങളും ഉറപ്പാക്കിയും കുടിയൊഴിപ്പിക്കപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് അതത് പ്രദേശങ്ങളിൽ സുരക്ഷിതമായ പുനരധിവാസം ഉറപ്പുവരുത്തിയുമായിരിക്കണം. ഇപ്രകാരം വികസിപ്പിക്കുന്ന തീരദേശ റോഡുകളെ നിലവിലെ ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന റോഡുകൾ കൂടി ദേശീയപാത നിലവാരത്തിൽ വികസിപ്പിക്കുക. (മത്സ്യവിഭവങ്ങൾ ഏറ്റവും വേഗം കമ്പോളത്തിൽ എത്തിക്കാൻ സഹായകരമാകുന്ന വിധം) മൂന്ന് പതിറ്റാണ്ടുകളായി കോടികൾ ചെലവഴിച്ചിട്ടും ദേശീയ ജലപാത വികസനം ഇന്നും സ്വപ്നമായി നിലനിൽക്കുകയാണ്. ഈ പദ്ധതി പൂർത്തീകരിച്ചാൽ ചരക്കു ഗതാഗതം ചുരുങ്ങിയ ചെലവിൽ സാധ്യമാകും. ടൂറിസം മേഖലയ്ക്കും വലിയ കുതിച്ചുചാട്ടമുണ്ടാകും. എന്നാൽ പദ്ധതി ആവശ്യപ്പെടുന്ന പ്രകാരമുള്ള ടെർമിനലുകളുടെ നിർമ്മാണങ്ങളോ, ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനമോ എങ്ങുമെത്തിയിട്ടില്ല. അടിയന്തിരമായി ഇതൊക്കെ പൂർത്തികരിച്ചാൽ മത്സ്യതൊഴിലാളികളെ കുടിയൊഴിപ്പിക്കുന്ന തീരദേശ ഹൈവേ ഉപേക്ഷിക്കാവുന്നതാണ്. സർക്കാർ വിഭാവനം ചെയ്യുന്ന സൈക്കിൾ ട്രാക്കുകൾ മത്സ്യത്തൊഴിലാളികളെ കുടിയൊഴിപ്പിക്കാതെ തന്നെ കടൽ ഭിത്തിയോട് ചേർന്ന് നിർമ്മിക്കാവുന്നതാണ്. മത്സ്യതൊഴിലാളികൾ നേരിടുന്ന കടലാക്രമണം തടയുന്നതിന് വേണ്ടിയുള്ള ശാസ്ത്രീയമായ തീര സംരക്ഷണ പദ്ധതികളിൽ സർക്കാർ അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടത്. ഇതിനായി സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെയുള്ള സ്പെഷൽ പാക്കേജ് നടപ്പാക്കുന്നതിന് പകരം തീരദേശ ഹൈവേയുമായാണ് മുന്നോട്ട് പോകുന്നതെങ്കിൽ അതിവിദൂരമല്ലാതെ കേരളത്തിലെ മത്സ്യ തൊഴിലാളി സമൂഹം തന്നെ ഓർമ്മയായി മാറും.

## തീരദേശ ഹൈവെ പദ്ധതി നടപ്പാക്കരുത്: പ്രതിപക്ഷ നേതാവ്

തിരുവനന്തപുരം: തീരദേശ ഹൈവെ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നത് ദേശീയ പാത നഷ്ടപരിഹാരത്തിന്റെ മൂന്നിലൊന്നു തുക പോലും നൽകാതെയാണെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. യു.ഡി.എഫ് വികസനത്തിന് എതിരല്ലെന്നും എന്നാൽ തീരദേശ പാതയുടെ പേരിൽ ഇനിയൊരു കുടിയൊഴിപ്പിക്കൽ നടന്നാൽ കുടിയൊഴിപ്പിക്കപ്പെടുന്നവർക്കുള്ള ഭൂമി പോലും കേരളത്തിൽ ലഭ്യമല്ലെന്നും അദ്ദേഹം വാർത്താസമ്മേളനത്തിൽ പറഞ്ഞു.
കേരളത്തിലെ 590 കിലോ മീറ്റർ തീരദേശത്ത് 63 ശതമാനം പ്രദേശങ്ങളും ഹൈ റിസ്ക് ഏരിയയാണ്. 700 ഹെക്ടർ സ്ഥലമാണ് തീരശോഷണത്തിലൂടെ നഷ്ടമായത്. കാറ്റെടുത്തും കടലെടുത്തും നിരവധി ജീവിതങ്ങൾ പോയ സ്ഥലത്താണ് തീരദേശ ഹൈവെ കൊണ്ടു വന്ന് ജനങ്ങളെ കുടിയൊഴിപ്പിക്കുന്നത്. ഇത് അംഗീകരിക്കാനാകില്ല.
ഭാരമേറിയ വാഹനങ്ങൾക്ക് സഞ്ചാരിക്കാൻ നിർമ്മിക്കുന്ന ആഴമേറിയ സബ് സ്ട്രച്ചറുകൾ നിർമ്മിക്കുന്നത് സ്വാഭാവിക നീരൊഴുക്ക് തടസപ്പെടുത്തും. ഫറൂക്കിൽ നിന്നും മലപ്പുറം ജില്ലയിലെ മത്സ്യതൊഴിലാളി ഗ്രാമങ്ങളായ പരപ്പനങ്ങാടി, തിരൂർ, താനൂർ, ചമ്രവട്ടം പാലം വഴി കുറ്റിപ്പുറത്തേക്ക് നിലവിൽ റോഡുണ്ട്. താനൂരിൽ ഈ റോഡും തീരവും തമ്മിലുള്ള അകലം 1.5 കിലോമീറ്റർ മാത്രമാണ്. ഈ ദൂരത്തിനുള്ളിൽ കനോലി കനാലുമുണ്ട്. ഇത് കൂടാതെ തീരത്ത് നിന്നും 200 മീറ്റർ അകലെയായി മലപ്പുറം ജില്ലയുടെ എല്ലാ തീരദേശ ഗ്രാമങ്ങളെയും ബന്ധിപ്പിക്കുന്ന ടിപ്പു സുൽത്താൻ റോഡുമുണ്ട്. സാമൂഹിക- പാരിസ്ഥിതിക ആഘാതങ്ങളെ കുറിച്ച് പഠിക്കാതെയാണ് മത്സ്യത്തൊഴിലാളികളുടെ ആവാസവ്യവസ്ഥയും ഉപജീവനവും ഇല്ലാതാക്കുന്ന പദ്ധതി നടപ്പാക്കാൻ ശ്രമിക്കുന്നത്. നിലവിലെ സർക്കാർ ഉത്തരവ് മത്സ്യതൊഴിലാളികളുടെ നഷ്ടപരിഹാരം തെരഞ്ഞെടുക്കാനുള്ള അവകാശത്തെ അട്ടിമറിക്കുന്നതാണ്. കുടിയിറക്കപ്പെടുന്നവർക്ക് 600 ചതുരശ്ര അടിയുള്ള ഫ്ളാറ്റോ 13 ലക്ഷം രൂപയോ നൽകുമെന്നാണ് ഉത്തരവിൽ പറയുന്നത്.



നക്ഷത്ര വനത്തിലേക്ക് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ഔഷധ സസ്യങ്ങൾ കൈമാറുന്നു

## നക്ഷത്ര വനത്തിലേക്ക് സാദിഖലി തങ്ങൾ ഔഷധ സസ്യങ്ങൾ കൈമാറി

മലപ്പുറം: നവംബർ 17 മുതൽ 26 വരെ കാസർകോട് നടക്കുന്ന ചതുർവേദ ജ്ഞാന മഹായജ്ഞത്തിന്റെ ഭാഗമായി ഉണ്ടാക്കുന്ന നക്ഷത്ര വനത്തിലേക്ക് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ഔഷധ സസ്യങ്ങൾ കൈമാറി. ഔഷധ സസ്യ ശേഖരണാർത്ഥം തദ്ദേശ പാരമ്പര്യ ചികിത്സാ വിഭാഗം (ടി.പി.സി.വി) കന്യാകുമാരിയിൽ നിന്നുമാരംഭിച്ച യാത്ര മലപ്പുറത്തെത്തിയപ്പോഴാണ് തങ്ങൾ തൈ നൽകിയത്. സംസ്ഥാന വൈസ് പ്രസിഡന്റ് ടി.ഡി ബാബു വൈദ്യർ ഏറ്റുവാങ്ങി. പദ്ധതിയുടെ ഭാഗമായി ടി.പി.സി.വി എല്ലാ ജില്ലകളിൽ നിന്നും ഔഷധ സസ്യങ്ങൾ ശേഖരിക്കും. ടി.വി ഇബ്രാഹീം എം.എൽ.എ, ടി.പി.സി.വി മലപ്പുറം ജില്ലാ ഭാരവാഹികളും മറ്റ് വൈദ്യന്മാരും പങ്കെടുത്തു.

## സി.പി.എമ്മിനെതിരെ ബിനോയ് വിശ്വം

ആലപ്പുഴ: ലോക്സഭ തിരഞ്ഞെടുപ്പ് പരാജയത്തിനുള്ള കാരണങ്ങൾ നിരത്തി സി.പി.എമ്മിനെതിരെ പരോക്ഷ വിമർശനവുമായി സി.പി.ഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം. തെരഞ്ഞെടുപ്പ് തോൽവിക്ക് വീഴ്ചവരുത്തിയവരും കുറ്റംചെയ്തവരും ഇടതുപക്ഷത്തുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ആലപ്പുഴയിൽ നടന്ന കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ (എ.ഐ.ടി.യു.സി) സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പിണക്കവും പരിഭവവും എന്തുമാകട്ടെ. മനസാക്ഷിക്കുമേൽ കൈവെച്ച് ഇടതുപക്ഷബന്ധുക്കൾപോലും എൽ.ഡി.എഫിന് വോട്ടുചെയ്തിട്ടില്ലെന്ന് പറയണ്ടിവരും. അത് മറച്ചുവെച്ചിട്ട് കാര്യമില്ല. പുന്നപ്ര-വയലാർ സമരം നടന്ന ആലപ്പുഴയുടെ മണ്ണിലെയും തൃശൂരിലെയും തോൽവിക്ക് പ്രത്യേക അർത്ഥമുണ്ട്. അതിനെ വെറും തോൽവിയെന്ന് പറയാനാവില്ല.

# വി.സി നിയമനത്തിൽ ഗവർണർക്ക് വീണ്ടും തിരിച്ചടി

### മൂന്ന് സർവകലാശാലകളിലെ സെർച്ച്കമ്മിറ്റി രൂപീകരണം കൂടി ഹൈക്കോടതി തടഞ്ഞു

കൊച്ചി: സർവകലാശാലകളിലെ വൈസ് ചാൻസലർ നിയമനവുമായി ബന്ധപ്പെട്ട് ഗവർണർ ആരിഫ് മുഹമ്മദ് ഖാന് വീണ്ടും തിരിച്ചടി. മൂന്ന് സർവകലാശാലകളിലെ വൈസ് ചാൻസലർ നിയമനത്തിനുള്ള സെർച്ച് കമ്മിറ്റി രൂപീകരണം കൂടി ഹൈക്കോടതി തടഞ്ഞതോടെയാണിത്. കേരള, എം ജി, മലയാളം സർവകലാശാലകളിലെ സെർച്ച് കമ്മിറ്റി നടപടികളാണ് ഹൈക്കോടതി സ്റ്റേ ചെയ്തത്. കേരള സാങ്കേതിക സർവകലാശാല സെർച്ച് കമ്മറ്റിയുടെ നിയമനം ഹൈക്കോടതി വിലക്കിയിരുന്നു. ഇതോട നാല് സർവകലാശാലകളിലെ സെർച് കമ്മറ്റികൾക്ക് വിലക്കായി.
സെർച്ച് കമ്മിറ്റി രൂപീകരണവുമായി ബന്ധപ്പെട്ട ചാൻസലറുടെ ഉത്തരവ് ഹൈക്കോടതി ഒരു മാസത്തേക്കാണ് സ്റ്റേ ചെയ്തത്. ഇതോടെ നാല് സർവകലാശാലകളിലെ വിസി നിയമനത്തിന് സ്റ്റേ നിലവിൽ വന്നു.
ആറ് സർവകലാശാലകളിലെ വിസി നിയമനത്തിനായാണ് ഗവർണർ സെർച്ച് കമ്മിറ്റി രൂപീകരിച്ചത്. സെർച്ച് കമ്മിറ്റി രൂപീകരണത്തിന് എതിരായ സർക്കാരിന്റെ ഹർജിയിലാണ് സ്റ്റേ. സർവകലാശാല പ്രതിനിധികൾ ഇല്ലാതെ യുജിസിയുടെയും ചാൻസലറുടെയും പ്രതിനിധികളെ മാത്രം ഉൾപ്പെടുത്തി സെർച്ച് കമ്മറ്റി രൂപീകരിച്ചതിനെതിരെയാണ് സർക്കാർ ഹർജി നൽകിയത്.
എംജിയിൽ മിസോറാം സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ. കെആർഎസ് സാംബശിവ റാവു, കൗൺസിൽ ഓഫ് സയന്റിഫിക് ആൻഡ് ഇൻഡസ്ട്രിയൽ റിസർച് ഡയറക്ടർ ഡോ. സിആനന്ദകൃഷ്ണൻ എന്നിവരായിരുന്നു സെർച്ച് കമ്മറ്റി അംഗങ്ങൾ. കേരള സർവകലാശാലയിൽ കർണാടക കേന്ദ്ര സർവകലാശാല വൈസ് ചാൻസലർ പ്രഫ.ബട്ടു സത്യനാരായണ, ഐ എസ്ആർഒ ചെയർമാൻ ഡോ. എസ്സോമനാഥ് എന്നിവരേയും മലയാളം സർവകലാശാലയിൽ കേന്ദ്ര സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ. ജാൻസി ജയിംസ്, കർണാടക കേന്ദ്ര യൂണിവേഴ്സിറ്റി വൈസ് ചാൻസലർ പ്രഫ. ബട്ടു സത്യനാരായണ എന്നിവരേയുമാണ് സേർച്ച് കമ്മറ്റി അംഗങ്ങളായി ഗവർണർ നിയമിച്ചിരുന്നത്.
കേരള ഫിഷറീസ് സർവകലാശാല വിസി നിയമനത്തിനുള്ള സെർച്ച് കമ്മിറ്റി രൂപീകരിച്ച നടപടിയിൽ കഴിഞ്ഞ ദിവസം ഗവർണർക്ക് ഹൈക്കോടതി നോട്ടീസ് അയച്ചിരുന്നു. സർവകലാശാല ചാൻസലറായ ഗവർണർ രണ്ടാഴ്ചക്കകം മറുപടി നൽകണമെന്നു കോടതി നിർദ്ദേശിച്ചു. സെർച്ച് കമ്മിറ്റി രൂപീകരിക്കാൻ ചാൻസലർക്കുള്ള അധികാരം സംബന്ധിച്ച് വിശദീകരിക്കാനും കോടതി ആവശ്യപ്പെട്ടിരുന്നു.ഹർജി തീർപ്പാകുന്നതുവരെ സെർച്ച് കമ്മിറ്റിയുടെ തുടർ നടപടികൾ നിർത്തിവെക്കുമെന്ന് ചാൻസലറുടെ അഭിഭാഷകൻ കോടതിയെ അറിയിക്കുകയും ചെയ്തിരുന്നു.മൂന്നാഴ്ച കഴിഞ്ഞ് ഹരജി ഹൈക്കോടതി വീണ്ടും പരിഗണിക്കും.

## വി.സി സെർച്ച് കമ്മിറ്റിയിലേക്ക് പ്രതിനിധിയെ അയക്കേണ്ടതില്ലെന്ന് സെനറ്റ്

### കണ്ണൂർ സർവകലാശാല സെനറ്റ് തീരുമാനം വോട്ടെടുപ്പിൽ

കണ്ണൂർ:സർവകലാശാല വൈസ് ചാൻസലർസർച്ച് കമ്മിറ്റിയിലേക്ക് സെനറ്റ് പ്രതിനിധിയെ അയക്കേണ്ടതില്ലെന്ന് കണ്ണൂർ സർവകലാശാല സെനറ്റ് യോഗത്തിൽ തീരുമാനം. ഇന്നലെ സർവകലാശാല ആസ്ഥാനത്ത് ചേർന്ന പ്രത്യേക സെനറ്റ് യോഗത്തിലാണ് തീരുമാനം. വൈസ് ചാൻസലർ നിയമനത്തിനുള്ള സെർച്ച് കമ്മിറ്റിയിലേക്ക് സെനറ്റ് പ്രതിനിധിയെ നൽകാൻ ഗവർണർ നിർദേശം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ചേർന്ന യോഗത്തിലാണ് പ്രതിനിധിയെ അയക്കേണ്ടതില്ലെന്ന് തീരുമാനിച്ചത്.അജണ്ട പരിഗണനയ്ക്ക് വന്നപ്പോൾ ഇടത് അംഗം പിപി ദിവ്യയാണ് അജണ്ട പരിഗണിക്കേണ്ടതില്ലെന്ന് പ്രമേയം അവതരിപ്പിക്കാൻ ശ്രമിച്ചത്. എന്നാൽ, ഇത് ചട്ടലംഘനമാണെന്ന് പ്രതിപക്ഷം ചൂണ്ടിക്കാട്ടി. പ്രമേയം അവതരിപ്പിക്കണമെങ്കിൽ 48 മണിക്കൂറിന് മുമ്പേ അനുമതി തേടണമെന്നാണ് ചട്ടം. ഇത് ചൂണ്ടിക്കാട്ടിയാണ് പ്രതിപക്ഷം രംഗത്ത് എത്തിയത്. വിസി നിശ്ചയിച്ച അജണ്ട പിൻവലിക്കരുതെന്നും പ്രതിനിധിയെ നിശ്ചയിക്കണമെന്നും ആവശ്യം യുഡിഎഫ്, എൻഡിഎ പ്രതിനിധികൾ ഉൾപ്പെടെ ഉന്നയിച്ചു. പിന്നീട് അജണ്ടയിൽ ചർച്ച നടന്നു. പ്രതിനിധി അയക്കേണ്ടതില്ലെന്നത് വോട്ടിനിട്ടപ്പോൾ ഇടതുപക്ഷത്തിന് 48 വോട്ടും പ്രതിപക്ഷത്തിന് 25 വോട്ടും ലഭിച്ചു. ഏകപക്ഷീയമായി ഇടത് അജണ്ട നടപ്പാക്കാനുള്ള ശ്രമമാണ് പ്രതി പക്ഷം തടഞ്ഞത്.
സിൻഡിക്കേറ്റിലേക്ക് സെനറ്റിൽ നിന്നുള്ള വിദ്യാർത്ഥി പ്രതിനിധിയായി വൈഷ്ണവ് മഹേന്ദ്രനെയും സർവകലാശാലയുടെ സ്റ്റാറ്റ്യൂട്ടറി ഫിനാൻസ് കമ്മിറ്റിയിലേക്ക് സെനറ്റിൽ നിന്നുള്ള പ്രതിനിധിയായി പി.ജെ സാജുവിനെയും ഭൂരിപക്ഷ അംഗീകാരത്തോടുകൂടി തിരഞ്ഞെടുത്തു. സെനറ്റ് യോഗത്തിൽ മന്ത്രി ഒ.ആർ കേളു, എം എൽഎ മാരായ ടി ഐ മധുസൂദനൻ, സിഎച്ച് കുഞ്ഞമ്പു, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പിപി ദിവ്യ, കോളജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടർ കെ സുധീർ, ഹയർ എഡ്യൂക്കേഷൻ അഡീഷണൽ സെക്രട്ടറി സി അജയൻ, അഡ്വൈസറി ബോർഡ് അംഗം ഡോ. ജെ പ്രസാദ്, സിൻഡിക്കേറ്റ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

### ഇടത് പ്രമേയത്തിന് അനുമതി നിഷേധിച്ചു

കണ്ണൂർ: സെർച്ച് കമ്മിറ്റിയിലേക്കുള്ള പ്രതിനിധിയെ തിരഞ്ഞെടുക്കാനുള്ള അജണ്ട ഒഴിവാക്കാൻ ഇടത്പക്ഷം കൊണ്ടുവന്ന പ്രമേയത്തിന് അനുമതി നിഷേധിച്ചു. വൈസ് ചാൻസിൽ ഡോ.സാജു വിളിച്ചുചേർത്ത സെനറ്റ് യോഗത്തിലെ മൂന്നാമത്തെ അജണ്ട പരിഗണിച്ചപ്പോഴാണ് തള്ളണമെന്ന് പ്രമേയം അവതരിപ്പിക്കാൻ ഇടത് അംഗം രംഗത്ത് എത്തിയത്. എന്നാൽ ചട്ട ലംഘനമാണെന്ന് പ്രതിപക്ഷ അംഗങ്ങൾ വാദിച്ചതോടെ വോട്ടിനിടുകയായിരുന്നു.സെർച്ച് കമ്മിറ്റി അംഗത്തെ തിരഞ്ഞെടുക്കാനുള്ള അജണ്ടയിലേക്ക് വി.സി. കടന്ന ഉടൻ തന്നെ യുഡിഎഫും എൻഡിഎയും നാമനിർദേശങ്ങൾ അവതരിപ്പിച്ചിരുന്നു. ഇതോടെ ഇടത് അംഗങ്ങൾ എഴുന്നേറ്റ് നിന്ന് ബഹളം വച്ചതിനെ തുടർന്നാണ് തുടർ നടപടികൾ സംബന്ധിച്ച് വോട്ടെടുപ്പ് നടത്താൻ വൈസ് ചാൻസലർ തീരുമാനിച്ചത്.

# മുഖ്യമന്ത്രിക്കും ജയരാജനും എതിരെ പ്രകാശ് ബാബു

- ‘രക്ഷാപ്രവർത്തനം’ തെറ്റ്, ജയരാജൻ പറഞ്ഞത് പറയാൻ പാടില്ലാത്ത കാര്യങ്ങൾ
- ഭരണ വിരുദ്ധ വികാരമുണ്ട്; ഇടത് വോട്ടുകൾ ബി.ജെ.പിക്ക് പോയി

തിരുവനന്തപുരം: മുഖ്യമന്ത്രി പിണറായി വിജയനും ഇടത് മുന്നണി കൺവീനർ ഇ.പി ജയരാജനുമെതിരെ തുറന്നടിച്ച് സി.പി.ഐ ദേശീയ എക്സിക്യൂട്ടീവ് അംഗം കെ പ്രകാശ് ബാബു. മുഖ്യമന്ത്രി പിണറായി വിജയന്റെ 'രക്ഷാപ്രവർത്തനം' പരാമർശം തെറ്റെന്നും തിരഞ്ഞെടുപ്പ് കാലത്ത് ഇ.പി ജയരാജൻ പറയാൻ പാടില്ലാത്ത കാര്യങ്ങൾ പറഞ്ഞുവെന്നും പ്രകാശ് ബാബു കുറ്റപ്പെടുത്തി.
കരിങ്കൊടി കാണിച്ചവരെ മർദ്ദിച്ചതിനെ രക്ഷാപ്രവർത്തനമെന്ന് വിശേഷിപ്പിച്ചതിനെ ഒരു തരത്തിലും ന്യായീകരിക്കാനാവില്ലെന്ന് ഒരു സ്വകാര്യ ചാനലിന് നൽകിയ അഭിമുഖത്തിൽ അദ്ദേഹം പറഞ്ഞു. ജനങ്ങളുടെ മനസ് അതൊന്നും അംഗീകരിക്കില്ല. അതിനോട് വ്യക്തിപരമായും യോജിക്കുന്നില്ല. മുഖ്യമന്ത്രി എല്ലാ വിഭാഗങ്ങളെയും യോജിപ്പിച്ച് കൊണ്ടുപോകേണ്ടയാളെന്നും അത്തരം കാര്യങ്ങളെയൊന്നും ന്യായീകരിക്കാൻ പാടില്ലാത്തതാണെന്നും അദ്ദേഹം പറഞ്ഞു.
തിരഞ്ഞെടുപ്പ് കാലത്ത് ഇ.പി ജയരാജൻ നടത്തിയ പല പരാമർശങ്ങളും ദോഷകരമായി. കൺവീനർ എന്ന നിലയിൽ മാത്രമല്ല, മുന്നണിയിലെയും സംസ്ഥാനത്തിലെയും ഒരു പ്രധാനപ്പെട്ട നേതാവ് എന്ന നിലയിൽപ്പോലും ഒരിക്കലും പറയാൻ പാടില്ലാത്ത വാക്കുകൾ മുന്നണിക്ക് തിരിച്ചടിയായി. ബി.ജെ.പിയുടെ 5 സ്ഥാനാർത്ഥികൾ മികച്ചതാണ് എന്ന് പറഞ്ഞതിനേക്കാൾ അപകടകരമായിരുന്നു ജാവേദക്കറെ കണ്ട കാര്യം പറഞ്ഞത്. ഇത് രണ്ടും ഇടതുപക്ഷ മനസുകളിൽ നല്ല മുറിവേൽപ്പിച്ചിട്ടുണ്ട്.
തിരഞ്ഞെടുപ്പിലെ തിരിച്ചടി സി.പി.ഐക്ക് മാത്രമായി സംഭവിച്ചതല്ല. ദേശീയ തലത്തിൽ ബി.ജെ.പിയെ എതിർക്കാൻ നല്ലത് കോൺഗ്രസ് ആണെന്ന് വന്നു. അതിൻെറ ഗുണം കേരളത്തിൽ യു.ഡി.എഫിന് കിട്ടി. മുന്നണി നേരിടുന്ന അപകടം പരമ്പരാഗത ഇടത് വോട്ടുകൾ ചോർന്നതാണ്. ആ വോട്ടുകൾ ബി.ജെ.പിയിലേക്ക് പോയി. സംസ്ഥാനത്ത് ഭരണവിരുദ്ധ വികാരം ഉണ്ട്. അത് സംസ്ഥാന കൗൺസിൽ വിലയിരുത്തിയിരുന്നു. തിരഞ്ഞെടുപ്പ് കാലത്തും അതിന് മുൻപും ജനങ്ങൾക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾ മുടങ്ങിയെന്ന് ചൂണ്ടിക്കാട്ടിയ അദ്ദേഹം, ക്ഷേമപെൻഷനാണ് അതിൽ പ്രധാനമെന്നും പറഞ്ഞു.
സപ്ളൈകോയിൽ സാധനങ്ങൾ ഉണ്ടായിരുന്നില്ല. ഇതൊക്കെ ജനങ്ങളെ എതിരാക്കി. ഇടതുപക്ഷം പ്രഖ്യാപിത സമീപനത്തിൽ നിന്ന് പിറകോട്ട് പോയോ എന്ന തോന്നൽ ഉണ്ടാക്കി. സർക്കാരിൻെറ മുൻഗണനാക്രമത്തിൽ മാറ്റം ഉണ്ടാകണം. മുഖ്യമന്ത്രിയുടെ ശൈലിയല്ല പ്രശ്നം. 80 വയസുള്ള ആളുടെ ശൈലിയിൽ മാറ്റം വരുത്താമെന്ന് കരുതുന്നില്ല. എല്ലാവകുപ്പുകളും ശ്രദ്ധിച്ച് കുറച്ചുകൂടി ജാഗ്രതയോടെ പ്രവർത്തിക്കണം. അപ്പോൾ മാറ്റം ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.
രാജ്യസഭയിലേക്ക് സുനീറിനെ അയക്കാനാണ് സംസ്ഥാന എക്സിക്യൂട്ടീവ് തീരുമാനിച്ചത്. അതിന് എന്താണ് മാനദണ്ഡം എന്ന് പറയാനാകില്ലെന്ന് പറഞ്ഞ പ്രകാശ് ബാബു, വയനാട് ഉപ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായി പരിഗണിക്കരുതെന്ന് ആവശ്യപ്പെട്ട് ആനിരാജ കത്ത് നൽകിയിരുന്നുവെന്നും സമ്മതിച്ചു.

## എച്ച് വൺ എൻ വൺ സംശയം: പനിബാധിച്ച നാലു വയസുകാരൻ മരിച്ചു



കൊച്ചി: പനി ബാധിച്ച് ചികിത്സയിലായിരുന്ന എൽകെജി വിദ്യാർഥി മരിച്ചത് എച്ച് വൺ എൻ വൺ ബാധയെ തുടർന്നെന്ന് സംശയം. കളമശേരി ആലങ്ങാട് ഒളനാട് ഇളവംതുരുത്തിൽ സ്വദേശി ലിബുവിന്റെയും നയനയുടെയും മകൻ ലിയോൺ ലിബുവാണ് (4) കഴിഞ്ഞദിവസം മരിച്ചത്. നാലുദിവസം മുമ്പാണ് ലിബുവിന് പനി ബാധിച്ചത്. തുടർന്നു സമീപത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടിയിരുന്നു. എന്നാൽ, പനി കുടുകയും ഛർദിക്കുകയും ചെയ്തതോടെ വ്യാഴാഴ്ച എറണാകുളത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു. രാത്രിയോടെ മരണം സംഭവിച്ചു. മരിച്ച ലിയോണിന്റെ സംസ്കാരം കൊങ്ങോർപ്പിള്ളി സെന്റ് ആന്റണീസ് പള്ളിയിൽ നടത്തി. പാനായിക്കുളം ലിറ്റിൽ ഫ്ളവർ സെന്റ് ബെനഡിക്റ്റ് ലെനഴ്സറി വിദ്യാർഥിയാണ്. രണ്ടര വയസുള്ള ലിനോൻ സഹോദരനാണ്.

# പ്ലസ് വൺ പ്രതിസന്ധി സർക്കാർ മറച്ചുവെച്ചത് ബോധപൂർവം

- റിപ്പോർട്ട് വെളിച്ചം കണ്ടത് മഞ്ഞളാംകുഴി അലിയുടെ ഇടപെടലിലൂടെ

തിരുവനന്തപുരം: മലബാറിലെ പ്ലസ് വൺ പ്രതിസന്ധിക്ക് താൽക്കാലിക പരിഹാരമായി സർക്കാർ നടത്തിയത് പൊടിക്കൈ പ്രയോഗമാണെന്നും വളരെ രൂക്ഷമാണ് ഇവിടത്തെ വിദ്യാഭ്യാസ മേഖലയെന്നും വ്യക്തമാക്കുന്ന പ്രൊഫ.വി കാർത്തികേയൻ നായർ സമിതിയുടെ റിപ്പോർട്ട് വെളിച്ചത്തുവരാൻ ഇടയാക്കിയത് മുസ്‌ലിം ലീഗ് നേതാവ് മഞ്ഞളാംകുഴി അലിയുടെ നിയമസഭാ ഇടപെടൽ. 2023 മെയ് 17ന് സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട് പൂഴ്ത്തിവെക്കുകയായിരുന്നു. കാർത്തികേയൻ കമ്മിറ്റി റിപ്പോർട്ട് പുറത്തുവിടണമെന്ന് മുസ്‌ലിം ലീഗും യു.ഡി.എഫും നിയമസഭയിലടക്കം നിരന്തരം ആവശ്യപ്പെട്ടിട്ടും സർക്കാർ തയാറായില്ല. തുടർന്ന് മലബാറിൽ പ്ലസ് വൺ ബാച്ചുകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷ യുവജന സംഘടനകൾ സമരരംഗത്തെത്തി. ഇതിനിടെയാണ് നിയമസഭയിൽ മഞ്ഞളാംകുഴി അലിയുടെ നിർണായകമായ ചോദ്യമുണ്ടായത്. ഇതിനുള്ള മറുപടിയിലാണ് റിപ്പോർട്ടിലെ പ്രസക്തഭാഗങ്ങൾ പുറത്തുവിടാൻ സർക്കാർ നിർബന്ധിതമായത്. സംസ്ഥാനത്ത് പ്ലസ് വൺ സീറ്റ് ക്ഷാമം പരിഹരിക്കാൻ 18 ഹൈസ്കൂളുകൾ ഹയർസെക്കൻഡറികളാക്കി ഉയർത്തുകയും നിലവിലുള്ള ഹയർസെക്കൻഡറികളിൽ 222 താൽക്കാലിക ബാച്ചുകളും അനുവദിക്കണമെന്നും ശിപാർശ ചെയ്യുന്ന റിപ്പോർട്ട്, കുട്ടികളില്ലാത്ത 39 ബാച്ചുകൾ സീറ്റ് കുറവുള്ള പ്രദേശങ്ങളിലേക്ക് ട്രാൻസ്ഫർ ചെയ്യാനും പറയുന്നുണ്ട്. സർക്കാർ സ്കൂളുകളിൽ 96 ഉം എയ്ഡഡ് സ്കൂളുകളിൽ 126ഉം താൽക്കാലിക ബാച്ചുകൾ അനുവദിക്കണം. ഇതിൽ 120 ബാച്ചുകൾ മലപ്പുറം ജില്ലയിലും 43 ബാച്ചുകൾ കോഴിക്കോട്ടുമാണ് വേണ്ടത്. ഇതിന് പുറമെ മലപ്പുറം ജില്ലയിലെ നാലും പാലക്കാട് ജില്ലയിലെ ആറും കോഴിക്കോട്, വയനാട് ജില്ലകളിലെ രണ്ടും കാസർകോട്ടെ മൂന്നും സർക്കാർ ഹൈസ്കൂളുകൾ മൊത്തം 37 ബാച്ചുകൾ അനുവദിച്ച് താൽക്കാലികമായി ഹയർസെക്കൻഡറിയാക്കി ഉയർത്താനും കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. എയ്ഡഡ് വിഭാഗത്തിൽ മലപ്പുറം ജില്ലയിലെ പുളിക്കൽ എ.എം.എം.എച്ച്.എസ് പ്രാദേശിക ആവശ്യകത മുൻനിർത്തി മൂന്ന് ബാച്ചുകൾ അനുവദിച്ച് ഹയർസെക്കൻഡറിയാക്കാനും ശിപാർശയുണ്ട്. താൽക്കാലിക ബാച്ചുകൾക്ക് പുറമെ ഹൈസ്കൂളുകൾ ഉയർത്തുന്നതുവഴി ലഭിക്കുന്ന 40 പുതിയ ബാച്ചുകൾ കൂടി പരിഗണിച്ചാൽ 262 ബാച്ചുകളുടെ ആവശ്യകത കമ്മിറ്റി റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇതിന് പുറമെയാണ് 39 ബാച്ചുകൾ കൂടി ട്രാൻസ്ഫർ ചെയ്യാൻ ശിപാർശയുള്ളത്. ഇതുകൂടി പരിഗണിക്കുന്നതോടെ സീറ്റ് ക്ഷാമം പരിഹരിക്കാനായി 301 ബാച്ചുകൾ ലഭ്യമാകുമെന്നാണ് കമ്മിറ്റി റിപ്പോർട്ടിലുള്ളത്.
ഇതോടൊപ്പം കുട്ടികളില്ലാതെ മുൻ വർഷങ്ങളിൽ സീറ്റ് ക്ഷാമമുള്ള മേഖലകളിലേക്ക് മാറ്റിയ പ്ലസ് വൺ ബാച്ചുകളിൽ പൂർണതോതിൽ പ്രവേശനം നടക്കുന്നവ മാറ്റിനൽകിയ സ്കൂളുകളിൽ സ്ഥിരപ്പെടുത്തണമെന്നും റിപ്പോർട്ടിലുണ്ട്. ബാച്ചുകൾ മാറ്റിയ സ്കൂളുകളിലെ അധിക സ്ഥിരം അധ്യാപകരെ പുതിയ സ്കൂളിലേക്ക് പുനർവിന്യസിക്കണം. പൂർണതോതിൽ വിദ്യാർത്ഥികളുള്ള ബാച്ചുകളിൽ ഗസ്റ്റ് അധ്യാപകർ ജോലിചെയ്യുന്നതും 25 വിദ്യാർഥികളില്ലാത്ത ബാച്ചുകളിൽ (സ്പെഷ്യൽ സ്കൂളുകൾ ഒഴികെ) സ്ഥിരാധ്യാപകർ ജോലിചെയ്യുന്നതുമായ സാഹചര്യം ഒഴിവാക്കണമെന്നും റിപ്പോർട്ടിൽ പറയുന്നു. 2014–15, 2015–16 വർഷങ്ങളിൽ പുതിയ ഹയർസെക്കൻഡറി ബാച്ചുകൾ അനുവദിച്ച സ്കൂളുകളിൽ ഇതുവരെ തസ്തിക സൃഷ്ടിക്കാത്തവയിൽ 40ൽ കുറയാത്ത വിദ്യാർഥികൾ പ്രവേശനം നേടിയിട്ടുണ്ടെങ്കിൽ തസ്തിക അനുവദിക്കാൻ സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തണമെന്നും റിപ്പോർട്ടിലുണ്ട്. നിലവിൽ 50 കുട്ടികളുള്ള ബാച്ചുകളിലാണ് സ്ഥിരം തസ്തികക്ക് അനുമതിയുള്ളത്. ഈ റിപ്പോർട്ട് പൂഴ്ത്തിവെച്ചായിരുന്നു കഴിഞ്ഞ വർഷവും ഈ വർഷവും പുതിയ ബാച്ചുകൾ ആവശ്യമില്ലെന്ന് സർക്കാർ നിലപാട് സ്വീകരിച്ചത്. സീറ്റ് ക്ഷാമത്തിന്റെ കണക്ക് പുറത്തുവരികയും വിദ്യാർത്ഥി സംഘടനകൾ സമരരംഗത്തിറങ്ങുകയും ചെയ്തതോടെ മലപ്പുറത്ത് 120ഉം കാസർകോട് 18ഉം താൽക്കാലിക ബാച്ചുകൾ അനുവദിക്കാൻ സർക്കാർ നിർബന്ധിതരായി.

# ചന്ദ്രിക സ്പോർട്സ്



## കമലാണ് പതാക

### വലിയ അംഗീകാരമെന്ന് താരം

പാരീസ്: ഒളിംപിക്സ് ടേബിൾ ടെന്നിസിൽ ഇന്ത്യക്ക് ഇത് വരെ മെഡലുകളില്ല. പക്ഷേ ചില വേളകളിൽ മികച്ച പ്രകടനം നടത്തിയിട്ടുണ്ട്. ഇന്ത്യൻ ടി.ടിയുടെ ആഗോള വിലാസമായ ശരത് കമലാണ് പാരീസ് ഒളിംപിക്സിൽ ഇന്ത്യൻ പതാക വഹിക്കുന്നത്. രാജ്യത്തെ ഒരു ടി.ടി താരത്തിന് ലഭിക്കുന്ന ഏറ്റവും വലിയ അംഗീകാരം. സാധാരണ ഗതിയിൽ മെഡൽ സ്വന്തമാക്കിയ താരമാണ് പതാക വഹിക്കാറ്. ഇത്തവണ സ്വർണ മെഡൽ ജേതാവ് നീരജ് ചോപ്രയുൾപ്പെടെയുള്ളവർ രംഗത്തുള്ളപ്പോഴും ഇന്ത്യൻ ഒളിംപിക് അസോസിയേഷൻ തെരഞ്ഞെടുത്തത് കമലിനെയാണ്. പ്രസിഡണ്ട് പി.ടി ഉഷയുടെ പ്രത്യേക താൽപ്പര്യത്തിലാണ് കമലിന് വലിയ അംഗീകാരം ലഭിച്ചത്. 41-കാരനായ ടി.ടി സൂപ്പർ താരത്തിന് ഇത് അഞ്ചാമത് ഒളിംപിക്സാണ്. ഇനി മറ്റൊരു ഒളിംപിക്സിനില്ലെന്ന് പറയുമ്പോഴും അദ്ദേഹം പാരിസിൽ വാഗ്ദാനം ചെയ്യുന്നത് മെച്ചപ്പെട്ട പ്രകടനമാണ്. ഒളിംപിക്സ് ഏറ്റവും നല്ല വേദിയാണ്. മികച്ചവർ മാറ്റുരക്കുന്ന വേദി. അവിടെ രാജ്യത്തെ പ്രതിനിധികരിക്കാൻ മാത്രമല്ല ഇത്തവണ രാജ്യത്തിന്റെ പതാക വഹിക്കാനും തെരഞ്ഞെടുക്കപ്പെട്ടതിൽ വലിയ സന്തോഷമെന്ന് അദ്ദേഹം പറഞ്ഞു.

## നോ പ്രഷർ



ന്യൂഡൽഹി: മൂന്ന് വർഷം മുമ്പ് ടോക്കിയോവിൽ കോവിഡ് ബഹളത്തിൽ ഒളിംപിക്സ് നടന്നപ്പോൾ ഇന്ത്യക്ക് അഭിമാന സ്വർണം സമ്മാനിച്ച അത്ലറ്റാണ് നീരജ് ചോപ്ര. പുരുഷന്മാരുടെ ജാവലിൻ ത്രോയിൽ സ്വർണം സ്വന്തമാക്കി ദേശീയ പതാകയുടെ സൗന്ദര്യം വാനോളം ഉയർത്തിയ താരം. ഒളിംപിക്സ് മികവ് ലോക ചാമ്പ്യൻഷിപ്പിലും ആവർത്തിച്ച നീരജ് ഇപ്പോൾ ഒളിംപിക്, ലോക ജേതാവാണ്. പാരിസ് ഒളിംപിക്സിന് ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെ ഇത്തവണയും ഇന്ത്യയുടെ സ്വർണതാരം നീരജ് തന്നെ. യൂറോപ്പിൽ പരിശീലനത്തിലാണ് ഹരിയാനക്കാരൻ. ഒളിംപിക്സ് വലിയ വേദിയാണെന്നും എന്നാൽ സമ്മർദ്ദമില്ലെന്നും അദ്ദേഹം പറഞ്ഞു. വലിയ വേദിയാവുമ്പോൾ സ്വാഭാവികമായും വെല്ലുവിളി കാര്യമായുണ്ടാവും. ഏറ്റവും മികച്ച പ്രതിയോഗികളാണ് മൽസരിക്കാനെത്തുക. പക്ഷേ പരിശീലനം ശക്തമാണെന്നും രാജ്യത്തിന് മറ്റൊരു ഒളിംപിക് സ്വർണം സമ്മാനിക്കാനാവുമെന്നും അദ്ദേഹം പറഞ്ഞു.



*മാനസിക സംഘർഷമാണ് പലപ്പോഴും ഒളിംപിക്സ് പോലുള്ള വലിയ വേദികളിൽ ഇന്ത്യൻ അത്ലറ്റുകൾക്ക് തിരിച്ചടിയാവാറുള്ളത്. വലിയ പ്രതിയോഗികളും മൽസരങ്ങളുമാവുമ്പോൾ എങ്ങനെ ഒരുങ്ങണമെന്നത് പോലുള്ള കാര്യങ്ങൾ ഉറക്കം പോലും കെടുത്തും. പാരിസിലേക്ക് പോവുന്ന ഇന്ത്യൻ സംഘത്തിനൊപ്പം ഇത്തവണ ശക്തരായ സപ്പോർട്ടിംഗ് സ്റ്റാഫുണ്ട്. സ്ലിപ്പിംഗ് തെറാപിസ്റ്റുണ്ട്. താരങ്ങളെ മാനസികമായി മൽസര സജ്ജരാക്കാൻ പ്രത്യേക മെഡിക്കൽ സംഘത്തെയും ഇന്ത്യൻ ഒളിംപിക് അസോസിയേഷൻ ഒരുക്കിയിട്ടുണ്ട്.*

**–പി.ടി ഉഷ**

www.chandrikadaily.com

**BREAKING** യൂറോ കപ്പ് സ്വന്തമാക്കിയ സ്പാനിഷ് സംഘത്തിന്റെ നായകൻ അൽവാരോ മൊറാത്ത ഇറ്റാലിയൻ ക്ലബായ എ.സി മിലാനിൽ



### ഇന്ന്

രണ്ടാം ടെസ്റ്റ്
ഇംഗ്ലണ്ട്-വിൻഡീസ്
മൂന്നാം ദിവസം
(വൈകീട്ട് 3-30)
സോണി സ്പോർട്സ്
ലൈവ്

ഏഷ്യാ കപ്പ്
വനിതാ ടി-20
മലേഷ്യ-തായ്ലൻഡ്
(ഉക്ക 2-00)
ശ്രീലങ്ക-ബംഗ്ലാദേശ്
(രാത്രി 7-00)
സ്റ്റാർ സ്പോർട്സ് ലൈവ്

## ഓർമയിലെ സുന്ദര വെങ്കലം...

TOKYO 2020



ഓർമയില്ലേ ഈ ചിത്രമുഹൂർത്തം.... മൂന്ന് വർഷം മുമ്പ് അങ്ങ് ടോക്കിയോവിൽ നടന്ന ഒളിംപിക്സിൽ ജർമനിയെ തോൽപ്പിച്ച് വെങ്കലം സ്വന്തമാക്കിയ ആഹ്ലാദത്തിൽ ശ്രീജേഷും സംഘവും. 41 വർഷത്തെ വലിയ കാത്തിരിപ്പിന് ശേഷമായിരുന്നു ഇന്ത്യക്ക് ഒരു ഒളിംപിക് മെഡൽ. എട്ട് ഒളിംപിക് സ്വർണങ്ങൾ സ്വന്തമാക്കിയവരാണ് ഇന്ത്യ. പക്ഷേ 1980-ന് ശേഷം കാര്യമായ നേട്ടങ്ങളുണ്ടായിരുന്നില്ല. 1920 നും 1980 നുമിടയിൽ ഇന്ത്യ ഒളിംപിക്സിൽ എട്ട് സ്വർണവും ഒരു വെള്ളിയും രണ്ട് വെങ്കലവും സ്വന്തമാക്കിയിരുന്നു. തുടർച്ചയായി ഒമ്പത് ഒളിംപിക്സുകളിൽ ഏറ്റവും മികച്ച ടീമിനെ അയച്ചിട്ടും മെഡലുകളൊന്നും നേടാൻ കഴിയാത്ത അവസ്ഥയിലായിരുന്നു ടീം. എല്ലാ ഒളിംപിക്സുകൾ ആരംഭിക്കുമ്പോഴും സാധ്യതാപ്പട്ടികയിൽ ഇന്ത്യ ആദ്യം വരും. പക്ഷേ ഒളിംപിക്സ് അവസാനിക്കുമ്പോൾ ഒന്നുമില്ലാത്ത നിരാശയാവും ഫലം. 1984 മുതൽ 2012 വരെ ഗ്രൂപ്പ് ഘട്ടത്തിൽ തന്നെ ടീം പുറത്തായി. 2016 ലെ റിയോ ഒളിംപിക്സിൽ ടീം ക്വാർട്ടറിലെത്തി. ടോക്കിയോവിൽ ടീമിനെ പരിശീലിപ്പിച്ചത് ഗ്രഹാം റീഡ് എന്ന വിദേശീയനായ പരിശീലകനായിരുന്നു. ഏഷ്യാ കപ്പിലും ലോകകപ്പ് ഹോക്കിയിലും മികച്ച പ്രകടനം നടത്തിയാണ് ഇന്ത്യ ടോക്കിയോവിലെത്തിയത്. കോവിഡ് കാലത്തെ ഒളിംപിക്സ് ടീമിന് ഭീതിയായിരുന്നു. ആദ്യ മൽസരത്തിൽ പ്രതീക്ഷിച്ച മികവ് പുലർത്താൻ ടീമിനായില്ല. ന്യൂസിലൻഡിനെതിരെ 3-2 ന്റെ വിജയം മാത്രം. രണ്ടാം മൽസരത്തിൽ കരുത്തരായ ഓസ്ട്രേലിയക്കെതിരെ ദയനീയ തോൽവി. 7-1 നായിരുന്നു ഓസീസ് വിജയം. എന്നാൽ മൂന്നാം മൽസരത്തിൽ സ്പെയിനിനെ മൂന്ന് ഗോളിന് തകർത്ത് പ്രതീക്ഷ കാത്തു. അടുത്ത മൽസരം റിയോ ഒളിംപിക്സിൽ സ്വർണം സ്വന്തമാക്കിയ അർജന്റീനയുമായിട്ടായിരുന്നു. ഈ മൽസരത്തിലായിരുന്നു ഇന്ത്യയുടെ ഏറ്റവും മികച്ച പ്രകടനം. 3-1 ന് ചാമ്പ്യന്മാരെ തകർത്ത് ഇന്ത്യ ക്വാർട്ടറിലെത്തി. അവസാന ഗ്രൂപ്പ് മൽസരത്തിൽ ജപ്പാനെ 5-3ന് തകർക്കാനായത് ടീമിന്റെ ആത്മവിശ്വാസം വർധിപ്പിച്ചു. അങ്ങനെ ഗ്രൂപ്പ് എ-യിൽ ഓസ്ട്രേലിയക്ക് പിറകിൽ ഇന്ത്യ രണ്ടാം സ്ഥാനക്കാരായി. ക്വാർട്ടറിൽ ബ്രിട്ടനെ 3-1 ന് തകർത്ത് സെമിയിൽ. അവിടെ ബെൽജിയം പ്രതിയോഗികൾ. 5-2ന് ഇന്ത്യ തകർന്നു. സ്കോർ നില കാണിക്കുന്നത് പോലെ ഏകപക്ഷീയമായിരുന്നില്ല ആ സെമി. മൻപ്രീതും സംഘവും നന്നായി കളിച്ചിരുന്നു. പക്ഷേ ഗോൾ മാത്രം അകന്നു. ആ തോൽവി കഴിഞ്ഞ് രണ്ട് ദിവസത്തിന് ശേഷം ജർമനിയുടെ മൂന്നാം സ്ഥാന മൽസരം. ഒരു ഘട്ടത്തിൽ ജർമൻകാർ 3-1ന് മുന്നിൽ. കരുത്തരായി തിരികെ വന്ന ഇന്ത്യ 5-4 ന് മൽസരം സ്വന്തമാക്കിയത് അവിസ്മരണീയ കാഴ്ച്ചയായിരുന്നു. സിമറൻജിത് സിംഗ് രണ്ട് ഗോൾ നേടിയപ്പോൾ ഹർമൻപ്രീത്, ഹാർദിക്, രുപീന്ദർ പാൽ എന്നിവരും സ്കോർ ചെയ്തു. പക്ഷേ കളിയിലെ യഥാർത്ഥ ഹീറോ ഗോൾക്കീപ്പർ ശ്രീജേഷായിരുന്നു. തകർപ്പൻ സേവുകളുമായി അദ്ദേഹം കളം നിറഞ്ഞു. അന്നത്തെ ആ ടോക്കിയോ സംഘത്തിലെ പത്ത് പേർ പാരിസ് സംഘത്തിലുണ്ട്. ഇത്തവണയും അവിസ്മരണീയ പ്രകടനമാണ് നായകൻ മൻപ്രീത് വാഗ്ദാനം ചെയ്യുന്നത്. കാത്തിരിക്കാം.



*രണ്ട് വിക്കറ്റ് നേടിയ ശ്രേയങ്കാ പാട്ടിലിന്റെ ആഹ്ലാദം*

## പാക് വനിതകൾ തരിപ്പണം

ധാംബുല: 35 പന്ത് ബാക്കിനിൽക്കെ ഏഴ് വിക്കറ്റിന് പരമ്പരാഗത വൈരികളായ പാക്കിസ്താനെ തകർത്ത് ഇന്ത്യൻ വനിതകൾ ഏഷ്യാകപ്പിൽ ഗംഭീരമായി അരങ്ങേറി. ആദ്യം ബാറ്റ് ചെയ്ത പാക്കിസ്താൻ ആകെ നേടിയത് 108 റൺസ്. 14.1 ഓവറിൽ ഇന്ത്യ ലക്ഷ്യത്തിലെത്തുമ്പോൾ മൂന്ന് പേർ മാത്രമാണ് പുറത്തായിരുന്നത്. 20 റൺസ് മാത്രം നൽകി മൂന്ന് പാക്കിസ്താൻ വിക്കറ്റുകൾ സ്വന്തമാക്കിയ ദീപ്തി ശർമയാണ് പ്ലെയർ ഓഫ് ദ മാച്ച്. പാക് ബാറ്റിംഗിൽ പൊരുതി നിന്നത് സിദ്ര അമീൻ (22), തുബാ ഹസൻ (22), ഫാത്തിമ സന (22 നോട്ടൗട്ട്) എന്നിവർ മാത്രം. സന നേടിയ രണ്ട് സിക്സറുകൾ മാത്രമായിരുന്നു പാക് ഇന്നിംഗ്സിലെ ആക്രമണം. പേസർമാരായ രേണുകാ സിംഗും, പൂജാ വട്സാർക്കറും രണ്ട് വീതം വിക്കറ്റ് നേടിയപ്പോൾ ബാക്കിയെല്ലാം ദീപ്തി ചെയ്തു. ഇന്ത്യൻ മറുപടി വേഗതയിലായിരുന്നു. ഷഫാലി വർമയും (29 പന്തിൽ 40), സ്മൃതി മന്ദാനയും (31 പന്തിൽ 45) ഒന്നാം വിക്കറ്റിൽ 9.3 ഓവറിൽ 85 റൺസ് നേടി. സ്മൃതി ആദ്യ വിക്കറ്റായി പുറത്തായ ശേഷം ഇന്ത്യക്ക് ഷഫാലി, ദയാലൻ ഹേമതല (14) എന്നിവരെ വേഗം നഷ്ടമായെങ്കിലും നായിക ഹർമൻ പ്രീത്, അനുഭവ സമ്പന്നയായ ജെമിമ റോഡ്രിഗസ് എന്നിവർ ചേർന്ന് വിജയം ഉറപ്പാക്കി.

# ശ്രീജേഷ് സംഘത്തിന് കടുപ്പ യാത്ര

PARIS 2024
ഇനി 06 നാൾ

പാരീസ്:മൻപ്രീത് സിംഗ് നയിക്കുന്ന ഇന്ത്യൻ ഹോക്കി ടീം മൂന്ന് വർഷം മുമ്പ് ജപ്പാൻ ആസ്ഥാനമായ ടോക്കിയോവിൽ അൽഭുതം കാട്ടിയവരാണ്. വമ്പന്മാർക്കിയിൽ നിന്നും മൂന്നാം സ്ഥാനവുമായി അവർ കരുത്തരായി. അതേ സംഘത്തിലെ പത്ത് പേരും അൽപ്പം പുതുമുഖങ്ങളുമായി ഇന്ത്യൻ സംഘമിപ്പോൾ പാരീസിലേക്കുള്ള യാത്രയിലാണ്. ലക്ഷ്യം മെഡൽ മെച്ചപ്പെടുത്തുകയാണ്. ഒളിംപിക് ഹോക്കി ചരിത്രത്തിൽ അതിവിഖ്യാത സ്ഥാനമുണ്ട് ഇന്ത്യക്ക്. 1928 മുതൽ സ്വർണക്കാർ. ഡച്ച് നഗരമായ ആംസ്റ്റർഡാമിൽ നടന്ന ഒളിംപിക്സിൽ തുടങ്ങിയ സ്വർണ കുതിപ്പ് 1932, 36,48,52,56,64,1980 വർഷങ്ങളിൽ ഇന്ത്യ ആവർത്തിച്ചു. മഹാനായ ധ്യാൻചന്ദിൽ തുടങ്ങുന്ന ഇന്ത്യൻ വീരഗാഥകളിൽ എത്രയോ നായകർ. 90 ൽ സഫർ ഇഖ്ബാൽ എന്ന നായകൻ രാജ്യത്തിന് സ്വർണം സമ്മാനിച്ച ശേഷം മെഡലുകൾ അന്യം നിന്നു. ഹോക്കിക്ക് പിറവി നൽകിയ രാജ്യത്തെ നിസ്സഹയരാക്കി യൂറോപ്യന്മാർ പ്രബലരായി മാറി. ചിലപ്പോൾ ഒളിംപിക്സ് യോഗ്യത നേടുന്നതിൽ പോലും ഇന്ത്യൻ ഹോക്കി പരാജയപ്പെട്ട കാഴ്ച്ചയിൽ ആരാധകർ സങ്കടപ്പെട്ടു. അതിനിടെയാണ് 2021 ൽ മൂന്നാം സ്ഥാനവുമായി ശ്രീജേഷും സംഘവും വന്നത്. ആ നേട്ടത്തിന് ശേഷം തിരിച്ചടികൾ പലതും നേരിട്ടപ്പോഴും പാരിസിലേക്ക് ടീം പുറപ്പെട്ടത് കരുത്ത് കാട്ടാനാവും എന്ന ആത്മവിശ്വാസത്തിലാണ്.ഗ്രൂപ്പ് ഘട്ടത്തിൽ ഇന്ത്യക്ക് വെല്ലുവിളിയുണ്ട്. ലോക റാങ്കിംഗിൽ നാലാം സ്ഥാനത്തുള്ള ഇന്ത്യയുടെ ആദ്യ മൽസരം 27 നാണ്. പ്രതിയോഗികൾ കരുത്തരായ ന്യൂസിലൻഡ്. രണ്ടാം മൽസരം 29ന് അർജന്റീനയുമായാണ്. ഫീൽഡ് ഹോക്കിയിൽ കരുത്തരായി മാറിയിരിക്കുന്ന സംഘമാണ് അർജൻറീന. 30ന് താരതമ്യേന ദുർബലരായ അയർലൻഡ്. ഓഗസ്റ്റ് ഒന്നിന് പക്ഷേ കാര്യമായ വെല്ലുവിളി. ലോക റാങ്കിംഗിൽ രണ്ടാം സ്ഥാനത്തുള്ള നിലവിലെ ഒളിംപിക് ചാമ്പ്യന്മാരായ ബെൽജിയവുമായി കളിക്കുന്ന ഇന്ത്യ അടുത്ത ദിവസം റാങ്കിംഗിൽ അഞ്ചാമതുള്ള ഓസ്ട്രേലിയയുമായി കളിക്കുന്നു. അതായത് സ്വന്തം ഗ്രൂപ്പിൽ ഇന്ത്യ മൂന്ന് ഒളിംപിക് ജേതാക്കളുമായി കളിക്കണം. പൂൾ എ-യിൽ നെതർലൻഡ്സ്, ജർമനി, ബ്രിട്ടൻ, സ്പെയിൻ, ദക്ഷിണാഫ്രിക്ക, ഫ്രാൻസ് എന്നിവരാണ് കളിക്കുന്നത്. മൽസര ഫോർമാറ്റ് പ്രകാരം ഗ്രൂപ്പിലെ ആദ്യ നാല് സ്ഥാനക്കാർ ക്വാർട്ടറിലെത്തും. ഗ്രൂപ്പ് ബി-യിൽ നിന്നും ബെൽജിയം, ഓസ്ട്രേലിയ, അർജന്റീന എന്നിവർക്കൊപ്പം ഇന്ത്യ ക്വാർട്ടറിലെത്താനാണ് സാധ്യത. നോക്കൗട്ടുകളിൽ പക്ഷേ കാര്യമായ വെല്ലുവിളിയുണ്ടാവും.

# കാര്യങ്ങൾ ആശാനങ്ങ് തീരുമാനിക്കും



മുംബൈ: ഇന്ത്യൻ ക്രിക്കറ്റ് ടീം സെലക്ഷൻ എന്നും തമാശയാണ്. വലിയ പ്രക്രിയ എന്നാണ് വിശേഷണം. പക്ഷേ സ്വന്തക്കാർക്ക് വേണ്ടിയുള്ള ഒത്തുത്തീർപ്പിൽ എല്ലാം എപ്പോഴും അവസാനിക്കും. ഏറ്റവുമൊടുവിൽ നോക്കുക. വ്യാഴാഴ്ച്ച ഇന്ത്യൻ സെലക്ടർമാരും ഹെഡ് കോച്ച് ഗൗതം ഗാംഭീറും ഓൺലൈനായി യോഗം ചേരുന്നു. ഒന്നര മണിക്കൂർ ദീർഘിച്ച യോഗത്തിന് ശേഷം ശ്രീലങ്കൻ പര്യടനത്തിനുള്ള ടി-20, ഏകദിന സംഘത്തെ പ്രഖ്യാപിച്ചു. കോച്ച് ഗാംഭീറിന് താൽപ്പര്യമുള്ള താരമായ സൂര്യകുമാർ യാദവ് ടി-20 സംഘത്തിന്റെ കപ്പിത്താനായി. രോഹിത് ശർമ ഏകദിന സംഘത്തിന്റെ തലവനുമായി. ടീം സെലക്ഷനാണ് രസകരം. കോച്ചിന് താൽപ്പര്യമുള്ളവരെല്ലാം രണ്ട് ടീമിലുമെത്തി. മലയാളത്തിൽ നിന്നുള്ള ഏക പ്രതിനിധി സഞ്ജു സാംസണെ ടി-20 സംഘത്തിൽ ഉൾപ്പെടുത്തിയെങ്കിലും ലങ്കയിൽ അദ്ദേഹം കാഴ്ച്ചക്കാരനാവുമെന്നുറപ്പാണ്. ഒന്നാം നമ്പർ വിക്കറ്റ് കീപ്പർ എന്ന നിലയിൽ റിഷാഭ് പന്തുണ്ട്. സൂര്യകുമാറിലെ നായകൻ ഒരിക്കലും സഞ്ജുവിനെ പരിഗണിക്കാനോ ഗാംഭീറിലെ പരിശീലകൻ തിരുവനന്തപുരത്തുകാരനെ ആദ്യ ഇലവനിൽ ഉൾപ്പെടുത്താനോ പോവുന്നില്ല. ഏകദിന സംഘത്തിലേക്ക് വന്നപ്പോൾ അദ്ദേഹം പുറത്തായി. രാജ്യത്തിനായി അവസാന ഏകദിനം കളിച്ചപ്പോൾ ദക്ഷിണാഫ്രിക്കൻ മണ്ണിൽ സെഞ്ച്വറി സ്വന്തമാക്കിയ ക്രെഡിറ്റിൽ തനിക്ക് വൺഡേ സംഘത്തിൽ സ്ഥാനം ലഭിക്കുമെന്ന് കരുതിയ വേളയിലാണ് സഞ്ജുവിന് നിരാശപ്പെടേണ്ടി വന്നത്. ഏകദിന സംഘത്തിൽ വന്നവരിൽ ശിവം ദുബേ, റയാൻ പരാഗ്, ശ്രേയസ് അയ്യർ തുടങ്ങിയവരെല്ലാമുണ്ട്. പരാഗ് ഏകദിനങ്ങളിൽ ഇത് വരെ രാജ്യത്തിന് കളിച്ചിട്ടില്ല. അദ്ദേഹത്തിന്റെ ദേശീയ അരങ്ങേറ്റം ഈയിടെ സിംബാബ്വെക്കെതിരെ നടന്ന ടി-20 പരമ്പരയായിരുന്നു. ആ കന്നിക്കാരനെ ഉൾപ്പെടുത്താൻ സെലക്ഷൻ കമ്മിറ്റി പറഞ്ഞ ന്യായം അദ്ദേഹം ബൗൾ ചെയ്യുമെന്നാണ്. ടി-20 ലോകകപ്പിലെ ദുബേയെ എല്ലാവരും കണ്ടതാണ്. ഒരു മൽസരത്തിൽ മാത്രമായിരുന്നു അദ്ദേഹത്തിന്റെ സാന്നിദ്ധ്യം. എന്നിട്ടും അദ്ദേഹം രണ്ട് ടീമിലുമെത്തി. വാഷിംഗ്ടൺ സുന്ദർ രണ്ട് ടീമിലുമുണ്ട്. ഇതിനൊക്കെ കാരണങ്ങളുണ്ടെങ്കിൽ സഞ്ജുവിന്റെ കാര്യത്തിൽ ഇത്തരം സ്പെഷ്യൽ പരിഗണന ഇല്ലെന്നതാണ് വാദം. അജിത് അഗർക്കർ എന്ന സെലക്ഷൻ കമ്മിറ്റി ചെയർമാൻ ഗൗതം ഗാംഭീർ എന്ന തന്നെക്കാൾ ജൂനിയറായ കോച്ചിന് മുന്നിൽ തല താഴ്ത്തി എന്നതാണ് രസകരമായ സത്യം. പണ്ടേ പ്രശ്നക്കാരനാണ് ഗാംഭീർ. കളിക്കാരനായപ്പോൾ പലപ്പോഴും ഡ്രസ്സിംഗ് റൂമിൽ തലവേദനയായിരുന്നു. പിന്നീട് കളിക്കളം വിട്ടപ്പോഴും പ്രശ്നക്കാരൻ. വിരാത് കോഹ്ലിയുമായുള്ള ഏറ്റുമുട്ടൽ എല്ലാവർക്കുമറിയാം. അദ്ദേഹം വി.വി.എസ് ലക്ഷ്മൺ എന്ന സീനിയറിനേക്കാൾ പരിഗണനയിൽ പരിശീലകനായതിലെ രാഷ്ട്രീയം ഇന്ത്യൻ ക്രിക്കറ്റ് ബോർഡ് സെക്രട്ടറി ജയ് ഷായോട് ചോദിക്കേണ്ടതില്ല. ഗാംഭീർ നിർദ്ദേശിച്ചവരെയെല്ലാം അഞ്ചംഗ സെലക്ടർമാർ നൽകി. അതായിരുന്നു സെലക്ഷൻ ഓൺലൈൻ യോഗ തമാശ. ഹാർദ്ദിക്കിനെ എന്തിന് ഉപനായക സ്ഥാനത്ത് നിന്നും മാറ്റി, അഥവാ എന്ത് കൊണ്ട് അദ്ദേഹത്തിന് ക്യാപ്റ്റൻസി നൽകിയില്ല എന്ന ചോദ്യത്തിനുത്തരവും രസമാണ്. ഹാർദിക്കിന് ഇടക്കിടെ പരുക്ക് വരുന്നത്രെ... കളിക്കാർക്ക് ആർക്കും പരുക്കേൽക്കാം. അത് കളിയുടെ ഭാഗം. കോപ്പ അമേരിക്ക ഫൈനലിലാണല്ലോ വിഖ്യാത താരം ലിയോ മെസിക്ക് പരുക്കേറ്റത്. ഇടക്കിടക്കിപ്പോൾ മെസിക്ക് പരുക്കേൽക്കുന്നുമുണ്ട്. എന്ന് കരുതി മെസിയെ ക്യാപ്റ്റൻസിയിൽ നിന്നും അർജന്റീന മാറ്റിയോ..? ഹാർദിക്കിലെ താരം താൻ പറയുന്നത് അനുസരിച്ചില്ലെങ്കിലോ എന്ന ആശങ്ക ഗാംഭീറിലെ തർക്ക നേതാവിനുണ്ട്. അത് തന്നെയാണ് സൂര്യകുമാറിന്റെ യോഗ്യതയും. ശുഭ്മാൻ ഗില്ലിനെ രണ്ട് ഫോർമാറ്റിലും ഉപനായകനാക്കിയത് മാത്രമാണ് അഗർക്കർ സംഘം ഗാംഭീറിന്റെ ഭീഷണിയിൽ എടുത്ത ഏക നല്ല തീരുമാനം.

### കോഹ്ലി വഴങ്ങി

മുംബൈ: ഗൗതം ഗാംഭീറുമായി ഡ്രസ്സിംഗ് റൂം പങ്കിടുന്നതിൽ തനിക്ക് പ്രശ്നങ്ങളില്ലെന്ന് സീനിയർ താരം വിരാത് കോലി. ഗാംഭീറും കോഹ്ലിയും തമ്മിലുള്ള സൗന്ദര്യപിണക്കം പലപ്പോഴും വാർത്താ തലക്കെട്ടുകളിൽ വന്ന സാഹചര്യത്തിലാണ് ഇന്ത്യൻ ഏകദിന സംഘത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ശേഷം കോഹ്ലി നയം വ്യക്തമാക്കിയത്. ഇന്ത്യൻ പ്രീമിയർ ലീഗ് വേളയിലായിരുന്നു ഒന്നിലധികം തവണ ഇരുവരും ഉടക്കിയത്. പലപ്പോഴും ആ ദൃശ്യങ്ങൾ വഴിവിടുകയും ചെയ്തിരുന്നു. പിന്നീട് ഇരുവരും തമ്മിൽ ഒത്തുതീർപ്പിലുമെത്തിയിരുന്നു. ഗാംഭീർ ഇപ്പോൾ ദേശീയ സംഘത്തിന്റെ ഹെഡ് കോച്ചാണ്. ക്രിക്കറ്റ് ബോർഡിന്റെ തുറന്ന പിന്തുണയുള്ള ആശാൻ. അതിനാൽ കരിയറിന്റെ അസ്തമനത്തിൽ നിൽക്കുന്ന കോഹ്ലിക്ക് വിട്ടുവീഴ്ച്ച ചെയ്യേണ്ടി വരും.

## പുകവലിക്ക് പുറത്ത്



*ഷോക്കോ മിയാത്ത*

ടോക്കിയോ: ഒളിംപിക്സ് ആരംഭിക്കുന്നതിന് മുമ്പ് തന്നെ ജപ്പാൻ ജിംനാസ്റ്റിക്സ് നായിക ഷോക്കോ മിയാത്ത പടിക്ക് പുറത്ത്. ഫ്രഞ്ച് നഗരമായ മൊണോക്കോയിലെ പരിശീലന ക്യാമ്പിൽ ടീം അച്ചടക്കം ലംഘിച്ചതിന് നായികയെ രാജ്യം പുറത്താക്കി. നാട്ടിലേക്ക് പറഞ്ഞ് വിടുകയും ചെയ്തു. പുകവലിച്ചതാണ് പ്രശ്നമായത്. നായിക തന്നെ ടീം അച്ചടക്കം ലംഘിക്കുന്നത് അംഗീകരിക്കാനാവില്ലെന്നായിരുന്നു ജപ്പാൻ ജിംനാസ്റ്റിക്സ് അസോസിയേഷന്റെ തീരുമാനം. ഒളിംപിക്സ് ജിംനാസ്റ്റിക്സിൽ ജപ്പാന്റെ മെഡൽ പ്രതീക്ഷയാണ് മിയാത. 1964 ലെ ഒളിംപിക്സിലായിരുന്നു അവസാനമായി ജപ്പാൻ ജിംനാസ്റ്റിക്സിൽ മെഡൽ സ്വന്തമാക്കിയത്. 2022 ലെ ലോക ജിംനാസ്റ്റിക്സ് ചാമ്പ്യൻഷിപ്പിൽ ബാലൻസ് ബീം ഇനത്തിൽ മിയാത്ത വെങ്കലം നേടിയിരുന്നു. ഓൾറൗണ്ട് വിഭാഗത്തിൽ എട്ടാം സ്ഥാനവും നേടിയിരുന്നു.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 20 ശനി
ഗൾഫ് ചന്ദ്രിക



## കാപ്പാട് ബീച്ചിൽ പ്രവേശനമില്ല

കോഴിക്കോട്: കനത്ത കാറ്റും മഴയും കാരണം കാപ്പാട് ബീച്ച് പാർക്കിൽ മരങ്ങൾ ഒടിയുകയും കടപുഴകി വീഴുകയും ചെയ്തതിനാൽ പാർക്കിലെ ഉപകരണങ്ങൾക്കും കേടുപാടുകൾ സംഭവിച്ചതിനാൽ ഇന്നു മുതൽ മൂന്ന് ദിവസം ബീച്ചിൽ സന്ദർശകർക്ക് പ്രവേശനമില്ല.






**പോരാളിയുടെ വിജയസ്മിതം...** *യോഗ്യരായ വിദ്യാർത്ഥികൾക്ക് പഠിക്കാൻ പ്ലസ് വണ്ണിന് ആവശ്യമായ സീറ്റുകൾ ഉറപ്പാക്കണമെന്നാവശ്യപ്പെട്ട് മുസ്‌ലിംലീഗ് നിയമസഭാ പാർട്ടി ഉപ നേതാവ് ഡോ.എം.കെ മുനീർ എം.എൽ.എ നടത്തിയ സത്യഗ്രഹം വിജയമായപ്പോൾ എം.കെ രാഘവൻ എം.പി ലഡു നൽകി ആഹ്ലാദം പങ്കാടുന്നു*

# ഫുൾ എപ്ലസ് വിജയം

## ഡോ.എം.കെ മുനീർ എം.എൽ.എയുടെ സത്യഗ്രഹത്തിന് മുമ്പിൽ സർക്കാർ മുട്ടുമടക്കി

കോഴിക്കോട്: പഠിക്കാൻ സീറ്റുവേണമെന്ന ആവശ്യത്തോട് മുഖം തിരിച്ച സർക്കാർ എം.കെ മുനീറിന്റെ സമരതീഷ്ണതയിൽ മുട്ടുമടക്കി. യോഗ്യരായ വിദ്യാർത്ഥികൾക്കെല്ലാം പ്ലസ് വൺ സീറ്റുകൾ ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ട് മുസ്‌ലിംലീഗ് നിയമസഭാ പാർട്ടി ഉപ നേതാവ് ഡോ.എം.കെ മുനീർ എം.എൽ.എ നടത്തിയ അനിശ്ചിത കാല സത്യഗ്രഹം അഞ്ചാം മണിക്കൂറിൽ വിജയം കണ്ടു. എം.എൽ.എമാർ മണ്ഡലങ്ങളിലേക്ക് ആവശ്യപ്പെടുന്നത്ര പ്ലസ് വൺ ബാച്ചുകൾ അനുവദിക്കാമെന്ന് മന്ത്രി ഉറപ്പു നൽകാൻ പ്രതിപക്ഷ നേതാവ് വി.ഡി സതീശനും ഉപ നേതാവ് പി.കെ കുഞ്ഞാലിക്കുട്ടിയുമായി പലവട്ടം ചർച്ച. ഉറപ്പില്ലാതെ പിന്നോട്ടില്ലെന്ന് മുനീർ കടുപ്പിച്ച് പറഞ്ഞതോടെ മന്ത്രി അയഞ്ഞു.

വൈകിട്ട് നാലോടെ കോഴിക്കോട് മാനാഞ്ചിറ ഡി.ഡി.ഇ ഓഫീസിന് മുമ്പിൽ ആരംഭിച്ച സത്യഗ്രഹമാണ് വിദ്യാഭ്യാസ മന്ത്രിയുടെ ഉറപ്പിലും പ്രതിപക്ഷനേതാവിന്റെ അഭ്യർത്ഥനയിലും രാത്രി പത്തോടെ അവസാനിപ്പിച്ചത്. എം.കെ രാഘവൻ എം.പി, ഡോ.എം.കെ മുനീറിന് ലഡുനൽകി സമരം അവസാനിപ്പിക്കുമ്പോൾ മുസ്‌ലിംലീഗ് ജില്ലാ പ്രസിഡന്റ് എം.എ റസാഖ് മാസ്റ്റർ, ജന.സെക്രട്ടറി ടി.ടി ഇസ്മായിൽ, കെ.പി.സി.സി ജന.സെക്രട്ടറി അഡ്വ.പി.എം നിയാസ്, എൻ.സി അബൂബക്കർ, യു.ഡി.എഫ് ജില്ലാ ചെയർമാൻ കെ ബാലനാരായണൻ, കൺവീനർ അഹമ്മദ് പുന്നക്കൽ, കെ മൊയ്തീൻകോയ, യൂത്ത് ലീഗ് സംസ്ഥാന ട്രഷറർ പി ഇസ്മായിൽ, സെക്രട്ടറി ടി.പി.എം ജിഷാൻ, ദേശീയ സെക്രട്ടറി ആശിഖ് ചെലവൂർ തുടങ്ങിയ നേതാക്കളും നൂറുക്കണക്കിന് പ്രവർത്തകരും അഭിവാദ്യം ചെയ്തു.

### കെ റെയിലിനും കേരളീയത്തിനും കാശുണ്ട്; പഠനത്തിനില്ല: കെ മുരളീധരൻ

കോഴിക്കോട്: കെ റെയിലിനും കേരളീയത്തിനും കോടികൾ തുലക്കാൻ ഒരു മടിയുമില്ലാത്ത ഇടതുപക്ഷ സർക്കാരിന്റെ കൈയ്യിൽ പ്ലസ് ടു വിദ്യാർഥികൾക്ക് പഠന സൗകര്യമൊരുക്കാൻ കൈയ്യിൽ കാശില്ലെന്ന് കെ മുരളീധരൻ. എം.കെ മുനീർ എം.എൽ.എ കോഴിക്കോട് ഡി.ഡി.ഇ ഓഫീസിനു മുന്നിൽ ആരംഭിച്ച അനിശ്ചിത കാല സത്യഗ്രഹത്തിന്റെ ഉദ്ഘാടന പരിപാടിയിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. കേരളത്തിലെ വിദ്യാർഥികൾ മനസ്സ് മടുത്ത് വിദേശത്തേക്ക് പോവുകയാണ്. പഠിക്കാൻ അവസരമില്ലാത്തതും ഉന്നത വിദ്യഭ്യാസ മേഖലയിലെ നിരവാര കുറവുമൊക്കെയാണ് കാരണം. കേരളത്തിലെ സർവകലാശാലകളുടെ അവസ്ഥ ദയനീയമാണ്. ചാൻസിലറും വൈസ് ചാൻസിലർമാരും തമ്മിലും സർക്കാറും ഗവർണരും തമ്മിലും എപ്പോഴും ഉടക്കാണ്. വിദ്യാർഥികളുടെ സർട്ടിഫിക്കറ്റിൽ ഒപ്പിടാൻ പോലും വിസിമാരില്ലാത്ത അവസ്ഥയുമുണ്ട്. എന്തിനും സാമ്പത്തിക പ്രതിസന്ധിയെന്നാണ് സർക്കാർ പറയുന്നത്. ആരോഗ്യവും വിദ്യഭ്യാസവും ലാഭം നോക്കി നടത്തേണ്ട വകുപ്പുകളല്ല. കേരളത്തിൽ ഏതാണ്ട് എല്ലാ മേഖലകളും തകർച്ചയെ നേരിടുകയാണ്. കള്ള് വ്യവസായത്തിന് മാത്രമാണ് പുരോഗതിയുള്ളത്. പട്ടിയുടെ പാല് പന്തീരാണ്ട് കൊല്ലം കഴിഞ്ഞാൽ നീരില്ലെന്നു പറഞ്ഞത് പോലെ പിണറായി വിജയൻ നേരെയാകില്ലെന്നും മുരളീധരൻ പറഞ്ഞു.

സമരങ്ങളേറെ കണ്ട മാനാഞ്ചിറയിലെ ഡി.ഇ.ഒ ഓഫീസ് പരിസരത്ത് ഡോ എ.കെ മുനീർ വിദ്യാർഥികളുടെ ദുരിതമകറ്റാനുള്ള സമരത്തിനായി എത്തുമ്പോൾ മഴ പോലും കുറച്ചു നേരത്തേക്ക് മാറി നിന്നിരുന്നു. അവഗണിക്കപ്പെടുന്ന മലബാറിലെ വിദ്യാർഥികൾക്കു വേണ്ടിയുള്ള ഐതിഹാസിക സമരത്തിനാണ് ഇന്നലെ നഗരം സാക്ഷ്യം വഹിച്ചത്.അടങ്ങാത്ത ആവേശത്തോടെ നൂറു കണക്കിന് പ്രവർത്തകരുമെത്തിയതോടെ സമരത്തിന് ചൂടു പിടിച്ചു. വിദ്യാർഥികളുടെ പഠിക്കാനുള്ള അവകാശത്തിനായുള്ള പോരാട്ടം കോഴിക്കോടിന്റെ സമര ചരിത്രത്തിൽ തന്നെ ആലേഖനം ചെയ്യപ്പെട്ടു.

അധിക ബാച്ചുകൾ അനുവദിച്ചപ്പോഴും കോഴിക്കോട് ജില്ലയെ പൂർണ്ണമായി അവഗണിച്ചതിൽ പ്രതിഷേധിച്ച് യു.ഡി.എഫ് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ എം.കെ മുനീർ എം.എൽ.എ സത്യഗ്രഹ സമരം ആരംഭിച്ചപ്പോൾ കെ മുരളീധരൻ ഹാരമണിയിച്ചു. ജില്ലാ യു.ഡി.എഫ് ചെയർമാൻ കെ ബാലനാരായണൻ അധ്യക്ഷത വഹിച്ചു. പി.എം.എ സലാം ഉദ്ഘാടനം ചെയ്തു. എം.കെ രാഘവൻ എം.പി,ഉമ്മർ പാണ്ടികശാല, പാറക്കൽ അബ്ദുല്ല, സി.കെ സുബൈർ, ശാഫി ചാലിയം, സി.പി ചെറിയ മുഹമ്മദ്, എം.എ റസാഖ് മാസ്റ്റർ, അഡ്വ. പി.എം നിയാസ്, ടി.ടി ഇസ്മായിൽ, സി.പി ചെറിയ മുഹമ്മദ്, പാറക്കൽ അബ്ദുള്ള, ഷാഫി ചാലിയം, നജീബ് കാന്തപുരം എം.എൽ.എ, കെ.കെ രമ എം.എൽ.എ, പി.എം ജോർജ്ജ്, ഇബ്രാഹിം കൂടത്തായി, ജയരാജ് മൂടാടി, അഡ്വ.പി.കെ ഫിറോസ്, പി ഇസ്മായിൽ, അഹമ്മദ് പുന്നക്കൽ, സൂപ്പി നരിക്കാട്ടേരി, എൻ.സി അബൂബക്കർ, ഡോ. ഹുസൈൻ മടവൂർ, കെ.പി ബാബു, കെ.എ ഖാദർ മാസ്റ്റർ, അഹമ്മദ് പുന്നക്കൽ, പി ഇസ്മായിൽ, കെ.ടി അബ്ദുറഹിമാൻ, വി.കെ ഹുസൈൻ കുട്ടി, ഒ.പി നസീർ, അഡ്വ.എ.വി അൻവർ, എ.പി മജീദ് മാസ്റ്റർ, എം കുഞ്ഞാമുട്ടി, കെ.കെ നവാസ്, റഷീദ് വെങ്ങളം, കെ മൊയ്തീൻ കോയ, എം.എ മജീദ്, സമദ് പൂക്കാട്, മുഹമ്മദ് കോയ, സാജിദ് നടുവണ്ണൂർ, ടി.പി.എം ജിഷാൻ, ആശിഖ് ചെലവൂർ, അഡ്വ. ഫാത്തിമ തഹ്‌ലിയ, യൂസുഫലി, കെ.സി അബു, നിസാർ ചേലേരി, വി.ടി സൂരജ്, ലത്തീഫ് തുറയൂർ, മിസ്ഹബ് കീഴരിയൂർ, ടി മൊയ്തീൻകോയ, കെ.എം.എ റഷീദ്, അഫ്നാസ് ചോറോട് സ്വാഹിബ് മുഹമ്മദ്, കെ മൂസ മൗലവി, സി.കെ കാസിം, ആർ.കെ മുനീർ, പി.എ ഹംസ, സക്കീർ പി, കെ.കെ ആലിക്കുട്ടി മാസ്റ്റർ, എൻ.കെ മൂസ മാസ്റ്റർ, ടി.കെ.എ ലത്തീഫ്, പി ജി മുഹമ്മദ്, ഷാഹിർ കുട്ടമ്പൂർ, സി ഹനീഫ മാസ്റ്റർ, അഹമ്മദ് കോയ മാസ്റ്റർ, എ സഫറി, അഡ്വ.പി കുൽസു, ഉമ്മർ മാസ്റ്റർ, ടി.പി ബാബു, കെ.എം അബ്ദുൽ മജീദ്, പി.എം ജോർജ്ജ്, വീരാൻകുട്ടി, ജയരാജ് മൂടാടി, രാജീവ് തോമസ്, എ അഹമ്മദ് കോയ, എൻ.പി ഹംസ മാസ്റ്റർ, അർഷുൽ അഹമ്മദ്, കെഎം അഹമ്മദ്, കെ.എം കോയ, നസീർ വളയം, അഡ്വ.കെ ആലിക്കോയ, ടി അഷ്റഫ്, സി.എം അഹമ്മദ് മൗലവി, വി.പി കുഞ്ഞഹമ്മദ് മാസ്റ്റർ, അഷ്റഫ് മണക്കടവ്, കെ.എം ഉമ്മർ, രാധാകൃഷ്ണൻ കെ.പി, ഹാഷിം മനോളി, അഡ്വ.എ.വി അൻവർ, കെ.കെ ആലിക്കുട്ടി, ജയരാജ് മൂടാടി, കെ.വി കൃഷ്ണൻ, മുഹമ്മദ് ഹസ്സൻ വി, മഠത്തിൽ നാണു മാസ്റ്റർ, സി രാജൻ സംസാരിച്ചു.

# 87 വീടുകൾ തകർന്നു

## പുതിയ രണ്ട് ക്യാമ്പുകൾ കൂടി തുറന്നു; 10 ക്യാമ്പുകളിലായി ആകെ 91 പേർ

കോഴിക്കോട്: ശക്തമായ മഴയിൽ ജില്ലയിൽ ഇന്നലെ രണ്ട് വീടുകൾ പൂർണമായും 85 വീടുകൾ ഭാഗികമായും തകർന്നു. വെള്ളം കയറിയും മണ്ണിടിഞ്ഞും മരങ്ങൾ കടപുഴകി വീണുമാണ് വീടുകൾക്ക് നാശനഷ്ടങ്ങൾ സംഭവിച്ചത്. ചാത്തമംഗലം വില്ലേജിൽ ചെട്ടികടവ്, വിരിപ്പിൽ, കൊട്ടോൽത്താഴം, ഒറ്റപീടിക സങ്കേതം, മുഴപ്പാലം എന്നിവിടങ്ങളിലെ കൃഷിയിടങ്ങളിൽ വെള്ളം കയറി വ്യാപക കൃഷി നാശം ഉണ്ടായി. താമരശ്ശേരി താലൂക്കിലെ പനങ്ങാട് പ്രദേശത്ത് വെള്ളം കയറിയതിനെ തുടർന്ന് 11 കുടുംബങ്ങളെ ബന്ധുവീടുകളിലേക്ക് മാറ്റിപ്പാർപ്പിച്ചു. വടകര താലൂക്കിലെ അഴിയൂർ വില്ലേജിൽ തുരുത്തി പ്രദേശത്ത് മാഹി പുഴയിൽ നിന്ന് വെള്ളം കയറിയതിനെ തുടർന്ന് നാലു കുടുംബങ്ങളെ ബന്ധുവീടുകളിലേക്ക് മാറ്റി. ഇന്നലെയുണ്ടായ ശക്തമായ കാറ്റിൽ കാപ്പാട് തീരദേശ പോലീസ് സ്റ്റേഷന് സമീപം ഏഴു ഇലക്ട്രിക് പോസ്റ്റുകൾ കടപുഴകി വീണു.

മഴക്കെടുതിയിൽ അകപ്പെട്ട കുടുംബങ്ങളെ താമസിപ്പിക്കുന്നതിനായി ജില്ലയിൽ രണ്ട് ദുരിതാശ്വാസ ക്യാമ്പുകൾ കൂടി ആരംഭിച്ചു. കോഴിക്കോട് താലൂക്കിലാണ് പുതുതായി ക്യാമ്പുകൾ തുടങ്ങിയത്. ഇതോടെ കോഴിക്കോട് താലൂക്കിൽ എട്ട്, കൊയിലാണ്ടി താലൂക്കിൽ രണ്ട് എന്നിങ്ങനെ ജില്ലയിലെ ക്യാമ്പുകളുടെ എണ്ണം പത്തായി. കോഴിക്കോട് താലൂക്കിലെ കുരുവട്ടൂർ വില്ലേജിൽ വീടുകളിൽ വെള്ളം കയറിയതിനെ തുടർന്ന് പറമ്പിൽ അംഗൻവാടിയിലാണ് ഒരു ക്യാമ്പ് തുറന്നത്.

രണ്ടു കുടുംബങ്ങളിലായി ആകെ മൂന്നു പേരാണ് ഇവിടെ ഉള്ളത്. കക്കാട് വില്ലേജ് പരിധിയിലെ മാട്ടറ, ചീപ്പാകുഴിയിൽ ജമീല എന്നവരുടെ വീടിന് വിള്ളലുണ്ടായതിനെ തുടർന്ന് കുടുംബത്തിലെ ഏഴു പേരെ തൊട്ടടുത്ത പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിലേക്ക് മാറ്റി പാർപ്പിച്ചു. ആകെ 28 കുടുംബങ്ങളിൽ നിന്നായി 91 പേരാണ് ജില്ലയിലെ ക്യാമ്പുകളിൽ കഴിയുന്നത്.



### ചാലിയാറിൽ ജലനിരപ്പ് ഉയർന്നു; ആശങ്കയിൽ പട്ടർമാട് തുരുത്ത്

ഫറോക്ക്: കനത്തമഴയിൽ ചാലിയാറിൽ ജലനിരപ്പ് ഉയർന്നതോടെ ആശങ്കയിൽ കഴിയുകയാണ് പട്ടർമാട് തുരുത്തിലെ കുടുംബങ്ങൾ. നദിയിലെ കുത്തൊഴുക്കിൽ ഏതുസമയവും തുരുത്തിലേക്കു വെള്ളം കയറുമെന്ന സ്ഥിതിയായി. മഴ തുടർന്നാൽ വീടൊഴിഞ്ഞു പോകേണ്ടി വരുമെന്ന ആധിയിലാണ് താമസക്കാർ. നിലമ്പൂർ വനമേഖലകളിൽ നിന്നുള്ള മലവെള്ളപ്പാച്ചിൽ കാരണം പുഴയിൽ ക്രമാതീതമായി വെള്ളം കൂടിയിട്ടുണ്ട്. കടലുണ്ടി പഞ്ചായത്ത് 20ാം വാർഡിൽ 5 ഏക്കർ വിസ്തൃതിയിലുള്ളതാണ് പട്ടർമാട് തുരുത്ത്.

ചാലിയാറിനാൽ ചുറ്റപ്പെട്ട ഈ ചെറു ദ്വീപിൽ 7 കുടുംബങ്ങളുണ്ട്. ഉരു നിർമാണശാലയും തുരുത്തിൽ പ്രവർത്തിക്കുന്നു. പുഴയിൽ ശക്തമായ ഒഴുക്കുള്ളതിനാൽ രാത്രി വെള്ളം കയറിയാൽ പെട്ടെന്നു കര പറ്റാൻ പോലും ഇവർക്കാകില്ല. മഴക്കാലത്ത് ഭീതിയോടെയാണ് ഇവർ അന്തിയുറങ്ങുന്നത്. തുരുത്തിന്റെ സംരക്ഷണ ഭിത്തി തകർന്നതാണ് പെട്ടെന്നു വെള്ളം കയറാൻ ഇടയാക്കുന്നത്. 40 വർഷം മുൻപ് ജലവിഭവ വകുപ്പ് നേതൃത്വത്തിൽ നിർമിച്ച ഭിത്തി സമയത്തിനു പുനരുദ്ധരിക്കാൻ നടപടിയുണ്ടായില്ല.

സൂനാമി വേളയിൽ വെള്ളം തള്ളിക്കയറി വ്യാപകതോതിൽ ഭിത്തി ഇടിഞ്ഞു. ഇതിനാൽ കടൽക്ഷോഭം ഉണ്ടാകുമ്പോഴും തുരുത്തിലേക്കു വെള്ളം കയറും. തോണി യാത്ര മാത്രമാണ് തുരുത്തിലേക്കുള്ള സഞ്ചാര മാർഗം. കുട്ടികൾക്ക് സ്കൂളിൽ പോകാനും റേഷൻ വാങ്ങാനും മരണം, വിവാഹം തുടങ്ങി എല്ലാറ്റിനും പുറത്തിറങ്ങാൻ തോണി വേണം. കരുവൻതിരുത്തി കടവ് ചെറിയ പള്ളിക്കു സമീപം തോണി അടുപ്പിച്ചാണ് കരയിൽ എത്തുന്നത്. ഗതാഗത സൗകര്യം ഇല്ലാത്തതിനാൽ അത്യാവശ്യ ഘട്ടങ്ങളിൽ രോഗികളെ ആശുപത്രിയിലേക്കു കൊണ്ടു പോകുക പോലും ഇവർക്കു മുൻപിൽ വെല്ലുവിളിയാണ്.

### കക്കയം ഡാമിൽ റെഡ് അലേർട്ട്

കുറ്റ്യാടി: ജലവൈദ്യുത പദ്ധതിയുടെ ഭാഗമായ കക്കയം ജലസംഭരണിയിലെ ജലനിരപ്പ് 757.50 മീറ്ററായി ഉയർന്നതിനെ തുടർന്ന് ഡാമിൽ റെഡ് അലേർട്ട് പ്രഖ്യാപിച്ചതായി എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. ഡാമിലെ ജലനിരപ്പ് പരമാവധി ജലനിരപ്പായ 758.05 മീറ്ററിൽ എത്തുന്ന മുറയ്ക്ക് അധികജലം തുറന്നുവിടും.

ഘട്ടംഘട്ടമായി ഷട്ടർ ഒരു അടി വരെ ഉയർത്തി സെക്കന്റിൽ 25 ഘനമീറ്റർ എന്ന തോതിലാണ് ജലം ഒഴുക്കിവിടുക. ഇത് മൂലം കുറ്റ്യാടി പുഴയിലെ ജലനിരപ്പ് അര അടി വരെ ഉയരാൻ സാധ്യതയുള്ളതിനാൽ പുഴയുടെ ഇരുകരകളിലും താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

# ഇരട്ട വിജയം

## കോതി, ആവിക്കൽതോട് മാലിന്യ പ്ലാന്റ് പദ്ധതികൾ നിർത്തിവെച്ചു; പുതിയ സ്ഥലങ്ങൾ കണ്ടെത്തും

കോഴിക്കോട്: ജനങ്ങളെ തല്ലിയൊതുക്കിയും ഭീകരതാ മുദ്ര ചാർത്തിയും കോതിയിലും ആവിക്കൽ തോട്ടിലും അടിച്ചേൽപ്പിച്ച മാലിന്യ പ്ലാന്റ് പദ്ധതികൾ നിർത്തിവെച്ചു. ജില്ല കലക്ടർ വിളിച്ചു ചേർത്ത കോർപ്പറേഷൻ അധികൃതരുടെയും ആക്ഷൻ കമ്മിറ്റി ഭാരവാഹികളുടെയും യോഗത്തിലാണ് തീരുമാനം. ജില്ലാ കലക്ടറും കോർപ്പറേഷനും സംയുക്തമായി പുതിയ സ്ഥലം കണ്ടെത്തും. ജനവാസ കേന്ദ്രങ്ങളിൽ മാലിന്യ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള കോർപ്പറേഷന്റെയും സി.പി.എമ്മിന്റെയും ധാഷ്ട്യമാണ് രക്തം ചിന്തിയും ഭരണകൂട വേട്ടയിലും പതറാത്ത ജനകീയ ചെറുത്തുനിൽപ്പിൽ പൊളിഞ്ഞത്.

കലക്ടേറ്റിൽ നടന്ന യോഗത്തിൽ ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗ് അധ്യക്ഷത വഹിച്ചു. കോർപ്പറേഷൻ മേയർ ബീന ഫിലിപ്പ്, ഡെ.മേയർ മുസീഫർ അഹമ്മദ്, സെക്രട്ടറി ബീന, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ പി.സി രാജൻ, ജയശ്രീ, പി.കെ നാസർ, പ്രതിപക്ഷ നേതാവ് കെ.സി ശോഭിത, ഉപ നേതാവ് കെ മൊയ്തീൻകോയ, വെള്ളയിൽ വാർഡ് കൗൺസിലർ സൗഫിയ, കോതി ആക്ഷൻ കമ്മിറ്റി ഭാരവാഹികളായ ഫൈസൽ പള്ളിക്കണ്ടി, എം.പി സിദ്ദീഖ്, എം.പി സക്കീർ, എ.ടി മൊയ്തീൻകോയ, ആവിക്കൽതോട് ആക്ഷൻ കമ്മിറ്റി ഭാരവാഹികളായ ടി ദാവൂദ്, ഇർഫാൻ ഹബീബ് പങ്കെടുത്തു.

## ബീച്ച് ആശുപത്രി സൂപ്രണ്ടിനെ യൂത്ത് ലീഗ് ഉപരോധിച്ചു

# ആരോഗ്യ കേന്ദ്രങ്ങൾ പീഡന കേന്ദ്രങ്ങളാകുന്നു

കോഴിക്കോട്: കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിൽ ഫിസിയോതെറാപ്പിസ്റ്റ് യുവതിയെ പീഡിപ്പിച്ചതിൽ പ്രതിഷേധിച്ച് മുസ്ലിം യൂത്ത് ലീഗ് കോഴിക്കോട് ജില്ല കമ്മിറ്റി ആശുപത്രി സൂപ്രണ്ട് ഡോക്ടർ ആശാ ദേവിയേ ഉപരോധിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജിൽ അതിജീവതയുടെ നിയമ പോരാട്ടം നടന്നു കൊണ്ടിരിക്കുകയാണ് ആ സമയത്താണ് ഈ രീതിയിൽ കോഴിക്കോട് ബീച്ച് ആശുപത്രിയിൽ മറ്റൊരു പീഡനം നടക്കുന്നത്. അതിജീവിതക്ക് വേണ്ടി കോഴിക്കോട് മെഡിക്കൽ കോളജിൽ സംസാരിച്ച സീനിയർ നഴ്സിനെ സ്ഥലം മാറ്റുന്ന നടപടിയാണ് ആരോഗ്യ വകുപ്പ് നടത്തിയത്. ബീച്ചാശുപത്രിയിലും ഇരകൾക്ക് വേണ്ടി സംസാരിക്കാൻ ആരും ധൈര്യം കാണിക്കുകയില്ല അങ്ങനെ ധൈര്യം കാണിച്ചാൽ അവർക്കെതിരെ നടപടിയെടുക്കുന്ന സമീപനമാണ് സമീപകാലത്ത് കേരളത്തിലെ ആരോഗ്യ വകുപ്പ് കാണിക്കുന്നതെന്ന് മുസ്ലിം യൂത്ത് ലീഗ് കോഴിക്കോട് ജില്ലാ പ്രസിഡണ്ട് മിസ് ഹബ് കീഴരിയൂർ പറഞ്ഞു. പരാതി സ്വീകരിച്ച് സമയം വൈകി പൊലിസ് ഇടപ്പെട്ടതിനാൽ പ്രതിക്ക് രക്ഷപെടാൻ സാധിച്ചു. സ്ത്രീകൾക്ക് പോകാൻ പറ്റാത്ത ഇടമായി ആരോഗ്യ കേന്ദ്രങ്ങൾ മാറിയത് അപകടകരമാണ്. കോഴിക്കോട് കേന്ദ്രീകരിച്ച് ഗവണ്മെന്റ് ആശുപത്രികൾ ഈ രീതി തുടരുകയാണെന്നും മിസ്ഹബ് പറഞ്ഞു.

സീനിയർ വൈസ് പ്രസിഡന്റ് സി ജാഫർ സാദിഖ്, ഷഫീക്ക് അരക്കിണർ, ഷൗക്കത്ത് വിരുപ്പിൽ, ദാവൂദ് വെള്ളയിൽ, ഫൈജാസ് വെള്ളയിൽ, ആലിമോൻ വെള്ളിമാട്കുന്ന് നേതൃത്വം നൽകി ഉപരോധത്തിന് നേതൃത്വം നൽകിയവരെ വെള്ളയിൽ പോലീസ് അറസ്റ്റ് ചെയ്ത് നീക്കി. അറസ്റ്റ് രേഖപ്പെടുത്തി വിട്ടയച്ച നേതാക്കളെ മുസ്ലിം യൂത്ത് ലീഗ് ജില്ലാ ജനറൽ സെക്രട്ടറി ടി മൊയ്തീൻകോയ, ട്രഷറർ കെ.എം.എ റഷീദ്, നോർത്ത് നിയോജക മണ്ഡലം മുസ്‌ലിം ലീഗ് ജനറൽ സെക്രട്ടറി എ സഫറി, കെ മുഹമ്മദലി എന്നിവരുടെ നേതൃത്വത്തിൽ സ്വീകരിച്ചു.



*സ്ത്രീ സുരക്ഷ ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ട് മുസ്‌ലിം യൂത്ത് ലീഗ് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ബീച്ച് ആശുപത്രി സൂപ്രണ്ടിനെ ഉപരോധിച്ചപ്പോൾ*

## ട്രെയിൻ യാത്രാ ദുരിതം: കേന്ദ്ര അവഗണനക്കെതിരെ യൂത്ത് ലീഗ് റയിൽ സമരം ഇന്ന്

### മുനവ്വറലി തങ്ങൾ ഉദ്ഘാടനം ചെയ്യും

കോഴിക്കോട്: ട്രെയിൻ യാത്രാ ദുരിതം, കേന്ദ്ര അവഗണനക്കെതിരെ മുസ്‌ലിം യൂത്ത് ലീഗ് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ റെയിൽ സമരം ഇന്ന് വൈകിട്ട് മൂന്നിന് കോഴിക്കോട് റയിൽവേ സ്റ്റേഷൻ പരിസരത്ത് മുസ്‌ലിം യൂത്ത് ലീഗ് സംസ്ഥാന പ്രസിഡന്റ് മുനവ്വറലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യും.

പുതിയ തീവണ്ടികൾ അനുവദിക്കുക, ദീർഗദൂര ട്രൈനുകളിൽ സ്ലീപ്പർ, സെക്കന്റ് ക്ലാസ്സ് കോച്ചുകൾ വർധിപ്പിക്കുക,മെമോ ട്രെയിനുകളുടെ എണ്ണം വർധിപ്പിക്കുക, വന്ദേ ഭാരതിനായി മറ്റു ട്രെയിനുകൾ പിടിച്ചിടുന്നത് അവസാനിപ്പിക്കുക, ടിക്കറ്റ് കൊള്ളക്ക് പരിഹാരം കാണുക,യഥാസമയം അറ്റകുറ്റ പണികളും നവീകരണവും നടത്തുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചാണ് റയിൽ സമരം. സമരത്തിൽ മുസ്‌ലിം ലീഗ് ജില്ലാ പ്രസിഡന്റ് എംഎ റസാക്ക് മാസ്റ്റർ, യൂത്ത് ലീഗ് സംസ്ഥാന സെക്രട്ടറി ടിപിഎം ജിഷാൻ എന്നിവർ അഭിവാദ്യമർപ്പിക്കും.

## താമരശേരി ചുരത്തിലെ ഗതാഗതക്കുരുക്ക് നിർദ്ദേശങ്ങൾ നടപ്പിലാക്കണം: മനുഷ്യാവകാശ കമ്മീഷൻ

കോഴിക്കോട്: താമരശേരി ചുരത്തിലെ ഗതാഗതകുരുക്ക് ഒഴിവാക്കുന്നതിന് ജില്ലാ കളക്ടറും കോഴിക്കോട്, വയനാട് ജില്ലാ പോലീസ് മേധാവിമാരും മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ. റോഡിലേക്ക് ചെരിഞ്ഞ് നിൽക്കുന്ന മരങ്ങൾ മുറിക്കണമെന്നും അടർന്നു വീഴാറായ പാറകഷണങ്ങൾ യഥാസമയം നീക്കം ചെയ്യണമെന്നും കമ്മീഷൻ ആക്റ്റിങ് ചെയർപേഴ്സണും ജുഡീഷ്യൽ അംഗവുമായ കെ. ബൈജൂനാഥ് ഉത്തരവിൽ പറഞ്ഞു.

ചുരത്തിൽ സൗകര്യപ്രദമായ സ്ഥലങ്ങളിൽ ശുചിമുറികൾ നിർമ്മിക്കണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു. 2023 ഒക്ടോബർ 22 ന് താമരശേരി ചുരം എട്ടാം വളവിൽ മൾട്ടി ആക്സിൽ ചരക്കുലോറി കേടായി ചുരം വഴിയുള്ള ഗതാഗതം 5 മണിക്കൂർ തടസപ്പെട്ട സംഭവത്തിൽ മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് ഉത്തരവ്. ചുരത്തിൽ നാലുവരി പാത അനിവാര്യമാണെന്ന് കോഴിക്കോട് ജില്ലാ കളക്ടർ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പറഞ്ഞു. 3, 5 വളവുകൾ വികസിപ്പിച്ചിട്ടുണ്ട്. 6,7,8 വളവുകൾ വികസിപ്പിക്കാൻ ഫണ്ട് ആവശ്യമാണ്. ഗതാഗത നിയമങ്ങൾ പാലിക്കാൻ പോലീസിന്റെയും ഗതാഗത വകുപ്പിന്റെയും നിരീക്ഷണം ശക്തമാക്കണം. . 6,7,8 മുടിപ്പിൻ വളവുകൾ കേന്ദ്ര ഉപരിതല മന്ത്രാലയത്തന്റെ ഫണ്ട് ഉപയോഗിച്ച് വികസിപ്പിക്കണം. പോലീസ്, ഗതാഗത വകുപ്പ് നിരീക്ഷണം ഏർപ്പെടുത്തണം. ചരക്ക് വാഹനങ്ങൾ കേടാവുന്നതാണ് ഗതാഗതകുരുക്കിന് പ്രധാന കാരണമെന്ന് കോഴിക്കോട് റൂറൽ ജില്ലാ പോലീസ് മേധാവി കമ്മീഷനെ അറിയിച്ചു. 6,7,8 ഹെയർ പിന്നുകൾ വീതികൂട്ടി പുനർ നിർമ്മിച്ചാൽ ഗതാഗത തടസം പരിഹരിക്കാൻ കഴിയും. 8,9 വളവുകൾക്കിടയിലുള്ള വീതി കുറഞ്ഞ സ്ഥലം വീതി കൂട്ടേണ്ടതുണ്ട്. ചുരത്തിൽ ഗതാഗതകുരുക്കുണ്ടായാൽ വാഹനങ്ങൾ ചുരത്തിലേക്ക് കടത്തിവിടരുതെന്ന് വൈത്തിരി പോലീസ് എസ്.എച്ച്.ഒക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായി വയനാട് ജില്ലാ പോലീസ് മേധാവി കമ്മീഷനെ അറിയിച്ചു. ചുരം റോഡ് തുടങ്ങുന്ന സ്ഥലത്തും അവസാനിക്കുന്ന സ്ഥലത്തും വാഹനങ്ങളുടെ പരമാവധി വേഗം വ്യക്തമാക്കുന്ന ബോർഡുകൾ സ്ഥാപിക്കണം. ചുരം റോഡിൽ ബൈക്ക് പെട്രോളിംഗ് ഏർപ്പെടുത്തും. റിപ്പോർട്ടിൽ പറയുന്നു.

## അഖില മര്യാട്ട് വീണ്ടും നാദാപുരം പഞ്ചായത്ത് വൈസ് പ്രസിഡന്റാകും

നാദാപുരം: സമൂഹ മാധ്യമങ്ങളിൽ വീഡിയോ പ്രചരിച്ചതിനെ തുടർന്ന് ആരോപണ വിധേയയായി രാജി വെച്ച നാദാപുരം ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഖില മര്യാട്ട് കുറ്റക്കാരിയല്ലെന്ന് അന്വേഷണ കമ്മീഷൻ റിപ്പോർട്ട്. ജില്ലാ കോൺഗ്രസ് കമ്മിറ്റി നിയോഗിച്ച ഡിസിസി വൈസ് പ്രസിഡന്റ് പി.കെ ഹബീബും, ജനറൽ സെക്രട്ടറി പ്രമോദ് കക്കട്ടിലുമാണ് സംഭവത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്തി ജില്ലാ നേതൃത്വത്തിന് റിപ്പോർട്ട് സമർപ്പിച്ചത്. അഖില ഈ വിഷയത്തിൽ ഒരു തരത്തിലും കുറ്റക്കാരിയല്ലെന്നും അവർ ചതിക്കപ്പെടുകയാണ് ഉണ്ടായതെന്നുമാണ് റിപ്പോർട്ടിൽ പറയുന്നത്.

അഖില മര്യാട്ട് ഇരയാണെന്നും അവരോടൊപ്പം പാർട്ടിയും പൊതു സമൂഹവും ഉറച്ച് നിൽക്കേണ്ടതിന്റെ ആവശ്യ കതയും റിപ്പോർട്ടിൽ എടുത്തു പറയുന്നുണ്ട്. ഈ സാഹചര്യത്തിൽ 23ന് നടക്കുന്ന നാദാപുരം പഞ്ചായത്ത് വൈസ് പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ അഖില മര്യാട്ടിനെ വീണ്ടും മത്സരിപ്പിക്കുവാൻ കോൺഗ്രസ് നേതൃത്വം തീരുമാനിച്ചു. സമൂഹ മാധ്യമത്തിലൂടെ അഖില മര്യാട്ടിനെതിരെ നടക്കുന്ന വ്യക്തിഹത്യക്കെതിരെ അവർ നടത്തുന്ന പോരാട്ടത്തിന് കോൺഗ്രസ് അവരോടൊപ്പം നിൽക്കും. പോലീസ് ഈ കാര്യത്തിൽ അലംഭാവം കാണിക്കുകയാണ്. അഖില ക്കെതിരെ വ്യക്തിഹത്യ നടത്തുന്നവനെതിരെ നിയമ നടപടികൾ ഊർജിതപ്പെടു ത്തണമെന്നും ഡിസിസി പ്രസ്താവനയിൽ പറഞ്ഞു.

## വായനാദിന ക്വിസ് മത്സരം: വടകര താലൂക്ക് ഓഫീസ് ടീം ജേതാക്കൾ

കോഴിക്കോട്: കളക്ടറേറ്റിലെ എൽഎസ്ജിഡി ജോയിന്റ് ഡയറക്ടർ ഓഫീസ് ടീം രണ്ടാമത് വായനാപക്ഷാചരണ ത്തിന്റെ ഭാഗമായി ജില്ലാ ഇൻഫർമേഷൻ ഓഫീസും ജില്ലാ ഭരണകൂടവും ചേർന്ന് സർക്കാർ ജീവനക്കാർക്കായി നടത്തിയ ജില്ലാതല വായനാ ക്വിസ്സിൽ വടകര താലൂക്ക് ഓഫീസിലെ മേഘ്ന എം, അക്ഷയ ബി എന്നിവരടങ്ങിയ ടീം ജേതാക്കളായി. കലക്ടറേറ്റിലെ തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ ഓഫീസിലെ ഷീന ഇ, റിജേഷ് ഒ, എന്നിവരടങ്ങിയ ടീമാണ് രണ്ടാമത്. കലക്ടറേറ്റിലെ തന്നെ ഡിസ്ട്രിക് ഡെവലപ്മെൻറ് കമ്മീഷണർ ഓഫീസിലെ രാഹിത്ത് ആർ നായർ, അനു ജോൺ എന്നിവരടങ്ങിയ ടീം മൂന്നാം സ്ഥാനം കരസ്ഥമാക്കി. ആകെ 40 ടീമുകളാണ് വെള്ളിയാഴ്ച കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന ക്വിസ്സിൽ പങ്കെടുത്തത്. ഇതിൽ അഞ്ചു ടീമുകൾ അന്തിമ റൗണ്ടിലെത്തി.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂലൈ 20 ശനി
ഗൾഫ് ചന്ദ്രിക



കർണാടക അങ്കോളയിൽ കാണാതായ അർജുനുവേണ്ടിയുള്ള തിരച്ചിൽ ഊർജിതമാക്കുമെന്നു മുഖ്യമന്ത്രി സിദ്ധരാമയ്യ അറിയിച്ചിട്ടുണ്ട്. അർജുൻ എവിടെയാണെന്ന കാര്യം സ്ഥിരീകരിക്കാൻ സാധിച്ചില്ല. ജി.പി.എസ് സിഗ്നൽ പ്രകാരം ലോറി മണ്ണിനടിയിലാണെന്നാണ് അറിയാൻ സാധിക്കുന്നത്. അർജുൻ ലോറിയിലുണ്ടോ എന്നറിയില്ല. കർണാടക മുഖ്യമന്ത്രി നേരിട്ട് ഇടപെട്ടാണു രക്ഷാപ്രവർത്തനം മുന്നോട്ടു പോകുന്നത്.

– എം.കെ രാഘവൻ



സ്ത്രീധനം കൊടുത്ത് സ്ത്രീകൾ വിവാഹം ചെയ്യേണ്ടതില്ലെന്നാണ് എഴുത്തിൽ ഉദ്ദേശിച്ചത്. അങ്ങനെ ചെയ്താലുണ്ടാവുന്ന പ്രത്യാഘാതത്തെക്കുറിച്ചാണ് എഴുതിയത്. വിവാഹശേഷം ധനം ആവശ്യപ്പെട്ട് സ്ത്രീകൾക്ക് കൊടുക്കുന്ന സമ്മർദ്ദം അതുമൂലം ജീവനുവരെ ഭീഷണിയോടെ ഒരു വീട്ടിൽ കഴിയേണ്ടിവരിക. കുഞ്ഞുങ്ങൾ കൂടെയുണ്ടേൽ ഒരു സ്ത്രീയുടെ മാനസികാവസ്ഥ എല്ലാത്തിനും അപ്പുറമായിരിക്കും. ഇതെല്ലാമാണ് പറയാൻ ഉദ്ദേശിച്ചത്.

– ഭാമ



# മൂന്നാൾ പൊക്കത്തിൽ മണ്ണിടിഞ്ഞു



## കച്ചിത്തുരുമ്പായി ജിപിഎസ് സിഗ്നൽ

മംഗളൂരു: കർണാടകയിലെ അങ്കോല ദേശീയ പാതയിലുണ്ടായ മണ്ണിടിച്ചിലിൽ അപകടത്തിൽപ്പെട്ട അർജുന്റെ ലോറി പുഴയിലില്ലെന്ന് സ്ഥിരീകരിച്ച് നാവികസേന. നാവികസേനയും ഫയർഫോഴ്സും നാട്ടുകാരും നദിയിലിറങ്ങി നടത്തിയ പരിശോധനയിൽ അർജുന്റെ ലോറി നദിയുടെ അടിത്തട്ടിൽ ഇല്ലെന്ന് സ്ഥിരീകരിക്കുകയായിരുന്നു. ഇതേതുടർന്ന് മണ്ണിനടിയിൽ ലോറിയുണ്ടോയെന്നറിയാൻ മെറ്റൽ ഡിറ്റക്ടർ ഉപയോഗിച്ചുള്ള പരിശോധന രാത്രി ഒമ്പതു മണിവരെ തുടർന്നു.

ലോറിയുടെ ജിപിഎസ് ലൊക്കേഷൻ മണ്ണിടിച്ചിലുണ്ടായ സ്ഥലത്ത് തന്നെയാണ് കാണിക്കുന്നത്. ഇത് സ്ഥിരീകരിക്കുന്നതിനായാണ് മെറ്റൽ ഡിറ്റക്ടറുകൾ ഉപയോഗിച്ച് പരിശോധന നടത്തുന്നത്. മെറ്റൽ ഡിറ്റക്ടറുകൾ ചിത്രദുർഗയിൽ നിന്നും മംഗളൂരുവിൽ നിന്നും കൊണ്ടുവന്നു. 100 അംഗ എൻഡിആർഎഫ് സംഘമാണ് മണ്ണ് നീക്കലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പങ്കാളികളായിരിക്കുന്നത്. ദേശീയ പാത നവീകരണത്തിന്റെ ഭാഗമായി അശാസ്ത്രീയമായി മണ്ണെടുത്ത മേഖലയിലാണ് മണ്ണിടിച്ചിലുണ്ടായത്. അപകടസ്ഥലത്ത് വീണ്ടും മണ്ണിടിച്ചിലുണ്ടായതായാണ് വിവരം. മണ്ണിടിഞ്ഞ് വീഴുന്നതും കുറഞ്ഞത് മൂന്നാൾപ്പൊക്കത്തിൽ മണ്ണിടിഞ്ഞതും രക്ഷാപ്രവർത്തനത്തിന് വെല്ലുവിളിയാവുന്നുണ്ട്. റെഡ് അലർട്ട് പ്രഖ്യാപിച്ച പ്രദേശത്തെ മഴയും രക്ഷാപ്രവർത്തനം ദുഷ്കരമാക്കുന്നു.

അങ്കോളയിലെ ഷിരൂർ ഗ്രാമത്തിലാണ് ചൊവ്വാഴ്ച രാവിലെയോടെ മണ്ണിടിച്ചിലുണ്ടായത്. മണ്ണിടിഞ്ഞ് ദേശീയപാതയിലേക്ക് വീഴുകയായിരുന്നു. സംഭവസ്ഥലത്ത് നിന്നും ഏഴ് മൃതദേഹങ്ങൾ കണ്ടെത്തിയിരുന്നു. ലോറി ഡ്രൈവർമാർ പതിവായി വിശ്രമിച്ചിരുന്ന സ്ഥലമാണിത്. മണ്ണിടിച്ചിലുണ്ടായ പ്രദേശത്ത് ഒരു ചായക്കടയും ഉണ്ടായിരുന്നു. എന്നാൽ അപകടം നടന്ന് മൂന്ന് ദിവസമായിട്ടും രക്ഷാപ്രവർത്തനം മന്ദഗതിയിലാണ് പുരോഗമിക്കുന്നതെന്നാണ് ആരോപണം. റോഡിലെ മണ്ണ് മാത്രമാണ് നീക്കുന്നത്. ദേശീയപാതയിലെ മണ്ണ് നീക്കി ഗതാഗതം പുനഃസ്ഥാപിക്കാനുള്ള ശ്രമം മാത്രമാണ് നടത്തുന്നതെന്ന് ജനങ്ങൾ ആരോപിച്ചു. നാലു ദിവസം മുമ്പ് അധികൃതരോട് ജിപിഎസ് സംബന്ധമായ വിവരങ്ങൾ പങ്കുവച്ചിരുന്നു. എന്നാൽ ഇന്നാണ് ജിപിഎസ് ലൊക്കേഷൻ കേന്ദ്രീകരിച്ച് അന്വേഷണം നടത്തുന്നത്. ഇന്നലെ രാത്രി വരെ വാഹനത്തിന്റെ എഞ്ചിൻ ഓൺ ആയി കിടന്നിരുന്നുവെന്ന് ഭാരത് ബെൻസിൽ നിന്ന് വിവരം ലഭിച്ചിരുന്നു. ജിപിഎസ് സിഗ്നൽ ലഭിച്ച ഭാഗത്ത് നേരിട്ട് മണ്ണ് നീക്കാനാകില്ല. ചിലപ്പോൾ വശങ്ങളിൽ നിന്ന് കൂടുതൽ മണ്ണിടിയാൻ സാധ്യതയുണ്ടെന്നും അങ്ങനെ വന്നാൽ രക്ഷാപ്രവർത്തനം കൂടുതൽ ദുഷ്കരമാകും. അതിനാൽ ഒരു വശം ചേർന്ന് മാത്രമാണ് മണ്ണ് നീക്കം ചെയ്യുന്നത്.

കർണാടകയിൽ നിന്ന് തടിയും കയറ്റി വരുന്നതിനിടെ റോഡരികിൽ നിർത്തി വിശ്രമിക്കുന്നതിനിടെയാണ് കുന്നിടിഞ്ഞ് വീണ് അർജുൻ അപകടത്തിൽപെട്ടത്. ഇന്നാണ് തിരച്ചിൽ സജീവമാക്കിയത്. കഴിഞ്ഞ ദിവസങ്ങളിൽ കർണാടക അധികൃതരോട് ഇക്കാര്യം പറഞ്ഞെങ്കിലും രക്ഷാപ്രവർത്തനത്തിന് കാര്യമായ നീക്കങ്ങൾ നടത്തിയിരുന്നില്ല. പ്രതികൂല കാലാവസ്ഥയെത്തുടർന്ന് തിരച്ചിൽ ഇന്നലെ ഉച്ചയോടെ നിർത്തിവെച്ചിരുന്നു. മഴ അൽപം മാറിയതിനു ശേഷം വൈകിട്ടോടെയാണ് വീണ്ടും രക്ഷാപ്രവർത്തനം ആരംഭിച്ചത്.



ആറളം എടൂർ മണത്തണ മലയോര ഹൈവേയിൽ പാലപ്പുഴ ചോംതോട് പുതിയ പാലം നിർമ്മാണത്തിനായി ഒരുക്കിയ സമാന്തര റോഡ് ഒഴുക്കിൽപ്പെട്ട് തകർന്നപ്പോൾ
കെ. ശശി

# കനത്ത മഴയിൽ ഒറ്റപ്പെട്ട് കൂടംകുന്നുകാർ

വാളാട്(വയനാട്): മഴക്കാലമായാൽ കൂടംകുന്ന് പ്രദേശത്തെ നൂറ് കണക്കിന് കുടുംബങ്ങൾ ഒറ്റപ്പെടും. ഒന്നോ രണ്ടോ മഴ ശക്തമായി പെയ്താൽ തവിഞ്ഞാൽ പഞ്ചായത്തിലെ വാളാട് ജനങ്ങൾ തിങ്ങി നിറഞ്ഞ് താമസിക്കുന്ന കൂടുംകുന്നിലേക്കുള്ള റോഡിലേക്ക് വെള്ളം കയറാൻ അധിക സമയമൊന്നും വേണ്ടിവരില്ല. വാളാട് റോഡിൽ നിന്നും കൂടംകുന്ന് റോഡ് തുടങ്ങുന്ന ഭാഗം താഴ്ന്ന് നിൽകുന്നത് കാരണം വാളാട് പുഴ നിറഞ്ഞാൽ റോഡും വെള്ളത്തിലാകും.

കൂടംകുന്ന് വഴി കാരച്ചാൽ പുതുശേരി ഭാഗങ്ങളിലേക്ക് പോകുന്ന റോഡും കൂടാതെ മഴ ശക്തമായാൽ വെള്ളമുണ്ട, മക്കിയാട്, കോറോം തുടങ്ങിയ സ്ഥലങ്ങളിലേക്ക് പോവുന്ന പ്രധാന റോഡിലും വെള്ളം കയറും. പിന്നീട് പഞ്ചായത്തോ സന്നദ്ധ പ്രവർത്തകരോ ഏർപ്പാട് ചെയ്യുന്ന ചെറു ബോട്ടിലാണ് നാട്ടുകാരുടെ സാഹസിക യാത്ര. സ്കൂൾ, ആശുപത്രി, റേഷൻ കട എന്നിവിടങ്ങളിലേക്ക് പോകാനും നിത്യോപയോഗ സാധനങ്ങൾ വാങ്ങാനുമെല്ലാം ബോട്ടിനെ ആശ്രയിക്കേണ്ടി വരും. വാളാട് ടൗണിനെ ആശ്രയിക്കുന്ന നൂറ് കണക്കിന് കുടുംബങ്ങളാണ് ഇത്തരത്തിൽ ഒറ്റപ്പെട്ടു പോകുന്നത്. കൂടംകുന്ന് റോഡിന്റെ നൂറുമീറ്ററിൽ താഴെവരുന്ന ഭാഗം ഏകദേശം രണ്ടുമീറ്റർ ഉയർത്തിയാൽ തന്നെ ഈ ദുരിതത്തിന് പരിഹാരം കാണാൻ കഴിയുമെന്നാണ് പ്രദേശവാസികൾ പറയുന്നത്.



കൂടംകുന്ന് റോഡ് വെള്ളത്തിൽ മുങ്ങിയതിനെ തുടർന്ന് ചെറുബോട്ടിൽ വീടുകളിലേക്ക് യാത്ര ചെയ്യുന്ന കുടുംബം

## ആറ് ആഴ്ച ഹോട്ട് സ്പോട്ടുകൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനം

തിരുവനന്തപുരം: സംസ്ഥാനത്ത് മഴ തുടരുന്ന സാഹചര്യത്തിൽ ആറാഴ്ച ഹോട്ട് സ്പോട്ടുകൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ തുടരണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. തദ്ദേശ സ്ഥാപന തലത്തിൽ ഊർജിത ഉറവിട നശീകരണ പ്രവർത്തനങ്ങൾ തുടരണം. സംസ്ഥാനത്തെ ആശുപത്രികളിലെ ഐ.പി, ഐ.സി.യു, വെന്റിലേറ്റർ ഉപയോഗം സാധാരണ പോലെയാണ്. പകർച്ചപ്പനി മൂലം അവയിൽ വർധനവുണ്ടായിട്ടില്ല. ദുരിതാശ്വാസ ക്യാമ്പുകളിൽ നൽകുന്ന വെള്ളം പ്രത്യേകമായി ശ്രദ്ധിക്കണം. തിളപ്പിച്ചാറ്റിയ വെള്ളം മാത്രമേ കുടിക്കാൻ നൽകാവൂ. ജലജന്യ രോഗങ്ങൾ ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ആരോഗ്യ വകുപ്പ് ജീവനക്കാരുടെ ഫീൽഡ് സന്ദർശനം ഫലപ്രദമായി നടത്തണമെന്നും മന്ത്രി നിർദേശിച്ചു. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ചേർന്ന റാപ്പിഡ് റെസ്പോൺസ് ടീം (ആർ.ആർ.ടി.) യോഗത്തിലാണ് മന്ത്രി നിർദേശം നൽകിയത്. മഴക്കാലത്ത് പൊതുവേ ജലദോഷം, ചുമ, വൈറൽ പനി, ഇൻഫ്ളുവൻസ എച്ച്.1 എൻ.1, ഡെങ്കിപ്പനി, എലിപ്പനി, വയറിളക്ക രോഗങ്ങൾ എന്നിവ കൂടുതലായി കാണാറുണ്ട്. കൃത്യമായ ചികിത്സയിലൂടെയും വിശ്രമത്തിലൂടെയും ഇവയെ പ്രതിരോധിക്കാനാകും.

## പാനൂരിൽ വെള്ളക്കെട്ടിൽ കുടുങ്ങിയ കെ.എസ്.ഇ.ബി ജീവനക്കാരെ രക്ഷപ്പെടുത്തി

പാനൂരിനടുത്ത്മേലെ ചമ്പാട് വെള്ളപ്പൊക്കത്തിൽ കുടുങ്ങിയ കെ.എസ്.ഇ.ബി ജീവനക്കാരെ അതിസാഹസികമായി ഫയർഫോഴ്സ് രക്ഷപ്പെടുത്തി. ചമ്പാട് മനയത്ത് വയലിൽ വെള്ളക്കെട്ടിൽ കുടുങ്ങിയ കെഎസ്.ഇ.ബി ജീവനക്കാരെ പാനൂർ ഫയർഫോഴ്സ് സ്ഥലത്തെത്തിയാണ് രക്ഷപ്പെടുത്തിയത്.ഇന്നലെ പുലർച്ചെ നാല് മണിയോടെയാണ് അപകടമുണ്ടായത്. കെഎസ്ഇബി ഉദ്യോഗസ്ഥരുടെ നിലവിളി കേട്ടെത്തിയ അയൽവാസികൾ ഫയർഫോഴ്സിനെ വിവരമറിയിക്കുകയായിരുന്നു. ഉടൻ സ്ഥലത്ത് കുതിച്ചെത്തിയ ഫയർഫോഴ്സ് ജീപ്പിലുണ്ടായിരുന്ന മൂന്ന് പേരെയും ഡിങ്കി ഉപയോഗിച്ച് രക്ഷപ്പെടുത്തി.

ഓവർസിയർ വിജേഷ്, അശോകൻ, അനീഷ് എന്നിവരെയാണ് സീനിയർ ഫയർ ഓഫീസർ കെ. സുനിലിന്റെ നേതൃത്വത്തിലുള്ള ഫയർ ഫോഴ്സ് രക്ഷിച്ചത്. മുഴുവനായും മുങ്ങിയ ജീപ്പിന് മുകളിലായിരുന്നു കെഎസ്ഇബി ജീവനക്കാർ നിലയുറപ്പിച്ചിരുന്നത്. വെള്ളമുയരുന്നതിനനുസരിച്ച് ജീപ്പിന്റെ കരിയറിൽ കയറി നിൽക്കുകയായിരുന്നു ജിവനക്കാർ. ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർമാരായ പ്രജീഷ്, രഞ്ജിത്ത്, അഖിൽ, പ്രലേഷ്, സരുൺലാൽ എന്നിവരും സംഘത്തിലുണ്ടായിരുന്നു.



പാനൂർ ചമ്പാട് വെള്ളക്കെട്ടിൽ കുടുങ്ങിയ കെ.എസ്.ഇ.ബി ജീപ്പ്

# രക്ഷാപ്രവർത്തനം തുടരുന്നു പ്രാർത്ഥനയോടെ കുടുംബവും നാടും

കോഴിക്കോട്: കർണാടകയിലെ ഷിരൂരിൽ ദേശീയപാതയിലെ വൻ മണ്ണിടിച്ചിൽ അപകടത്തിൽപ്പെട്ട കോഴിക്കോട് സ്വദേശിയായ ലോറി ഡ്രൈവർ അർജുനെ രക്ഷിക്കാനുള്ള ശ്രമം അഞ്ചാം ദിനത്തിൽ. പ്രാർത്ഥനയോടെ കോഴിക്കോട് കണ്ണാടിക്കലിലെ കുടുംബവും നാടും. റോഡിലേക്ക് ഇടിഞ്ഞ മണ്ണിനടിയിൽ ലോറി ഉണ്ടാകുമെന്നാണ് അർജുന്റെ കുടുംബത്തിന്റെ പ്രതീക്ഷ. ലോറിയുടെ ജിപിഎസ് ലോക്കേഷൻ മണ്ണിനടിയിലാണ് ഏറ്റവും ഒടുവിലായി കാണിച്ചിരുന്നത്.

നേവി ഡൈവർമാർക്ക് പുറമെ 100 അംഗം എൻഡിആർഎഫ് സംഘമാണ് മണ്ണ് നീക്കിയുള്ള രക്ഷാപ്രവർത്തനത്തിൽ പങ്കാളികളായിരിക്കുന്നത്. എഡിജിപി ആർ സുരേന്ദ്രയാണ് രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നത്. ഈ മാസം എട്ടിനാണ് മരത്തിന്റെ ലോഡ് കൊണ്ടു വരാനായി അർജുൻ കർണാടകയിലേക്ക് പോയത്. കഴിഞ്ഞ 16 ന് രാവിലെയാണ് പൻവേൽ കന്യാകുമാരി ദേശീയപാതയിൽ കൂറ്റൻ മണ്ണിടിച്ചിലിൽ പ്രദേശമാകെ തകർന്നത്. ഇന്നലെ രാവിലെ ഭാര്യ കൃഷ്ണപ്രിയ വിളിച്ചപ്പോഴും ഫോൺ ബെല്ലടിച്ചു. ഇതോടെ പ്രതീക്ഷകൾ മുളപൊട്ടുകയായിരുന്നു. പിന്നീട് ഫോൺ സ്വിച്ചോഫ് ആയെങ്കിലും അർജുൻ ഉറപ്പായും ജീവിതത്തിലേക്ക് തിരിച്ചുവരുമെന്ന് തന്നെയാണ് വിശ്വസിക്കുന്നത്.

നേവിയുടെ ഡ്രൈവർമാർ ഗംഗാവാലി പുഴയിലിറങ്ങി നടത്തിയ പരിശോധനയിൽ അർജുൻ ഓടിച്ചിരുന്ന ലോറി നദിയുടെ അടിത്തട്ടിൽ ഇല്ലെന്ന് സ്ഥിരീകരിച്ചു. നേവിയുടെ ഡൈവർമാർ പുഴിയിലിറങ്ങി പരിശോധിച്ചുവെന്നും ലോറി കണ്ടെത്താനായിട്ടില്ലെന്നും ഉത്തര കന്നട ജില്ലാ കലക്ടർ ലക്ഷ്മി പ്രിയ അറിയിച്ചു. മണ്ണിനടിയിൽ ലോറി ഉണ്ടോയെന്ന് ഉറപ്പുവരുത്താൻ മെറ്റൽ ഡിറ്റക്ടറുകൾ എത്തിച്ച് പരിശോധന നടത്തും. മെറ്റൽ ഡിറ്റക്ടറുകൾ ചിത്രദുർഗയിൽ നിന്നും മംഗളുരുവിൽ നിന്ന് ഇന്നെത്തിക്കും.

ജി.പി.എസ് ലൊക്കേഷൻ വഴി പരിശോധിക്കുമ്പോൾ കഴിഞ്ഞ നാലു ദിവസമായി മണ്ണിനടിയിലാണ് മരം കയറ്റി വന്ന ലോറി കിടക്കുന്നത്. എന്നാൽ ഓഫ് ആയിരുന്ന അർജുന്റെ ഫോൺ ഇന്നലെയും ബെല്ലടിച്ചതിൽ പ്രതീക്ഷയിലാണ് കുടുംബം. അപകടത്തിന്റെ വാർത്തകൾ കേട്ടതിന് പിന്നാലെ ജി.പി.എസ് പരിശോധിച്ചപ്പോഴാണ് മരം കയറ്റി വരികയായിരുന്ന അർജുന്റെ ലോറിയും മണ്ണിനടിയിലാണെന്ന ഞെട്ടിപ്പിക്കുന്ന വിവരം കുടുംബം അറിയുന്നത്. പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ, കെ.സി വേണുഗോപാൽ എം.പി ഉൾപ്പെടെയുളളവർ ബന്ധപ്പെട്ടതോടെ മുഖ്യമന്ത്രി സിദ്ധരാമയ്യ എഡിജിപി ഹിതേന്ദ്രയോടും ഐജിയോടും അപകടം നടന്ന സ്ഥലത്തേക്ക് ഉടനടി പോകാൻ നിർദ്ദേശം നൽകി. കർണാടകയിലെ മലയാളിയായ മന്ത്രി ജോർജും ഏകോപന ചുമതല ഏറ്റെടുത്തു.



കർണാടകയിലെ ഷിരൂരിൽ ദേശീയപാതയിലെ വൻ മണ്ണിടിച്ചിൽ. ഇതിൽപ്പെട്ടാണ് അർജുൻ ഓടിച്ച ട്രക്ക് കുടുങ്ങിയത്

## ബീച്ച് ആശുപത്രിയിൽ പെൺകുട്ടിയെ പീഡിപ്പിച്ചതായി പരാതി

കോഴിക്കോട്: കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിൽ പെൺകുട്ടിയെ പീഡിപ്പിച്ചെന്ന പരാതിയിൽ ആരോപണ വിധേയനായ ഫിസിയോതെറാപ്പിസ്റ്റ് തിരുവനന്തപുരം സ്വദേശി ബി മഹേന്ദ്രൻ നായരെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തു. പ്രതി ഒളിവിൽ പോയി. ഫിസിയൊതെറാപ്പിക്കായെത്തിയ യുവതിയെയാണ് ഇയാൾ പീഡിപ്പിച്ചത്. ഒരു മാസമായി ഫിസിയോ തെറാപ്പി ചെയ്യുകയാണ് യുവതി.

സാധാരണയായി സ്ത്രീകൾക്ക് വനിതാ ഫിസിയോതെറാപ്പിസ്റ്റുകളാണ് തെറാപ്പി ചെയ്യുക. എന്നാൽ ബുധനാഴ്ച തെറാപ്പി ചെയ്തത് മഹേന്ദ്രനായിരുന്നു. ഇതിനിടെ ഇയാൾ ദുരുദ്ദേശത്തോടെ സ്പർശിക്കുകയും ലൈംഗികമായി ഉപദ്രവിക്കുകയുമായിരുന്നുവെന്നാണ് യുവതിയുടെ പരാതി. ഇക്കാര്യം യുവതി അപ്പോൾ തന്നെ ഡോക്ടറെ അറിയിക്കുകയും വെള്ളയിൽ പൊലീസ് സ്റ്റേഷനിലെത്തി പരാതി നൽകി.

എന്നാൽ, പൊലീസ് കേസിൽ ഇടപെടാൻ വൈകിയത് പ്രതിഷേധത്തിന് കാരണമായി. ഈ സമയത്തിനുള്ളിൽ പ്രതി കടന്നുകളയുകയും ചെയ്തു. ഏതാനും ദിവസം മുമ്പാണ് മഹേന്ദ്രൻ നായർ ബീച്ച് ഹോസ്പിറ്റലിലേക്ക് സ്ഥലം മാറ്റം കിട്ടിയെത്തിയത്. സംഭവത്തിലെ വീഴ്ച ചൂണ്ടിക്കാട്ടി മുസ്ലിം യൂത്ത് ലീഗ് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ബീച്ച് ആശുപത്രി സൂപ്രണ്ടിനെ ഉപരോധിച്ചു.

## ക്രൗഡ് സ്ട്രൈക്ക് നിശ്ചലം; വിമാന സർവീസുകൾ റദ്ദാക്കി

നെടുമ്പാശേരി: മൈക്രോ സോഫ്റ്റിന് സുരക്ഷ ഒരുക്കിയ ക്രൗഡ് സ്ട്രൈക്ക് നിശ്ചലമായത് നെടുമ്പാശേരിയിൽ നിന്നുള്ള വിമാന സർവീസുകളേയും ബാധിച്ചു. നെടുമ്പാശേരിയിൽ നിന്നുള്ള 13 വിമാന സർവീസുകൾ റദ്ദാക്കി. എട്ട് വിമാനങ്ങൾ വൈകിയാണ് സർവീസ് നടത്തിയത്. ഇൻഡിഗോ വിമാനങ്ങളെയാണ് കൂടുതൽ രൂക്ഷമായി ബാധിച്ചത്. എയർ ഇന്ത്യ എക്സ്പ്രസിന്റെ ഒരു രാജ്യാന്തര സർവീസും ആകാശ് എയറിന്റെ ഒരു ആഭ്യന്തര സർവീസും വൈകി. ഇൻഡിഗോയുടെ മൂന്ന് ഹൈദരാബാദ് സർവീസുകളും, മൂന്ന് ബംഗളരു സർവീസുകളും ഇവയുടെ മടക്കയാത്രയും എയർ ഇന്ത്യ എക്സ്പ്രസിന്റെ ഒരു ബംഗളൂരു സർവീസുമാണ് റദ്ദാക്കിയത്. ഇൻഡിഗോയുടെ ഓരോ മുംബൈ ബംഗളരു, ഹൈദരാബാദ്, ചെന്നൈ, കണ്ണൂർ, അഹമ്മദാബാദ് വിമാനങ്ങളും എയർ ഇന്ത്യ എക്സ്പ്രസിന്റെ ദുബായ് വിമാനവും ആകാശ് എയറിന്റെ മുംബൈ വിമാനവുമാണ് വൈകിയത്.

## തദ്ദേശ പ്രതിസന്ധി: മുസ്ലിംലീഗ് ജനപ്രതിനിധികളുടെ കലക്ടറേറ്റ് ധർണ ഇന്ന്

കോഴിക്കോട്: തദ്ദേശസ്ഥാപനങ്ങൾക്കുള്ള ബജറ്റ് വിഹിതം തടഞ്ഞ സർക്കാർ നിലപാടിനെതിരെ ലോക്കൽ ഗവൺമെന്റ് മെമ്പേഴ്സ് ലീഗിന്റെ ആഭിമുഖ്യത്തിൽ ഇന്ന് കലക്ടറേറ്റ് ധർണ നടക്കും. സർക്കാറിന്റെ സാമ്പത്തിക കുരുക്ക് മൂലം തദ്ദേശഭരണം ഗുരുതര പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിലാണ് ജനപ്രതിനിധികൾ പ്രക്ഷോഭ രംഗത്തിറങ്ങിയത്.

മുസ്ലിം ലീഗ് ദേശീയ ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടി മലപ്പുറത്തും സംസ്ഥാന ജനറൽ സെക്രട്ടറി പി.എം.എ സലാം കണ്ണൂരിലും സംസ്ഥാന ട്രഷറർ സി.ടി അഹമ്മദലി കാസർകോടും ധർണ ഉദ്ഘാടനം ചെയ്യും. ഇടുക്കിയിൽ മുസ്ലിംലീഗ് സംസ്ഥാന വൈസ് പ്രസിഡണ്ട് ടി.എം സലിം, തിരുവനന്തപുരത്ത് സംസ്ഥാന വൈസ് പ്രസിഡണ്ട് സി.പി ബാവ ഹാജി, തൃശൂരിൽ വൈസ് പ്രസിഡണ്ട് സി.എച്ച് റഷീദ്, പാലക്കാട് സംസ്ഥാന സെക്രട്ടറി അഡ്വ. എൻ. ഷംസുദ്ദീൻ എം.എൽ. എ, എറണാകുളത്ത് സെക്രട്ടറി അഡ്വ. മുഹമ്മദ് ഷാ, ആലപ്പുഴയിൽ എൽ. ജി.എം.എൽ സംസ്ഥാന പ്രസിഡണ്ട് കെ ഇസ്മാഈൽ മാസ്റ്റർ, കോട്ടയത്ത് മുസ്ലിം ലീഗ് ജില്ലാ പ്രസിഡണ്ട് അസീസ് ബഡായി, കൊല്ലത്ത് ജില്ലാ പ്രസിഡണ്ട് നൗഷാദ് യൂനുസ് ഉദ്ഘാടനം നിർവഹിക്കും. വയനാട്ടിൽ കാലവർഷക്കെടുതി രൂക്ഷമായ സാഹചര്യത്തിലും കോഴിക്കോട് പ്ലസ്ടു അധിക ബാച്ചുകൾ ആവശ്യപ്പെട്ട് ഡോ. എം.കെ മുനീർ എം.എൽ.എയുടെ അനിശ്ചിതകാല സത്യഗ്രഹം നടക്കുന്ന സാഹചര്യത്തിലും പരിപാടി മറ്റൊരു തിയ്യതിയിലേക്ക് മാറ്റിവെച്ചു.



തിരുവനന്തപുരത്ത് മസ്കറ്റ് ഹോട്ടലിൽ നടന്ന ഉമ്മൻ ചാണ്ടി ലീഡർഷിപ്പ് സമ്മിറ്റ് പ്രതിപക്ഷ ഉപനേതാവ് പി.കെ കുഞ്ഞാലിക്കുട്ടി ഉദ്ഘാടനം ചെയ്യുന്നു. മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ, ചാണ്ടി ഉമ്മൻ തുടങ്ങിയവർ സമീപം

## വ്ളോഗർ അറസ്റ്റിൽ

പാലക്കാട്: നിയമവിരുദ്ധമായി തോക്ക് കൈവശംവച്ച കേസിൽ വ്ളോഗർ വിക്കി തഗ് എന്ന വിഘ്നേഷ് വേണു അറസ്റ്റിൽ. 2022ൽ പാലക്കാട് ചന്ദ്രനഗറിൽ എക്സൈസ് സംഘത്തിന്റെ വാഹന പരിശോധനക്കിടെ കാറിൽനിന്ന് 20 ഗ്രാം മെത്താഫിറ്റമിനും, കത്തി, തോക്ക് എന്നിവയുമായി വിക്കിയെയും സുഹൃത്തും നിയമ വിദ്യാർഥിയുമായ കായംകുളം ഓച്ചിറ കൃഷ്ണപുരം കൊച്ചുമുറി എസ്.വിനീതിനെയും പിടികൂടിയിരുന്നു. ഈ സംഭവത്തെ തുടർന്ന് നിയമവിരുദ്ധമായി ആയുധം കൈവശംവെച്ചതിന് കസബ പൊലീസ് രജിസ്റ്റർ ചെയ്ത കേസിലാണ് വ്ളോഗർ ഉൾപ്പടെ അറസ്റ്റിലായത്. ബംഗ്ലൂരുവിൽ നിന്ന് കൊച്ചിയിലേക്കുള്ള യാത്രക്കിടെയാണ് ഡാഷ്ബോർഡിൽ നിന്ന് ആയുധങ്ങളും ഗിയർ ലിവറിന് താഴെ ലഹരി വസ്തുക്കളുമായി പ്രതികൾ പിടിയിലായത്. ലഹരിക്കടത്ത് കേസിൽ ഇരുവർക്കും ജാമ്യം കിട്ടി. ആയുധം കൈവശം വച്ചതിന് കസബ പൊലീസെടുത്ത കേസിൽ പ്രതികൾ മുൻകൂർ ജാമ്യത്തിന് കോടതിയിൽ അപേക്ഷ നൽകിയെങ്കിലും നിരസിച്ചിരുന്നു.